കേരള സർക്കാർ

# നവകേരളം കർമപദ്ധതി

## പ്രവർത്തന റിപ്പോർട്ട്

## 2024 ഒക്ടോബർ

## ഉള്ളടക്കം


| | |
|---|---|
| ഹരിത കേരളം മിഷൻ | 7 |
| ലൈഫ് മിഷൻ | 39 |
| വിദ്യാകിരണം | 42 |
| ആർദ്രം മിഷൻ | 46 |
| മോണിറ്ററിങ് & ഇവാല്യുവേഷൻ | 56 |

## പ്രവർത്തന പുരോഗതി ഒറ്റ നോട്ടത്തിൽ

| പ്രവർത്തനങ്ങൾ | സെപ്റ്റംബർ വരെ | ഒക്ടോബർ | ആകെ |
|---|---|---|---|
| **ജലസംരക്ഷണം പ്രവർത്തനങ്ങൾ** | | | |
| സ്ഥാപിച്ച ജലഗുണനിലവാര നിർണ്ണയ ലാബുകൾ (എണ്ണം) | | | 321 |
| ലാബുകൾ നടത്തിയ പരിശോധനകൾ എണ്ണത്തിൽ | 29,228 | 796 | 30,024 |
| പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ (കി.മി) | 35874.7 | 740.9 | 36615.6 |
| പുനരുജ്ജീവിപ്പിച്ച കുളങ്ങൾ എണ്ണത്തിൽ | 3602 | 71 | 3673 |
| നിർമ്മിച്ച കുളങ്ങൾ എണ്ണത്തിൽ | 5207 | 74 | 5281 |
| റീചാർജ് ചെയ്ത കിണറുകൾ എണ്ണത്തിൽ | 9076 | 92 | 9168 |
| നിർമ്മിച്ച കിണറുകൾ എണ്ണത്തിൽ | 17808 | 145 | 17953 |
| നിർമ്മിച്ച സ്ഥിര തടയണകൾ എണ്ണത്തിൽ | 673 | 25 | 698 |
| നിർമ്മിച്ച താൽക്കാലിക തടയണകൾ എണ്ണത്തിൽ | 65,060 | 1710 | 66770 |
| ജല ബജറ്റിനായി തിരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകൾ (*ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുത്ത 94 റിപ്പോർട്ടുകൾ ഉൾപ്പെടെ) | | | 657 |
| ജല ബജറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ച ഗ്രാമ പഞ്ചായത്തുകൾ (എണ്ണം) (*ആദ്യ ഘട്ടത്തിൽ പ്രസിദ്ധീകരിച്ച 94 റിപ്പോർട്ടുകൾ ഉൾപ്പെടെ) | 321 | 5 | 326 |
| മാപത്തോൺ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്ത പഞ്ചായത്തുകൾ | | | 230 |
| മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച പഞ്ചായത്തുകൾ | 215 | | 215 |
| മാപത്തോൺ നീർച്ചാൽ പുനരുജ്ജീവനം (കിമീ) | 1837.417 | 284.42 | 2121.837 |
| ജലം പ്രയോജനപ്പെടുത്താൻ ലക്ഷ്യം ഇട്ടിട്ടുള്ള പാറ ക്വാറികളുടെ എണ്ണം. | | | 286 |
| **കാർഷിക പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ** | | | |
| സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ എണ്ണം | 3521 | 30 | 3551 |
| പച്ചത്തുരുക്കളുടെ ആകെ വിസ്തൃതി (ഏക്കറിൽ) | 1062.89 | 10.01 | 1072.91 |
| തരിശുരഹിത ഗ്രാമം പദ്ധതി - നടത്തുന്ന പഞ്ചായത്തുകൾ | | | 164 |
| തരിശുരഹിത ഗ്രാമമായി പ്രഖ്യാപിച്ച ഗ്രാമപഞ്ചായത്തുകൾ | 9 | | 9 |
| ഹരിതസമൃദ്ധി വാർഡായി തിരഞ്ഞെടുത്ത വാർഡുകൾ | | | 2397 |
| ഹരിതസമൃദ്ധി വാർഡായി പ്രഖ്യാപിച്ച വാർഡുകൾ | 796 | 73 | 869 |
| ദേവഹരിതം കൃഷി നടത്തുന്ന ആരാധനാലയങ്ങൾ | | | 72 |
| സ്ഥാപനതല കൃഷി നടന്നു വരുന്ന സ്ഥാപനങ്ങൾ | | | 66 |
| **ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ** | | | |
| ഹരിത ടൂറിസം കേന്ദ്രമായി മാറ്റുന്നതിന് തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ | | | 139 |
| ഹരിത സ്ഥാപനമായി മാറ്റുന്നതിന് തിരഞ്ഞെടുത്ത സ്ഥാപനങ്ങൾ | | | 53636 |
| ശുചിത്വ പദവിക്ക് യോഗ്യമായ ഹരിതസ്ഥാപനങ്ങൾ | | | 18561 |
| പ്രഖ്യാപനം നടത്തിയ ഹരിതസ്ഥാപനങ്ങൾ | | | 10419 |
| നെറ്റ് സീറോ കാർബൺ - പ്രവർത്തനങ്ങൾ നടക്കുന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | | | 132 |

# പ്രവർത്തന റിപ്പോർട്ട്

നവകേരളം കർമപദ്ധതി-II ന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനത്തോടെ ഹരിതകേരളം മിഷൻ, ലൈഫ് മിഷൻ, വിദ്യാകിരണം, ആർദ്രം മിഷൻ എന്നിവയുടെ 2024 ഒക്ടോബർ മാസത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ അവലോകനം ഉൾപ്പെടുത്തിയ റിപ്പോർട്ടാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

## ഹരിത കേരളം മിഷൻ

ഹരിത കേരളം മിഷന്റെ പ്രവർത്തന മേഖലകളിൽ സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മിഷൻ ഏകോപിപ്പിക്കുന്നുണ്ട്. വിവിധ വകുപ്പുകളും ഏജൻസികളും പ്രവർത്തന മേഖലയിലെ വിദഗ്ധരും ചേർന്നാണ് ഇത്തരം പദ്ധതികൾ യാഥാർഥ്യമാക്കുന്നത്. ജനജീവിതത്തിൽ പ്രകടമായ മാറ്റം സൃഷ്ടിക്കുന്നതിനും പ്രാദേശിക തലത്തിൽ വരുമാന വർധനവിനും സഹായകരമായ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്.

## ഹരിത കേരളം മിഷൻ- പ്രവർത്തനങ്ങൾ

### 1. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ

ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറച്ച് 2050-ൽ കേരളത്തെ നെറ്റ് സീറോ കാർബൺ അവസ്ഥയിൽ എത്തിക്കുവാനുള്ള പ്രവർത്തനങ്ങൾക്കായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിൻ പ്രവർത്തനങ്ങൾ സംസ്ഥാനത്തു 2023 മേയ് മാസം മുതൽ നടന്നു വരികയാണ്.

| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ | |
|---|---|
| **നെറ്റ് സീറോ കാമ്പയിനു വേണ്ടി തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ** | **132** |
| **നെറ്റ്സീറോ-അംഗൻജ്യോതിയിൽ ഉൾപ്പെടുത്താൻ വേണ്ടി തിരഞ്ഞെടുത്ത അങ്കണവാടികൾ** | **2420** |
| **ഊർജ്ജ ഓഡിറ്റിനായി തിരഞ്ഞെടുത്ത സർക്കാർ സ്ഥാപനങ്ങൾ** | **1534** |
| **കുഞ്ഞൻ (പിക്കോ) ജലവൈദ്യുത പദ്ധതികൾക്കായി കണ്ടെത്തിയ ജലസ്രോതസ്സുകൾ** | **23** |
| **മാതൃകാ ഊർജ കാര്യക്ഷമതാ സ്ഥാപനങ്ങൾ** | **85** |
| **മാതൃകാ നെറ്റ് സീറോ കാർബൺ സ്കൂളുകൾ** | **14** |
| **മാതൃകാ ഊർജ കാര്യക്ഷമതാ സ്കൂളുകൾ** | **84** |
| **ഗ്രീൻ ടെക്നീഷ്യൻമാർക്ക് റിപ്പയറിങ്ങിലും മെയിന്റനൻസിലുമുള്ള പരിശീലനം.** | **109** |
| **ഊർജ്ജ സംരക്ഷണത്തിൽ പരിശീലനം ലഭിച്ച അധ്യാപകർ.** | **424** |

കാർബൺ ബഹിർഗമനത്തിന്റെയും കാർബൺ ശേഖരണത്തിന്റെയും അളവുകൾ കണ്ടുപിടിച്ച് കാർബൺ തുലിതാവസ്ഥ കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ഒരു ജില്ലയിൽ നിന്ന് കുറഞ്ഞത് 5 ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി ഒന്നാം ഘട്ടത്തിൽ 91 ഗ്രാമപഞ്ചായത്തുകളും വടകര നഗരസഭയെയും ചേർത്ത് ആകെ 92 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ കൊയിലാണ്ടി നഗരസഭ ഉൾപ്പെടെ 40 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. എറണാകുളം ജില്ലയിൽ വൈപ്പിൻ പ്രദേശത്ത് ഗോശ്രീ ദ്വീപ് വികസന അതോറിട്ടി (GIDA)യുടെ സഹകരണത്തോടെ 8 ഗ്രാമപഞ്ചായത്തുകളേയും നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനിൽ ഉൾപ്പെടുത്തി. നിലവിൽ 132 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനു വേണ്ടി തിരഞ്ഞെടുത്തിട്ടുണ്ട്. കേരളത്തിലെ 13% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിൻ പ്രവർത്തനങ്ങൾ നടന്നു വരുന്നു. പ്രാരംഭ ശിൽപ്പശാല, സാങ്കേതിക വിദഗ്ധരുടെ (കോർ ഗ്രൂപ്പ്) ശിൽപ്പശാല, കാർബൺ എമിഷൻ കണ്ടുപിടിക്കുന്നതിനുള്ള

സർവ്വേ, പരിശീലകരുടെ പരിശീലനം, തദ്ദേശ സ്വയംഭരണ സ്ഥാപനതല ശിൽപ്പശാലകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. കാമ്പയിൻ മാർഗ്ഗരേഖയോടൊപ്പം ഇത്തരം ശില്പശാല/യോഗങ്ങളിൽ ഉരുത്തിരിഞ്ഞ നിർദേശങ്ങളും ഉൾകൊള്ളിച്ചു നെറ്റ് സീറോ തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിവിധ വുകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ ഒരു ആക്ഷൻ പ്ലാനും പ്രവർത്തന കലണ്ടർ തയ്യാറാക്കുകയും ആയതിനു അനുസ്രുതമായ പ്രവർത്തങ്ങൾ നടത്തിവരുന്നു. നെറ്റ് സീറോ ആക്ഷൻ പ്ലാനിലെ പ്രവർത്തനങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പ്ലാനിൽ ഉൾകൊള്ളിക്കുവാനുള്ള ഇടപെടലുകളും നടത്തുന്നുണ്ട്. എനർജി മാനേജ്മെന്റ് സെന്ററുമായി യോജിച്ചു ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളും, മില്ലറ്റ് മിഷനുമായി ചേർന്നു മില്ലറ്റ് കൃഷി വ്യാപനവും ഇതോടൊപ്പം നടന്നു വരുന്നു.

| പ്രവർത്തനം നടന്ന മാസം | നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - ഒക്ടോബർ മാസത്തെ പ്രവർത്തനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | ശിൽപ്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ഒക്ടോബർ | 24 | 49 | 76 | 301 | 424 | 0 | 0 | 4 | 180 | 145 | 359 |
| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - പഞ്ചായത്ത് തല കോർഗ്രൂപ്പ് യോഗം | | | | | | | | | | | |
| ഒക്ടോബർ | 3 | 4 | 8 | 12 | 24 | 0 | 0 | 0 | 0 | 16 | 31 |

- കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമപഞ്ചായത്തിലെ 4 വാർഡുകളിൽ ഊർജ്ജ സംരക്ഷണ ക്ലാസ്സുകൾ സംഘടിപ്പിച്ചു.
- ആലപ്പുഴ ജില്ലയിൽ വയലാർ ഗ്രാമപഞ്ചായത്തിൽ തരിശുഭൂമി കൃഷിയോഗ്യമാക്കൽ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം വയലാർ പഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു. കൂടാതെ നാലാം വാർഡ് മിനി എംസിഎഫ് ഉദ്ഘാടനം മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിനോട് അനുബന്ധിച്ച് നടന്നു.
- ആലപ്പുഴ ജില്ലയിൽ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിൽ ഡീപ് ക്ലീനിങ് യൂണിറ്റിന്റെയും മിനി എംസിഎഫിന്റെയും പ്രവർത്തനസജ്ജമാക്കിയ ഏറോബിക് യൂണിറ്റിന്റെയും ഉദ്ഘാടനം പ്രസിഡന്റ് നിർവഹിച്ചു. നീലംപേരൂർ ഗ്രാമപഞ്ചായത്തിൽ മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി എല്ലാ വാർഡുകളിലും ജീ ബിൻ വിതരണം ചെയ്തു.
- ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മസേന അംഗങ്ങളുടെ നേതൃത്വത്തിൽ LED റിപ്പയർ ക്ലിനിക്കും ബൾബ് നിർമ്മാണ യൂണിറ്റിനും തുടക്കം കുറിച്ചു. ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു.
- എറണാകുളം ജില്ലയിൽ ഗോശ്രീ പദ്ധതിയുടെ ഭാഗമായി ജിഡാ സെക്രട്ടറിയുമായി ഒക്ടോബർ മാസത്തിൽ ചർച്ച നടത്തി. കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വാർഡ് 12 ൽ നെറ്റ് സീറോ സർവ്വേ പൂർത്തികരിച്ചു.
- കണ്ണൂർ ജില്ലയിൽ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ വാദിഹുദ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസ് (WIRAS) കോളേജിനെ മുൻ മന്ത്രി പി.കെ.ശ്രീമതി ഹരിത കലാലയ പദവി നൽകി. കോളേജിലെ ഗ്രീൻ ബ്രിഗേഡ് പ്രവർത്തന ഉദ്ഘാടനം ഹരിത കേരളം ജില്ലാ മിഷൻ കോ-ഓഡിനേറ്റർ നിർവ്വഹിച്ചു. മഴ വെള്ളം റീചാർജ്ജിങ്, മാലിന്യസംസ്കരണ ഉപാധികൾ, സോളാർ പാനൽ സ്ഥാപനം എന്നിവ നടത്തി നെറ്റ് സീറോ കാർബൺ ക്യാമ്പസ് ലക്ഷ്യം കൈവരിക്കുന്നതിനാണ് ഹരിത കലാലായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്.
- കണ്ണൂർ ജില്ലയിലാണ് ഊർജ്ജ സംരക്ഷണ ക്ലാസ്സുകൾ ഏറ്റവും അധികം നടന്നിട്ടുള്ളത്. ജില്ലയിൽ ആകെ നടന്ന 1293 ഊർജ്ജ സംരക്ഷണ ക്ലാസ്സുകളിൽ 29296 പേരുടെ പങ്കാളിത്തം ഉണ്ടായിരുന്നു.
- കണ്ണൂർ ജില്ലയിൽ 10 തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലായി 158.5 ഏക്കർ വിസ്തൃതിയിൽ മില്ലറ്റ് കൃഷി ആരംഭിച്ചു. ചോളം, മുത്താറി, റാഗി, മണി, എള്ള്, തിന, ചാമ എന്നി മില്ലറ്റ് ഇനങ്ങളാണ് ഇവിടെ കൃഷി ചെയ്യുന്നത്.

❖ കാസർഗോഡ് ജില്ലയിലെ ഗതാഗതമേഖലയിൽ 2 ഊർജ്ജസംരക്ഷണ ക്ലാസുകൾ നടന്നു. കാമ്പയിനിൽ പുതുതായി ഉൾപ്പെട്ട കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിൽ ഊർജ്ജസംരക്ഷണം ക്ലാസുകൾ, സർവ്വെ എന്നിവ നവംബർ മാസം ആരംഭിക്കും. ജില്ലയിൽ ആകെ 252 ഊർജ്ജസംരക്ഷണ ക്ലാസുകൾ നടന്നു. അംഗൻവാടിതലത്തിലാണ് ക്ലാസുകൾ നടന്നത്.

## 2. ജലസംരക്ഷണ പ്രവർത്തനങ്ങൾ

കേരളത്തിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ജല സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടക്കുന്നുണ്ട്.

സർക്കാരിന്റെ തീരുമാനമനുസരിച്ച് 50,000 കിലോമീറ്റർ തോടുകളും 2000 കിലോമീറ്റർ പുഴകളും പുതുതായി വൃത്തിയാക്കി കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കുമെന്നും, ഇതിനായി തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്തുമെന്നും വാഗ്ദാനം നൽകിയിരുന്നു.

**ജല സംരക്ഷണ പ്രവർത്തനങ്ങൾ - പ്രവർത്തന പുരോഗതി (2021 ഏപ്രിൽ മുതൽ 2024 ഒക്ടോബർ മാസം വരെ)**

| ജില്ലകൾ | പുനരുജ്ജീവിപ്പിച്ച നീർച്ചാലുകളുടെ നീളം | പുനരുജ്ജീവിപ്പിച്ച കുളങ്ങൾ | നിർമിച്ച കുളങ്ങൾ | റീചാർജ് ചെയ്ത കിണറുകൾ | നിർമിച്ച കിണറുകൾ | നിർമ്മിച്ച സ്ഥിരം തടയണകൾ | നിർമ്മിച്ച താൽക്കാലിക തടയണകൾ |
|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 5322.33 | 589 | 474 | 852 | 3199 | 104 | 15107 |
| കൊല്ലം | 4345.71 | 192 | 443 | 693 | 3439 | 8 | 15029 |
| പത്തനംതിട്ട | 1521.04 | 189 | 202 | 564 | 902 | 29 | 4135 |
| ആലപ്പുഴ | 1513.06 | 79 | 47 | 207 | 281 | 18 | 1694 |
| കോട്ടയം | 1377.99 | 56 | 255 | 448 | 567 | 18 | 1885 |
| ഇടുക്കി | 1562.43 | 203 | 242 | 279 | 311 | 54 | 1444 |
| എറണാകുളം | 2767.31 | 179 | 290 | 823 | 522 | 22 | 0 |
| തൃശൂർ | 1786.26 | 144 | 135 | 379 | 1016 | 12 | 42 |
| പാലക്കാട് | 6589.75 | 736 | 854 | 616 | 1496 | 16 | 10995 |
| മലപ്പുറം | 1544.16 | 324 | 468 | 198 | 1931 | 100 | 1045 |
| കോഴിക്കോട് | 1884.86 | 206 | 172 | 403 | 1014 | 45 | 237 |
| വയനാട് | 1980.67 | 86 | 751 | 109 | 360 | 94 | 1825 |
| കണ്ണൂർ | 2658.08 | 531 | 514 | 2750 | 1550 | 109 | 10681 |
| കാസർഗോഡ് | 1762.01 | 159 | 434 | 847 | 1365 | 69 | 2651 |
| ആകെ | 36615.65 | 3673 | 5281 | 9168 | 17953 | 698 | 66770 |

ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ ഇടപെടലുകളിലൂടെ 2021 ഏപ്രിൽ മുതൽ 2024 ഒക്ടോബർ മാസം വരെ ജലസംരക്ഷണം പ്രവർത്തനങ്ങളുടെ ഭാഗമായി 36615.65 കിലോമീറ്റർ നീർച്ചാലുകളും 3673 കുളങ്ങളും പുനരുജ്ജീവിപ്പിച്ചു. *(കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ (5 വർഷം) പുനരുജ്ജീവിപ്പിച്ച 45,736 കി.മീ. കൂടി ഉൾപ്പെടുത്തിയാൽ ആകെ 82351.65 കി.മീ. നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്).* 5281 പുതിയ കുളങ്ങൾ നിർമ്മിച്ചു. നീർച്ചാലുകളിൽ ജലസംഭരണം സാധ്യമാക്കുന്നതിനായി 698 സ്ഥിരം തടയണകളും 66770 താൽക്കാലിക തടയണകളും നിർമ്മിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തിയാണ് ഈ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്.

സർക്കാരിന്റെ പ്രകടന പത്രികയിൽ കിണറുകളുടെ സംരക്ഷണത്തിന് പ്രത്യേക പ്രാധാന്യം നൽകും എന്നും കിണറുകൾ ശുദ്ധീകരിക്കുമെന്നും മഴക്കാലത്ത് റീചാർജ്ജ് ചെയ്യുന്നതിനു നടപടിയെടുക്കും എന്നും വാഗ്ദാനം നൽകിയിരുന്നു. ഹരിത കേരളം മിഷന്റെ ഇടപെടലുകളിലൂടെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 9168 കിണറുകൾ റീർച്ചാർജ്ജ് ചെയ്യുകയും, 17953 കിണറുകൾ നിർമ്മിക്കുകയും ചെയ്തു. ഏറ്റവും കൂടുതൽ കിണറുകൾ നിർമ്മിച്ചിട്ടുള്ളത് കൊല്ലം (3439 എണ്ണം), തിരുവനന്തപുരം (3199 എണ്ണം) ജില്ലകളിലാണ്. കൂടുതൽ കിണറുകൾ റീചാർജ്ജിങ് ചെയ്തിട്ടുള്ളത് കണ്ണൂർ ജില്ലയിലാണ് (2750).

ജലസംരക്ഷണം പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി ഒക്ടോബർ മാസത്തിൽ 740.9 കിലോമീറ്റർ നീർച്ചാലുകളും 71 കുളങ്ങളും പുനരുജ്ജീവിപ്പിക്കുകയും 74 പുതിയ കുളങ്ങൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഒക്ടോബർ മാസത്തിൽ 92 കിണറുകൾ റീചാർജ്ജ് ചെയ്തിട്ടുണ്ട്. 145 പുതിയ കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. ജലസംഭരണം സാധ്യമാക്കുന്നതിനായി റിപ്പോർട്ട് മാസത്തിൽ 25 സ്ഥിരം തടയണകളും 1710 താൽക്കാലിക തടയണകളും നിർമ്മിച്ചു.

പാലക്കാട്, തിരുവനന്തപുരം, കൊല്ലം, ജില്ലകളിൽ ഏറ്റവും കൂടുതൽ നീളം നീർച്ചാൽ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. പാലക്കാട്, വയനാട് ജില്ലകളിലാണ് ഏറ്റവും കൂടുതൽ കുളങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

- ❖ ആലപ്പുഴ ജില്ലയിൽ ചേർത്തല തെക്ക്, തകഴി, തലവടി, കരുവാറ്റ, കുമാരപുരം, പള്ളിപ്പാട്, എന്നിവിടങ്ങളിലായി 24 നീർച്ചാലുകൾ 8.95 km നീളത്തിൽ പുനരുജീവിപ്പിച്ചിട്ടുണ്ട്. പുന്നപ്ര വടക്കിൽ ഒരു കിണർ റീചാർജിങ്ങും, മാവേലിക്കര തെക്കേക്കരയിൽ ഒരു കിണർ നിർമ്മാണവും നടന്നു. മുളക്കുഴ ഗ്രാമപഞ്ചായത്തിൽ 300 തടയണങ്ങൾ നിർമ്മിച്ചു.
- ❖ തൃശൂർ ജില്ലയിൽ 53.92 കി.മി നീളത്തിൽ നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു ഇതോടൊപ്പം 4 കുളം, 4 കിണറുകളും നിർമിച്ചിട്ടുണ്ട്. 13 കിണറുകൾ റീചാർജ് ചെയ്തു.
- ❖ കണ്ണൂർ ജില്ലയിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 62 നീർച്ചാലുകൾ (25.4 കി.മീ) പുനരുജ്ജീവിപ്പിച്ചു. ഇതോടൊപ്പം 8 കുളങ്ങളും 26 കിണറുകളും 19 താൽക്കാലിക തടയണകളും റിപ്പോർട്ട് മാസം നിർമിച്ചിട്ടുണ്ട്.
- ❖ കാസർഗോഡ് ജില്ലയിൽ ഒക്ടോബർ മാസം 1.95 കി.മീ നീളത്തിൽ 7 നീർച്ചാൽ പുനരുജ്ജീവനവും 4 പുതിയ കുളങ്ങളും 9 കിണറുകളുടെ റീചാർജ്ജിഗും നടന്നു.

## 3. ജല ബജറ്റ് - ജലസുരക്ഷ പ്ലാൻ

സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമായ ജല സുരക്ഷാ പ്ലാനുകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇന്ത്യയിൽ ആദ്യമായി തദ്ദേശ ഭരണ സ്ഥാപന തലത്തിൽ ജല ബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം നടന്നു വരുന്നു. എല്ലാ ജില്ലകളിലെയും ഓരോ ബ്ലോക്കിലും ഉൾപ്പെട്ട 94 ഗ്രാമപഞ്ചായത്തുകളിൽ 2023-ൽ ജലബജറ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ഇത് കൂടാതെ രണ്ടാം ഘട്ടത്തിൽ 232 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ റിപ്പോർട്ട് അവതരണവും പ്രസിദ്ധീകരണവും നടത്തിയിട്ടുണ്ട്. ആകെ 326 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2024 ഒക്ടോബർ മാസം വരെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

| ജല ബജറ്റ് | | |
|---|---|---|
| ജില്ല | തിരഞ്ഞെടുത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എണ്ണം | റിപ്പോർട്ട് അവതരണം പൂർത്തിയായത് |
| തിരുവനന്തപുരം | 73 | 8 |
| കൊല്ലം | 52 | 32 |
| പത്തനംതിട്ട | 17 | 10 |
| ആലപ്പുഴ | 16 | 7 |
| കോട്ടയം | 71 | 9 |
| ഇടുക്കി | 29 | 13 |
| എറണാകുളം | 37 | 11 |
| തൃശൂർ | 35 | 17 |
| പാലക്കാട് | 49 | 30 |
| മലപ്പുറം | 94 | 16 |
| കോഴിക്കോട് | 77 | 69 |
| വയനാട് | 26 | 26 |
| കണ്ണൂർ | 40 | 40 |
| കാസർഗോഡ് | 41 | 38 |
| ആകെ | 657 | 326 |

കണ്ണൂർ ജില്ലയിലെ രണ്ടും പത്തനംതിട്ട ജില്ലയിലെ മൂന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2024 ഒക്ടോബർ മാസം റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ജലബജറ്റ് പൂർത്തീകരിക്കുവാൻ 331 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തനങ്ങൾ ഊർജിതമായി നടന്നു വരുന്നു. ഇവകൂടി പൂർത്തീകരിക്കുന്നതോടെ കേരളത്തിലെ 657 ഗ്രാമ പഞ്ചായത്തുകളിലും (63.54%) ജലബജറ്റാകും എന്നത് ശ്രദ്ധേയമാണ്. കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജല ബജറ്റ് നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്.

ജലബജറ്റിൽ നിന്നും ജലസുരക്ഷ പ്ലാനിലേക്ക് സംസ്ഥാനത്തെ മാറ്റുന്നതിനുള്ള പ്രവർത്തനമാണ് നടന്നു വരുന്നത്. ജലബജറ്റ് റിപ്പോർട്ട് പൂർത്തീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഭരണസമിതിയുടെ മുൻപിൽ റിപ്പോർട്ട് അവതരിപ്പിച്ച് ജനപ്രനിധികളുടെയും വിദഗ്ധരുടെയും അഭിപ്രായം കൂടി സ്വരൂപിച്ച ശേഷം രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി പഞ്ചായത്തുതല ആക്ഷൻ പ്ലാൻ തയാറാക്കിയിട്ടുണ്ട്. നീരുറവിന്റെ മാസ്റ്റർ പ്ലാനുമായി സംയോജിപ്പിച്ചിട്ടുള്ള പ്രവർത്തനങ്ങളാണ് രണ്ടാം ഘട്ടത്തിൽ നടന്നു വരുന്നത്. രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ മുന്നോടിയായി ബ്ലോക്ക് ഗ്രാമപഞ്ചായത്തുതല സംഘാടക സമിതി രൂപീകരിച്ചു യോഗങ്ങൾ കൂടിയിട്ടുണ്ട്.

### 3.1 ജലബജറ്റ് പ്രവർത്തനപുരോഗതി

- ❖ കൊല്ലം ജില്ലയിൽ ആദ്യഘട്ടത്തിൽ ജലബജറ്റ് പൂർത്തീകരിച്ച മുഖത്തല ബ്ലോക്ക് പഞ്ചായത്തിലും രണ്ടാംഘട്ടത്തിൽ പൂർത്തീകരിച്ച വെട്ടിക്കവല, കൊട്ടാരക്കര ബ്ലോക്ക്പഞ്ചായത്തുകളിലും കൊട്ടാരക്കര നഗരസഭയിലും ജലബജറ്റിൽ നിന്ന് ജലസുരക്ഷയിലേക്ക് ക്യാമ്പയിൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. മുഖത്തല ബ്ലോക്ക്പഞ്ചായത്തിലെ 5 ഗ്രാമപഞ്ചായത്തുകളിലും മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട ഓരോ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഇറിഗേഷൻ വകുപ്പ് തയ്യാറാക്കി അനുമതിക്കായി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.
- ❖ കൊല്ലം ജില്ലയിലെ കൊട്ടാരക്കര നിയോജക മണ്ഡലം സമഗ്ര വികസനവുമായി ബന്ധപ്പെട്ട് മണ്ഡലത്തിലെ 8 തദ്ദേശ സ്ഥാപനങ്ങളിലും ഓരോ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ഇറിഗേഷൻ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മുഖത്തല ബ്ലോക്കിൽ നെടുമ്പന ഗ്രാമപഞ്ചായത്തിലെ നല്ലില തോടിൽ മൈനർ ഇറിഗേഷൻ വകുപ്പ് ഡിസിൽറ്റിംഗ് വർക്ക് ആരംഭിച്ചു.
- ❖ പത്തനംതിട്ട ജില്ലയിൽ മെഴുവേലി, റാന്നി പഴവങ്ങാടി, വടശ്ശേരിക്കര എന്നീ ഗ്രാമപഞ്ചായത്തുകളിലെ ജലബജറ്റ് പ്രകാശനം നടന്നു.
- ❖ ആലപ്പുഴ ജില്ലയിൽ തൈക്കാട്ടുശ്ശേരി ബ്ലോക്കിലെ 5 പഞ്ചായത്തുകളിലും ഭരണിക്കാവ് ബ്ലോക്കിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിലും ജല ബഡ്ജറ്റ് പ്രകാശനം ചെയ്യാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.
- ❖ എറണാകുളം ജില്ലയിലെ ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനു കിണർ റീചാർജ്ജ് ചെയ്യുവാൻ ചോറ്റാനിക്കര 7 ആം വാർഡ് തിരഞ്ഞെടുത്തു.
- ❖ പാലക്കാട് ജില്ലയിൽ നെന്മാറ ബ്ലോക്കിലെ 7 ഗ്രാമപഞ്ചായത്തുകളിലും ഗ്രാമപഞ്ചായത്ത് തല കൺവെൻഷനുകൾ സംഘടിപ്പിക്കുകയും വിവരശേഖരണം പൂർത്തീകരിക്കുകയും ചെയ്തു. നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിലെ വിവരശേഖരണം ഒക്ടോബർ മാസത്തിൽ നടത്തി. നെന്മാറ ബ്ലോക്കിന്റെയും 7 ഗ്രാമപഞ്ചായത്തുകളുടെയും കരട് റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തനം നടന്നു വരുന്നു.
- ❖ പാലക്കാട് ജില്ലയിൽ ചിറ്റൂർ, മലമ്പുഴ, പട്ടാമ്പി, തൃത്താല എന്നീ ക്രിട്ടിക്കൽ, സെമി ക്രിട്ടിക്കൽ ബ്ലോക്കുകളിൽ ജില്ലാ തല ടെക്നിക്കൽ കമ്മിറ്റിയും ബ്ലോക്ക് തല ടെക്നിക്കൽ കമ്മിറ്റിയും നടത്താൻ തീരുമാനിച്ചിട്ടുണ്ട്.
- ❖ മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 7 ഗ്രാമപഞ്ചായത്തുകളിൽ സാങ്കേതിക സമിതി ചേർന്ന് ജലദൗർലഭ്യം അനുഭവപ്പെടുന്നതായി കണ്ടെത്തിയ 99 പ്രദേശങ്ങളെ സംബന്ധിച്ച വിവരശേഖരണം നടത്തി.

- കണ്ണൂർ ജില്ലയിൽ കോട്ടയം ഗ്രാമപഞ്ചായത്ത് ജലബജറ്റ് പ്രകാശനം കൃഷി വകുപ്പ് മന്ത്രി പി.പ്രസാദ് നിർവ്വഹിച്ചു. എരഞ്ഞോളി ഗ്രാമപഞ്ചായത്ത് ജലബജറ്റ് പ്രകാശനം നടന്നു. ധർമ്മടം മണ്ഡലം ജലബജറ്റ് റിപ്പോർട്ട് പ്രകാശനത്തിന് തയ്യാറായിട്ടുണ്ട്. പയ്യന്നൂർ ബ്ലോക്ക് റിപ്പോർട്ട് തയ്യാറാക്കൽ അവസാന ഘട്ടത്തിലാണ്.
- കാസർഗോഡ് ജില്ലയിൽ കാസർഗോഡ് ബ്ലോക്ക് ജലബജറ്റ് പ്രകാശനവും ജില്ലാ ജലബജറ്റ് പ്രകാശനവും നടന്നു. കാസർഗോഡ് ബ്ലോക്ക് ജലബജറ്റ് റിപ്പോർട്ട് കാസർഗോഡ് MLA എൻ.എ നെല്ലിക്കുന്ന് പ്രകാശനം ചെയ്തു. ജില്ലാ ജലബജറ്റ് റിപ്പോർട്ട് ഒക്ടോബർ മാസം MP രാജ് മോഹൻ ഉണ്ണിത്താൻ പ്രകാശനം ചെയ്തു.
- കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം, കാസർഗോഡ് ബ്ലോക്ക് ക്രിട്ടിക്കൽ, സെമി ക്രിട്ടിക്കൽ ബ്ലോക്കുകളിലെ നീർച്ചാലുകളുടെ മാപ്പിംഗ് നടത്തുവാൻ തീരുമാനിച്ചു.

<table>
<tr><th rowspan="3">പ്രവർത്തനം നടന്ന മാസം</th><th colspan="12">ജല ബജറ്റ് - ജല സുരക്ഷ പ്ലാൻ - ഒക്ടോബർ മാസത്തെ പ്രവർത്തനം</th></tr>
<tr><th rowspan="2">നടന്ന യോഗം (എണ്ണം)</th><th colspan="4">യോഗങ്ങളിലെ പങ്കാളിത്തം</th><th colspan="2">നടന്ന ശില്പശാലകൾ</th><th colspan="2">മിഷൻ നൽകിയ പരിശീലനങ്ങൾ</th><th rowspan="2">മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം</th><th rowspan="2">പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം</th></tr>
<tr><th>ജനപ്രതിനിധികൾ</th><th>ഉദ്യോഗസ്ഥർ</th><th>മറ്റുള്ളവർ</th><th>ആകെ</th><th>എണ്ണം</th><th>പങ്കാളിത്തം</th><th>എണ്ണം</th><th>പങ്കാളിത്തം</th></tr>
<tr><td>ഒക്ടോബർ</td><td>28</td><td>111</td><td>234</td><td>409</td><td>741</td><td>0</td><td>0</td><td>0</td><td>0</td><td>174</td><td>140</td></tr>
</table>

## 4. സുരക്ഷിതമാക്കാം പശ്ചിമഘട്ടം

ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് സംഘടിപ്പിക്കുന്ന 'ഇനി ഞാനൊഴുകട്ടെ' - നീർചാലുകളുടെ ജനകീയ വീണ്ടെടുപ്പ് - കാമ്പയിൻ 2019 ൽ ആരംഭിച്ചിരുന്നു. പശ്ചിമഘട്ട മേഖലയിൽ മണ്ണൊലിപ്പിനും ഉരുൾപൊട്ടലുമുള്ള സാദ്ധ്യതകൾ ലഘൂകരിക്കുന്നതിനായി നീർച്ചാലുകൾ പുനരുജ്ജിവിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കേണ്ടതിനായി "സുരക്ഷിതമാക്കാം പശ്ചിമഘട്ടം" എന്ന കാമ്പയിൻ ഇനി ഞാനൊഴുകട്ടെയുടെ രണ്ടാം ഘട്ടമായി സംസ്ഥാനത്തു ഹരിത കേരളം മിഷൻ നടപ്പിലാക്കി വരുന്നു.

പശ്ചിമഘട്ട പ്രദേശങ്ങളിലെ നീർച്ചാലുകളുടെ ശാസ്ത്രീയ മാപിംഗ് അവസാന ഘട്ടത്തിലാണ്. റീബിൽഡ് കേരള ഇനീഷ്യേറ്റീവ് (RKI) യുടെ സഹായത്തോടെയുള്ള ഈ ശാസ്ത്രീയ മാപിംഗ് പദ്ധതി 8 ജില്ലകളിൽ പൂർത്തീകരിക്കുകയും ഇടുക്കി ജില്ലയിൽ പുരോഗമിക്കുകയുമാണ്.

ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ച് കേരളത്തിലെ എല്ലാ ശ്രേണിയിലുംപെട്ട നീർചാലുകളുടെ വ്യത്യസ്തവും കൃത്യതയുമുള്ള മാപുകൾ നിർമ്മിക്കുന്ന പ്രവർത്തനമാണ് നടന്നുവരുന്നത്. ലക്ഷ്യം വച്ചിട്ടുള്ള 230 ഗ്രാമപഞ്ചായത്തുകളിൽ 215 ഗ്രാമപഞ്ചായത്തുകളിൽ മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ മാത്രമാണ് മാപിംഗ് ജോലികൾ തീർക്കുവാനുള്ളത്.

### 4.1 മാപത്തോൺ പ്രവർത്തനപുരോഗതി - ഒക്ടോബർ 2024

മാപത്തോൺ പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകളിൽ നീർച്ചാലുകൾ വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കി, മണ്ണിടിച്ചിലും ഉരുൾ പൊട്ടലും കുറയ്ക്കുന്നതിനു വേണ്ടിയുള്ള അടുത്ത ഘട്ട പ്രവർത്തനങ്ങൾ 9 ജില്ലകളിൽ ഉൾപ്പെട്ട 153 ഗ്രാമപഞ്ചായത്തുകളിൽ ആരംഭിച്ചു.

മാപത്തോൺ രണ്ടാംഘട്ട ഗ്രാമപഞ്ചായത്ത്തല അവതരണം 153 തദ്ദേശസ്ഥാപനങ്ങളിലും പൂർത്തീകരിച്ചു. മാപത്തോൺ അവതരണം പൂർത്തിയായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നീരുറവ് പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. 110 ഗ്രാമപഞ്ചായത്തുകളിൽ ഫീൽഡ് തല പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകളിൽ ആക്ഷൻ പ്ലാൻ തയാറാക്കിയിട്ടുണ്ട്. അവതരണം പൂർത്തിയാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലസംരക്ഷണ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നു.

മാപത്തോൺ പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകളിൽ ഫീൽഡ് തല പ്രവർത്തനങ്ങളുടെ ഭാഗമായി ഒക്ടോബർ മാസത്തിൽ 284.42 കി.മീ. നീർച്ചാൽ ശൃംഖല വീണ്ടെടുക്കൽ പ്രവർത്തനം

പൂർത്തീകരിച്ചു. നാളിതുവരെ 110 ഗ്രാമപഞ്ചായത്തുകളിലായി 2121.837 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.

### സുരക്ഷിതമാക്കാം പശ്ചിമഘട്ടം - പ്രവർത്തന പുരോഗതി

| ഒന്നാം ഘട്ട പ്രവർത്തനങ്ങൾ | | | | രണ്ടാം ഘട്ട പ്രവർത്തനങ്ങൾ | | | |
|---|---|---|---|---|---|---|---|
| ജില്ലകൾ | തിരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങൾ | ഫീൽഡ് പ്രവർത്തനം കഴിഞ്ഞ ത.സ്വ.ഭ സ്ഥാപനങ്ങൾ | അപ്രൂവൽ ലഭിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ | അവതരണം നടത്തിയ ത.സ്വ.ഭ സ്ഥാപനങ്ങൾ | ഫീൽഡ് സന്ദർശനം പൂർത്തീകരിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ | നീർച്ചാൽ പുനരുജ്ജീകരിച്ചത് ഒക്ടോബർ മാസത്തിൽ (കി.മീ) | നീർച്ചാൽ പുനരുജ്ജീകരിച്ചത് ആകെ (കി.മീ) |
| കൊല്ലം | 7 | 7 | 7 | 7 | 7 | 1 | 379.286 |
| പത്തനംതിട്ട | 16 | 16 | 16 | 7 | 5 | 8.5 | 58.88 |
| കോട്ടയം | 32 | 32 | 32 | 30 | 0 | 0 | 57.5 |
| ഇടുക്കി | 49 | 34 | 26 | 0 | 0 | 0 | 0 |
| എറണാകുളം | 17 | 17 | 17 | 15 | 13 | 119.58 | 394.88 |
| പാലക്കാട് | 51 | 51 | 51 | 40 | 40 | 149.44 | 1003.041 |
| കോഴിക്കോട് | 14 | 14 | 14 | 14 | 1 | 0 | 2.15 |
| വയനാട് | 26 | 26 | 26 | 22 | 26 | 2.1 | 69.4 |
| കണ്ണൂർ | 18 | 18 | 18 | 18 | 18 | 3.8 | 156.7 |
| ആകെ | 230 | 215 | 207 | 153 | 110 | 284.42 | 2121.837 |

- ❖ പാലക്കാട് (149.44) എറണാകുളം (119.58km), പത്തനംതിട്ട (8.5km), കണ്ണൂർ (3.8km), വയനാട് (2.1km), കൊല്ലം (1 km) എന്ന തോതിലാണ് നീർച്ചാൽ പുനരുജ്ജീകരണം ഒക്ടോബർ മാസത്തിൽ നടന്നത്.
- ❖ കൊല്ലം ജില്ലയിൽ പശ്ചിമഘട്ട മേഖലയിൽ ഉൾപ്പെട്ട 7 ഗ്രാമപഞ്ചായത്തുകളിലും നീർച്ചാലുകൾ വീണ്ടെടുക്കൽ പ്രവർത്തനം പുരോഗമിക്കുന്നു. ഒക്ടോബർ മാസം 1 കി.മീ. നീർച്ചാൽ ശ്യംഖല വീണ്ടെടുക്കൽ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ 7 ഗ്രാമപഞ്ചായത്തുകളിലായി 379.286 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.

| പ്രവർത്തനം നടന്ന മാസം | മാപത്തോൺ - ഒക്ടോബർ മാസത്തെ പ്രവർത്തനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ഒക്ടോബർ | 10 | 19 | 17 | 25 | 61 | 0 | 0 | 0 | 0 | 39 | 34 |

## 5. നീരുറവ്

കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലുമുള്ള ഓരോ നീർത്തട പ്രദേശത്തിലും ആവശ്യമായ മണ്ണ് സംരക്ഷണ/വികസന പ്രവർത്തനങ്ങൾക്കുള്ള മാസ്റ്റർപ്ലാനിന് രൂപംകൊടുത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ഹരിതകേരളം മിഷനും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് 'നീരുറവ്'.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കേന്ദ്ര മാനദണ്ഡങ്ങൾക്കനുസരിച്ചു നീർത്തടാധിഷ്ഠിത വികസനത്തിന് അനുയോജ്യമായ നിലയിൽ പ്രാദേശികതലത്തിൽ ക്രമീകരിക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്. ഹരിത കേരളം മിഷൻ നടപ്പിലാക്കിയ ജലബജറ്റ്, മാപത്തോൺ എന്നീ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഫീൽഡ്തല കണ്ടെത്തലുകൾ ഉൾക്കൊള്ളിച്ചു കൊണ്ട് നീരുറവ് മാസ്റ്റർപ്ലാൻ പരിഷ്കരിച്ചിരുന്നു.

ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വിവിധ വുകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ നീരുറവ് പ്ലാൻ തയ്യാറാക്കുകയും ഈ പ്ലാനുകൾ ഏകോപിപ്പിച്ച്

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഒരൊറ്റ പ്ലാനാക്കി മാറ്റാനും സാധിച്ചു. ഇതിന്റെ ഭാഗമായി ബ്ലോക്ക് ഗ്രാമപഞ്ചായത്തുതല സംഘാടക സമിതി രൂപീകരിക്കുകയും യോഗങ്ങൾ ചേരുകയും ചെയ്തു.

| നീരുറവ് പ്രവർത്തന പുരോഗതി - ഒക്ടോബർ മാസം | | | | | |
|---|---|---|---|---|---|
| ജില്ല | ജല ബജറ്റ്, മാപത്തോൺ പ്രവർത്തനങ്ങൾ നടന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | നീരുറവ് പ്രവർത്തനങ്ങൾ നടന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | ഏറ്റടുത്ത പ്രവർത്തനങ്ങൾ | പൂർത്തീകരിച്ച പ്രവർത്തനങ്ങൾ | % |
| തിരുവനന്തപുരം | 8 | 8 | 1206 | 1075 | 89.14% |
| കൊല്ലം | 12 | 12 | 16974 | 16974 | 100.00% |
| പത്തനംതിട്ട | 30 | 30 | 1651 | 527 | 31.92% |
| ആലപ്പുഴ | 7 | 7 | 216 | 92 | 42.59% |
| കോട്ടയം | 36 | 36 | 2450 | 2450 | 100.00% |
| ഇടുക്കി | 47 | 47 | 1272 | 921 | 72.41% |
| എറണാകുളം | 34 | 34 | 2614 | 1894 | 72.46% |
| തൃശൂർ | 8 | 8 | 124 | 113 | 91.13% |
| പാലക്കാട് | 69 | 69 | 7978 | 7978 | 100.00% |
| മലപ്പുറം | 7 | 7 | 329 | 329 | 100.00% |
| കോഴിക്കോട് | 24 | 24 | 924 | 430 | 46.54% |
| വയനാട് | 26 | 26 | 632 | 627 | 99.21% |
| കണ്ണൂർ | 23 | 23 | 2106 | 2106 | 100.00% |
| കാസർഗോഡ് | 5 | 5 | 500 | 483 | 96.60% |
| ആകെ | 336 | 336 | 38976 | 35999 | 92.36% |

- ❖ നീരുറവ് പദ്ധതിയിലേക്ക് മാപത്തോൺ, ജലബജറ്റ് കണ്ടെത്തലുകൾ എന്നിവ ഉൾകൊള്ളിക്കുന്നത് വഴി ഫലത്തിൽ മാപത്തോൺ, ജലബജറ്റ് പദ്ധതികളുടെ ഭൗതിക പുരോഗതി കൈവരിക്കാൻ സാദ്ധ്യമാകും. മാപത്തോൺ, ജലബജറ്റ് നടന്ന 336 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നീരുറവ് പ്രവർത്തനങ്ങളിൽ ഹരിത കേരളം മിഷൻ പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.
- ❖ സംസ്ഥാനത്തെ 336 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റടുത്ത 38976 നീരുറവു പ്രവർത്തനങ്ങളിൽ 35999 പ്രവർത്തനങ്ങൾ (92.36%) പൂർത്തീകരിച്ചു.
- ❖ കൊല്ലം ജില്ലയിൽ ഏറ്റടുത്ത 16974 പ്രവർത്തനങ്ങളിൽ 16974 എണ്ണവും, പാലക്കാട് ഏറ്റടുത്ത 7978 പ്രവർത്തനങ്ങളിൽ 7978 എണ്ണവും, കണ്ണൂർ ജില്ലയിൽ 2106 പ്രവർത്തനങ്ങളിൽ 2106 എണ്ണവും, കോട്ടയം ജില്ലയിൽ 2450 പ്രവർത്തനങ്ങളിൽ 2450 എണ്ണവും പൂർത്തീകരിച്ചു.
- ❖ ഇടുക്കി ജില്ലയിൽ (80), പത്തനംതിട്ട (45), വയനാട് (9), കാസർഗോഡ്(4), തൃശ്ശൂർ (2) എന്നീ ജില്ലകളിൽ ഏറ്റടുത്ത പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.
- ❖ ഇടുക്കി ജില്ലയിൽ നീരുറവ് മാസ്റ്റർ പ്ളാനിൽ ഉൾപ്പെട്ട 14 പ്രവർത്തനങ്ങൾ ഈ മാസം ഏറ്റടുത്തിട്ടുണ്ട്. ഇതുവരെ ഏറ്റെടുത്ത പ്രവർത്തികളിൽ മൊത്തം 921 പ്രവർത്തികൾ ഈ മാസം വരെ പൂർത്തീകരിച്ചു. പെരുവന്താനം ഗ്രാമപഞ്ചായത്ത് മണ്ണു പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ ക്യാച്ച്മെന്റ് കൺസർവേഷൻ കമ്മറ്റി യോഗം നടന്നു.

| പ്രവർത്തനം നടന്ന മാസം | നീരുറവ് - ഒക്ടോബർ മാസത്തെ പ്രവർത്തനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ഒക്ടോബർ | 17 | 39 | 120 | 125 | 280 | 1 | 70 | 0 | 0 | 103 | 171 |

- ❖ പാലക്കാട് ജില്ലയിൽ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഇനി ഞാൻ ഒഴുക്കട്ടെ ക്യാമ്പയിൻ ഫലപ്രദമാക്കുന്നതിനു അഡീഷണൽ ആക്ഷൻ പ്ലാൻ തയ്യാറാക്കിയതിനു

അംഗീകാരം ലഭ്യമായിട്ടുള്ളതാണ്. ഡിസംബർ മാസത്തിൽ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ത്വരുതപ്പെടുത്തുന്നതിനുള്ള ടെക്നിക്കൽ കമ്മിറ്റികൾ നവംബർ മാസത്തിൽ ചേരുന്നതാണ്.

❖ കാസർഗോഡ് ജില്ലയിൽ ആദ്യഘട്ടത്തിൽ ജലബജറ്റ് തയ്യാറാക്കിയ കാഞ്ഞങ്ങാട് ബ്ലോക്കിലെ 5 ഗ്രാമപഞ്ചായത്തുകളിലാണ് നീരുറവ് പ്രവർത്തനങ്ങൾക്ക് തിരഞ്ഞെടുത്തത്. അജാനൂരിൽ ഒരു കിണറും പുല്ലൂർ പെരിയയിൽ 3 കിണറുകളുടെയും റീചാർജ്ജിംഗ് തൊഴിലുറപ്പ് പദ്ധതി മുഖേന നടന്നു.

## 6. ജലഗുണനിലവാര നിർണ്ണയ ലാബ്

ജനങ്ങൾക്കു ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനോടൊപ്പം കുടിക്കുന്ന വെള്ളം ശുദ്ധവും സുരക്ഷിതവുമാണെന്ന് ഉറപ്പാകുന്നതിനുവേണ്ടി ജലസാമ്പിളുകൾ പരിശോധിക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉള്ള ഒരു ഹയർ സെക്കൻഡറി സ്കൂളിലും ഒരു ജല ഗുണനിലവാര നിർണ്ണയ ലാബു സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. വളരെ എളുപ്പത്തിലും വലിയ പണച്ചിലവ് ഇല്ലാതെയും പൊതുജനങ്ങൾക്ക് ഇത്തരം സംവിധാനങ്ങൾ ഉപയോഗിക്കുവാൻ ലക്ഷ്യമിട്ടാണ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജലഗുണനിലവാര പരിശോധന ലാബുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യം ഹരിത കേരളം മിഷൻ മുന്നോട്ട് വെച്ചത്.

| ജലഗുണനിലവാര നിർണ്ണയ ലാബ് | | | | |
|---|---|---|---|---|
| ജില്ലാ | പ്രവർത്തന സജ്ജമായ ലാബുകൾ | വാട്ടർ ടെസ്റ്റിംഗ് | | |
| | | സെപ്റ്റംബർ വരെ | ഒക്ടോബർ | ഇതു വരെ നടത്തിയ പരിശോധനകൾ |
| തിരുവനന്തപുരം | 13 | 1,547 | 33 | 1,580 |
| കൊല്ലം | 11 | 1,213 | 11 | 1,224 |
| പത്തനംതിട്ട | 21 | 25 | 37 | 62 |
| ആലപ്പുഴ | 28 | 876 | 16 | 892 |
| കോട്ടയം | 31 | 160 | 471 | 631 |
| ഇടുക്കി | 35 | 2,312 | 132 | 2,444 |
| എറണാകുളം | 54 | 114 | 0 | 114 |
| തൃശൂർ | 54 | 18,159 | 0 | 18,159 |
| പാലക്കാട് | 12 | 214 | 4 | 218 |
| മലപ്പുറം | | | | |
| കോഴിക്കോട് | 29 | 1,978 | 3 | 1,981 |
| വയനാട് | | | | |
| കണ്ണൂർ | 21 | 1,766 | 0 | 1,766 |
| കാസർഗോഡ് | 12 | 864 | 89 | 953 |
| ആകെ | 321 | 29,228 | 796 | 30,024 |

ജല ഗുണനിലവാര നിർണ്ണയ ലാബുകൾ 534 ഹയർ സെക്കൻഡറി സ്കൂളുകളിൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ പെരിയാർ, പമ്പാ നദികളുടെ നദീതടത്തിൽപെടുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ (എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകൾ) 313 ഹയർ സെക്കണ്ടറി സ്കൂളുകളിൽ കേരള പുനർനിർമ്മാണ പദ്ധതിയുടെ (RKI) സഹായത്തോടെയാണ് ലാബുകൾ സ്ഥാപിക്കുന്നത്.

ഒക്ടോബർ മാസം വരെ ആകെ 321 സ്കൂളുകളിൽ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. ലാബുകൾ സ്ഥാപിച്ച 292 സ്കൂളുകളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. ബാക്കിയുള്ള 213 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഒക്ടോബർ മാസത്തെ 796 ജലസാമ്പിളുകൾ പരിശോധിച്ചത് ഉൾപ്പെടെ 30,024 ജലസാമ്പിളുകൾ ഈ ലാബുകളിൽ നാളിതുവരെ പരിശോധിച്ചിട്ടുണ്ട്.

- ❖ കോട്ടയം ജില്ലയിൽ ജലഗുണനിലവാര പരിശോധനാ ലാബുകളിൽ പരിശോധനാ കാര്യക്ഷമമാക്കും. ബാക്കിയുള്ള സ്കൂളുകളിൽ പ്രവർത്തനം പുരോഗമിക്കുന്നു.
- ❖ ഇടുക്കി ജില്ലയിൽ ആകെ 35 സ്കൂളുകളിലാണ് ജലഗുണനിലവാര പരിശോധന ലാബ് ഉള്ളത്. ജല ഗുണതാ പരിശോധന ലാബിന്റെ പ്രവർത്തനം 5 സ്കൂളിൽ ഈ മാസം റിസോഴ്സ് പേഴ്സൺമാർ പരിശോധിച്ച് വിലയിരുത്തി.
- ❖ എറണാകുളം ജില്ലയിൽ 54 സ്കൂളുകളിലെ കെമിസ്ട്രി അധ്യാപകർക്ക് ജലഗുണത ലാബ് പരിശീലനം ഒക്ടോബർ മാസം നൽകി.
- ❖ തൃശ്ശൂർ ജില്ലയിൽ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ജില്ലാതല ഉദ്ഘാടനത്തോടനുബന്ധിച്ച് എംഎൽഎമാരുടെ ആസ്തി വികസനം ഫണ്ടിൽ നിന്നും തുക വിനിയോഗിച്ചുകൊണ്ട് ലാബുകളിലേക്കുള്ള രണ്ടാംഘട്ട കിറ്റുകളുടെ വിതരണം വിദ്യാകിരണം കോർഡിനേറ്റർക്ക് കൈമാറിക്കൊണ്ട് ഒക്ടോബർ 2 ന് നടന്നു.
- ❖ തൃശ്ശൂർ ജില്ലയിൽ 29 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ട് വകയിരുത്തി. കിറ്റുകൾ വാങ്ങുന്നതിനുള്ള അപേക്ഷ അതത് സ്കൂളുകളിൽ നിന്നും കിറ്റുകൾ ലഭ്യമാക്കുന്ന ഏജൻസിക്ക് കൈമാറി.
- ❖ പാലക്കാട് ജില്ലയിൽ ചിറ്റൂർ നിയോജക മണ്ഡലത്തിലെ ലാബ് സ്ഥാപിച്ചിട്ടുള്ള 10 സ്കൂളുകളിലും കെമിക്കലുകൾ പഞ്ചായത്തിന്റെ ഫണ്ടിൽ നിന്ന് വകയിരുത്തി ലഭ്യമാക്കി. ജലഗുണ നിലവാര പരിശോധന ആരംഭിച്ചിട്ടുണ്ട്.

## 7. പച്ചത്തുരുത്തുകൾ

- ❖ 2019 ജൂൺ മുതൽ 2024 ഒക്ടോബർ വരെയുള്ള അഞ്ചു വർഷ കാലയളവിൽ സംസ്ഥാനത്ത് 1072.9 ഏക്കർ ആകെ വിസ്തൃതിയിൽ 3551 പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.
- ❖ 2024 ഒക്ടോബർ മാസത്തിൽ മാത്രം സംസ്ഥാനത്തു 10.01 ഏക്കർ ആകെ വിസ്തൃതിയിൽ 30 പുതിയ പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.
- ❖ വിസ്തൃതിയിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കണ്ണൂർ ജില്ലയിലാണ് (297.90 ഏക്കർ ആകെ വിസ്തൃതിയിൽ 201 പച്ചതുരുത്തുകൾ).
- ❖ എണ്ണത്തിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കാസർഗോഡ് ജില്ലയിലാണ് (208.88 ഏക്കർ ആകെ വിസ്തൃതിയിൽ 787 പച്ചതുരുത്തുകൾ).

| ജില്ല | 2019 ജൂൺ മാസം മുതൽ 2024 സെപ്റ്റംബർ വരെ | | 2024 ഒക്ടോബർ മാസത്തിൽ മാത്രം | | 2019 ജൂൺ മാസം മുതൽ 2024 ഒക്ടോബർ വരെ | |
|---|---|---|---|---|---|---|
| | ആകെ എണ്ണം | ആകെ (ഏക്കർ) | ആകെ എണ്ണം | വിസ്തൃതി (ഏക്കറിൽ) | ആകെ എണ്ണം | ആകെ (ഏക്കർ) |
| തിരുവനന്തപുരം | 503 | 62.4 | 2 | 0.53 | 505 | 62.89 |
| കൊല്ലം | 284 | 46.0 | 1 | 0.08 | 285 | 46.11 |
| പത്തനംതിട്ട | 186 | 34.5 | 2 | 0.10 | 188 | 34.56 |
| ആലപ്പുഴ | 94 | 21.7 | 6 | 0.72 | 100 | 22.40 |
| കോട്ടയം | 276 | 32.9 | | 0.00 | 276 | 32.87 |
| ഇടുക്കി | 72 | 24.6 | 3 | 0.25 | 75 | 24.89 |
| എറണാകുളം | 146 | 20.2 | | 0.00 | 146 | 20.20 |
| തൃശ്ശൂർ | 197 | 39.7 | 3 | 0.48 | 200 | 40.21 |
| പാലക്കാട് | 338 | 127.5 | 0 | 0.00 | 338 | 127.45 |
| മലപ്പുറം | 149 | 75.9 | 0 | 0.00 | 149 | 75.89 |
| കോഴിക്കോട് | 222 | 51.3 | 2 | 0.58 | 224 | 51.92 |
| വയനാട് | 70 | 23.2 | 0 | 0.00 | 70 | 23.16 |
| കണ്ണൂർ | 197 | 294.2 | 4 | 3.70 | 201 | 297.90 |
| കാസർഗോഡ് | 787 | 208.9 | 7 | 3.57 | 794 | 212.45 |
| ആകെ | 3521 | 1062.90 | 30 | 10.01 | 3551 | 1072.91 |

- ❖ പാലക്കാട് (127.45 ഏക്കർ ആകെ വിസ്തൃതിയിൽ 338 പച്ചതുരുത്തുകൾ), മലപ്പുറം (75.89 ഏക്കർ ആകെ വിസ്തൃതിയിൽ 149 പച്ചതുരുത്തുകൾ) എന്നി ജില്ലകളിലും കൂടുതൽ വിസ്തൃതിൽ പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.
- ❖ ഒക്ടോബർ മാസത്തിൽ സ്ഥാപിച്ച പച്ചത്തുരുത്തുകളിൽ എണ്ണത്തിൽ ഏറ്റവും കൂടുതൽ കാസർഗോഡ് ജില്ലയിലാണ് (3.57 ഏക്കർ ആകെ വിസ്തൃതിയിൽ 7 പച്ചത്തുരുത്തുകൾ). വിസ്തൃതിയിൽ ഏറ്റവും കൂടുതൽ കണ്ണൂർ ജില്ലയിലാണ് (3.70 ഏക്കർ ആകെ വിസ്തൃതിയിൽ 4 പച്ചത്തുരുത്തുകൾ).
- ❖ തിരുവനന്തപുരം ജില്ലയിൽ 0.53 ഏക്കർ ആകെ വിസ്തൃതിയിൽ 2 പച്ചത്തുരുത്തുകളും, ആലപ്പുഴ ജില്ലയിൽ 0.72 ഏക്കർ ആകെ വിസ്തൃതിയിൽ 6 പച്ചത്തുരുത്തുകളും തൃശ്ശൂർ ജില്ലയിൽ 0.48 ഏക്കർ ആകെ വിസ്തൃതിയിൽ 3 പച്ചത്തുരുത്തും, കോഴിക്കോട് ജില്ലയിൽ 0.58 ഏക്കർ ആകെ വിസ്തൃതിയിൽ 2 പച്ചത്തുരുത്തും, ഇടുക്കി ജില്ലയിൽ 0.25 ഏക്കർ ആകെ വിസ്തൃതിയിൽ 3 പച്ചത്തുരുത്തും കൊല്ലം ജില്ലയിൽ 0.08 ഏക്കർ ആകെ വിസ്തൃതിയിൽ 1 പച്ചത്തുരുത്തും, പത്തനംതിട്ട ജില്ലയിൽ 0.10 ഏക്കർ ആകെ വിസ്തൃതിയിൽ 2 പച്ചത്തുരുത്തും ഒക്ടോബർ മാസത്തിൽ സ്ഥാപിച്ചിട്ടുണ്ട്.
- ❖ സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ നിലവിലുള്ള അവസ്ഥ വിലയിരുത്തുന്നതിനും നശിച്ചുപോയ ചെടികൾക്കു പകരം പുതിയ ചെടികൾ വെച്ച് പിടിപ്പിക്കാനും ലക്ഷ്യം വച്ച് കൊണ്ട് എല്ലാ ജില്ലയിലും ഹരിത കേരളം മിഷൻ റിസോർസ് പേർസൺമാർ പച്ചത്തുരുത്തുകൾ പുനർസന്ദർശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ഒക്ടോബർ മാസത്തിൽ 54 പച്ചത്തുരുത്തുകൾ പുനർസന്ദർശിക്കുകയും 14 പച്ചത്തുരുത്തുകളിൽ റീപ്ലാന്റിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. റീപ്ലാന്റിംഗിനായി 296 തൈകൾ ആവശ്യമായി വന്നു.
- ❖ തിരുവനന്തപുരം ജില്ലയിൽ പള്ളിച്ചൽ പഞ്ചായത്തിൽ താന്നിവിള വാർഡിലെ ഗവ: PV LP സ്കൂളിൽ 3 സെന്റ് സ്ഥലത്ത് ഹരിത കർമ്മ സേന അംഗങ്ങൾ നിർമ്മിച്ച "ഹരിതകർമ്മ സേന പച്ചത്തുരുത്ത് പഞ്ചായത്ത് പ്രസിഡന്റ് തൈ നട്ട് ഉൽഘാടനം ചെയ്തു.
- ❖ കൊല്ലം ജില്ലയിൽ കുളക്കട ഗ്രാമപഞ്ചായത്തിലെ SVMMHSS വെണ്ടാറിൽ 8 സെന്റ് സ്ഥലത്ത് പുതിയതായി ഒരു പച്ചത്തുരുത്ത് ആരംഭിച്ചു.
- ❖ കൊല്ലം ജില്ലയിൽ കെ.എം.എം.എൽ-ലെ 30 ഏക്കറിൽ പുതിയതായി പച്ചത്തുരുത്ത് ഉദ്ഘാടനത്തിനായി വ്യവസായ വകുപ്പ് മന്ത്രിയുടെ തീയതി ലഭ്യമായിട്ടുണ്ട്.
- ❖ പത്തനംതിട്ട ജില്ലയിൽ ചെന്നീർക്കര ഗ്രാമപഞ്ചായത്തിൽ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ 5 സെന്റ് സ്ഥലത്തും. കല്ലൂപ്പാറ ഗ്രാമപഞ്ചായത്തിൽ കറുത്തവടശ്ശേരിക്കടവ് പാലത്തിനു സമീപം 5 സെന്റ് സ്ഥലത്തും പച്ചത്തുരുത്തുകൾ സ്ഥാപിച്ചു.
- ❖ ഇടുക്കി ജില്ലയിൽ റിപ്പോർട്ട് മാസത്തിൽ 25 സെന്റ് സ്ഥലത്ത് 3 പുതിയ പച്ചത്തുരുത്തുകൾ സ്ഥാപിച്ചു. 11 പച്ചത്തുരുത്തുകളുടെ പുന:സന്ദർശനവും ഈ കാലയളവിൽ നടന്നിട്ടുണ്ട്.
- ❖ എറണാകുളം ജില്ലയിൽ മുണ്ടംവേലി വാലുംമേൽ പച്ചത്തുരുത്തിനോട് ചെർന്നു പൂച്ചെടികൾ വെച്ചുപിടിപ്പിച്ചു. അസോസിയേഷനാണ് ഇത് പരിപാലിച്ചുപോരുന്നത്. കൂടുതൽ മാലിന്യം നിക്ഷേപിക്കുന്നതും കാടുകയറിയതുമായ സ്ഥലങ്ങൾ വൃത്തിയാക്കിയാണ് പച്ചത്തുരുത്ത് നിർമിച്ചിരിക്കുന്നത്.
- ❖ തൃശ്ശൂർ ജില്ലയിൽ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിക്ക് കീഴിലുള്ള നെഞ്ചു രോഗ ആശുപത്രിയിൽ നഗരസഭ ചെയർമൻ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഔഷധസസ്യം നട്ടു കൊണ്ട് പച്ചത്തുരുത്ത് ഉദ്ഘാടനം ചെയ്തു.
- ❖ തൃശ്ശൂർ ജില്ലയിൽ വടക്കാഞ്ചേരി മുൻസിപ്പാലിറ്റിയ്ക്കു കീഴിലുള്ള ഗവൺമെന്റ് മോഡൽ ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ മുള തൈകൾ മുൻസിപ്പൽ ചെയർമാൻ വെച്ചുപിടിപ്പിച്ചു.
- ❖ പാലക്കാട് ജില്ലയിൽ ഒക്ടോബർ മാസം 4 പച്ചത്തുരുത്തുകൾ പുനസന്ദർശനം നടത്തി അവസ്ഥ വിലയിരുത്തുമ്പോൾ പച്ചത്തുരുത്തുകൾ എല്ലാം നല്ല രീതിയിൽ കാണപ്പെട്ടു. പുനസന്ദർശനം നടത്തിയ 4 പച്ചത്തുരുത്തുക്കൾ 175 സെന്റിൽ ഏകദേശം 490 വൃക്ഷതൈകൾ നിലവിലുണ്ട്.

നിലവിൽ സന്ദർശിച്ച 4 പച്ചത്തുരുത്തുകൾക്കും ജൈവവേലി സ്ഥാപിച്ചിട്ടുള്ളത്.

- ❖ വയനാട് ജില്ലയിൽ കാരാപ്പുഴ പച്ചത്തുരുത്ത് പുനസന്ദർശനം നടത്തി. സ്വാമിനാഥൻ ഫൌണ്ടേഷൻ നൽകിയ അപൂർവ ഇനത്തിൽപ്പെട്ട നൂറോളം സസ്യങ്ങൾ ഇവിടെ നട്ടിരുന്നു. ചെടികളെല്ലാം തൊഴിലുറപ്പ് തൊഴിലാളികൾ പരിപാലിച്ചുവരുന്നു, എല്ലാ ചെടികളും നന്നായി വളരുന്നുണ്ട്. പച്ചത്തുരുത്തിലെ കാടുകളെല്ലാം വെട്ടി വൃത്തിയാക്കിയിട്ടുണ്ട്.
- ❖ കാസർഗോഡ് ജില്ലയിൽ ഒക്ടോബർ മാസം 357 സെന്റിൽ 7 പുതിയ പച്ചത്തുരുത്തുകൾ നിർമ്മിച്ചിട്ടുണ്ട് നീലേശ്വരം ബ്ലോക്കിലെ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിലെ 2 പച്ചത്തുരുത്തുകൾ പുനസന്ദർശനം നടത്തിയിരുന്നു. 2 പച്ചത്തുരുത്തുകളും നല്ല രീതിയിൽ തന്നെ പരിപാലിച്ചു പോരുന്നുണ്ട്.

| പച്ചത്തുരുത്ത് - ഒക്ടോബർ മാസത്തെ പ്രവർത്തനം | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| പ്രവർത്തനം നടന്ന മാസം | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാല | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ഒക്ടോബർ | 48 | 109 | 171 | 358 | 637 | 0 | 0 | 0 | 0 | 200 | 486 |

## 8. കാർഷിക മേഖലയിലെ ഇടപെടലുകൾ

ബഹു മുഖ്യമന്ത്രിയുടെ സംസ്ഥാനതല മിഷൻ അവലോകന യോഗതീരുമാന പ്രകാരം ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ഹരിത സമൃദ്ധി വാർഡ്, തരിശു രഹിത ഗ്രാമം, ദേവഹരിതം, വ്യവസായ സ്ഥാപനങ്ങളിലെ കൃഷി, പച്ചക്കറി വ്യാപന പരിപടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കൃഷിയോഗ്യമായ തരിശു ഭൂമി കണ്ടെത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൃഷി ചെയ്യുന്നതാണ് തരിശുരഹിത ഗ്രാമം പദ്ധതി. ഓരോ ബ്ലോക്കിലുംപെട്ട ഒരു ഗ്രാമപഞ്ചായത്തിനെ ഇതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. റിപ്പോർട്ട് മാസം വരെ 164 ഗ്രാമപഞ്ചായത്തുകളിൽ തരിശുരഹിത പ്രവർത്തനങ്ങൾ നടന്നു വരുന്നു. നിലവിൽ 9 ഗ്രാമപഞ്ചായത്തുകളെ തരിശു രഹിത ഗ്രാമമായി പ്രഖ്യാപിച്ചിട്ടുണ്ട്.

| തരിശുരഹിത ഗ്രാമം | | | ഹരിതസമൃദ്ധി വാർഡുകൾ | | |
|---|---|---|---|---|---|
| ടാർഗറ്റ് (ഒരു ബ്ളോക്കിൽ ഒരു ഗ്രാ.പ) | തെരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങളുടെ എണ്ണം (നെറ്റ് സീറോ പഞ്ചായത്തുകൾ ഉൾപ്പെടെ) | പ്രഖ്യാപനം നടത്തിയ ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം | ടാർഗറ്റ് (ഒരു ബ്ളോക്കിൽ 20 വാർഡുകൾ) | തെരഞ്ഞെടുത്ത ഹരിതസമൃദ്ധി വാർഡുകളുടെ എണ്ണം | പ്രഖ്യാപനം നടത്തിയ വാർഡുകളുടെ എണ്ണം |
| 152 | 164 | 9 | 3040 | 2397 | 869 |

ഒരു വാർഡിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി നടപ്പാക്കുന്ന ഹരിത സമൃദ്ധി വാർഡ് പദ്ധതി പ്രവർത്തനം ഒക്ടോബർ മാസം വരെ 2397 വാർഡുകളിൽ നടന്നു. പന്ത്രണ്ട് ജില്ലകളിലായി 869 ഹരിത സമൃദ്ധി വാർഡുകളുടെ പ്രഖ്യാപനം നടത്തി. കൂടുതൽ വാർഡുകൾ ഹരിതസമൃദ്ധി വാർഡുകളാക്കിയത് തിരുവനന്തപുരം (246), കാസർഗോഡ് (163), കണ്ണൂർ (125), തൃശ്ശൂർ (105), പത്തനംതിട്ട (60), കൊല്ലം (59), വയനാട് (52) എന്നീ ജില്ലകളാണ്.

ആരാധനാലയങ്ങളിലെ തരിശുഭൂമി കൃഷി ചെയ്യുന്നതിനായുള്ള ദേവഹരിതം പദ്ധതി റിപ്പോർട്ട് മാസം വരെ 72 ദേവാലയങ്ങളിൽ നടന്നു വരുന്നു.

- ❖ തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ പഞ്ചായത്തിനെ സമ്പൂർണ ഹരിത സമൃദ്ധി പഞ്ചായത്താക്കി നവകേരളം കർമപദ്ധതി-II സംസ്ഥാന കോർഡിനേറ്റർ ഡോ. T.N സീമ പ്രഖ്യാപിച്ചു.
- ❖ പത്തനംതിട്ട ജില്ലയിൽ തരിശുരഹിത വാർഡ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ചെന്നീർക്കര ഗ്രാമപഞ്ചായത്തിലെ 12, 13 വാർഡുകളിൽ 8 ഏക്കർ സ്ഥലത്ത് നെൽകൃഷി ആരംഭിച്ചു.
- ❖ ആലപ്പുഴ ജില്ലയിൽ ഭരണിക്കാവ് ബ്ലോക്കും പഞ്ചായത്തും ചേർന്ന് 12 ഏക്കർ തരിശുഭൂമിയിൽ

ഒക്ടോബർ 2-ന് കൃഷി ആരംഭിച്ചു. ആല ഗ്രാമപഞ്ചായത്തിൽ 3.14 ഏക്കറിലും എടത്വ ഗ്രാമപഞ്ചായത്തിൽ വാർഡ് 6-ലെ 0.44 ഏക്കറിലും കൃഷി ആരംഭിച്ചു.

- ❖ എറണാകുളം ജില്ലയിൽ കുഴുപ്പിള്ളി ഗ്രാമ പഞ്ചായത്ത് തരിശ് രഹിത ഗ്രാമമാക്കുന്നതിന്റെ ഭാഗമായി പച്ചക്കറി തൈകൾ വിതരണം ചെയ്തു.
- ❖ തൃശ്ശൂർ ജില്ലയിൽ നിന്നും തിരഞ്ഞെടുത്തിരിക്കുന്ന 137 വാർഡുകളിൽ ഉൾപ്പെട്ട 105 വാർഡുകളിൽ ഹരിത സമൃദ്ധി വാർഡ് പ്രഖ്യാപിച്ചു.
- ❖ കാസർഗോഡ് ജില്ലയിൽ വ്യവസായ സ്ഥാപന കൃഷി പുതുതായി ആരംഭിക്കുവാൻ വേണ്ടി ഉദുമ ഗ്രാമപഞ്ചായത്തിലെ സ്പിനിംഗ് മില്ലിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.
- ❖ കാസർഗോഡ് ജില്ലയിൽ ഓണത്തിന് നാട്ടിലും വീട്ടിലും കൃഷി എന്ന കാമ്പയിന്റെ അടുത്തഘട്ടം നവംബർ മാസത്തിൽ ആരംഭിക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. വ്യവസായ സ്ഥാപനകൃഷിയുടെ ഭാഗമായി കെസിസിപില്ലിൽ കൂടുതൽ വാഴ, ഫാഷൻഫ്രൂട്ട്, മത്സ്യകൃഷി എന്നിവ ആരംഭിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ പുതിയ പച്ചത്തുരുത്തുകൾക്കായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിൽ നടന്ന ബിഎംസി യോഗത്തിൽ കഴിഞ്ഞ വർഷം ഏറ്റവും കൂടുതൽ പച്ചത്തുരുത്തുകൾ നിർമ്മിച്ച പള്ളിക്കര ഗ്രാമപഞ്ചായത്തിനെ അനുമോദിച്ചു.

| കാർഷിക മേഖല - ഒക്ടോബർ മാസത്തെ പ്രവർത്തനം | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| പ്രവർത്തനം നടന്ന മാസം | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ഒക്ടോബർ | 28 | 73 | 89 | 232 | 368 | 0 | 0 | 0 | 0 | 106 | 395 |

## 9. ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ

ജൈവമാലിന്യത്തിന് ഉറവിട മാലിന്യ സംസ്കരണവും അജൈവ മാലിന്യത്തിന് വാതിൽപ്പടി ശേഖരണവും കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളാണ് ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നത്.

- ❖ ഒക്ടോബർ മാസത്തിൽ 668.723 ടൺ തരം തിരിച്ച പ്ലാസ്റ്റിക്കും, 3569.232 ടൺ നിഷ്ക്രിയ മാലിന്യങ്ങളും, 115.895 ടൺ ലെഗസി മാലിന്യങ്ങളും, 25.581 ടൺ ഇ-മാലിന്യങ്ങളും, 167.525 ടൺ ചില്ല് മാലിന്യവും 3.550 ടൺ തുണി മാലിന്യവും ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്.
- ❖ മാലിന്യത്തിന്റെ ഉറവിടം മുതൽ സംസ്ക്കരണം വരെ ട്രാക്ക് ചെയ്യുന്നതിനുള്ള ഓൺലൈൻ മോണിട്ടറിംഗ് ഹരിതമിത്രം ആപ് 1027 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നു.
- ❖ ഹരിതമിത്രം അപ്ലിക്കേഷൻ മുഖേന 95.72 ലക്ഷം കെട്ടിടങ്ങളിൽ അപ്ലിക്കേഷൻ വഴിയുള്ള സർവീസ് നൽകുന്നുണ്ട്.
- ❖ കോഴി/പൗൾട്രി അറവു മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ജില്ലകളിൽ സ്വകാര്യ പങ്കാളിത്തത്തോടെ 40 റെന്ററിംഗ് പ്ലാന്റുകൾ പ്രവർത്തിച്ചു വരുന്നു.

## 10. മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിൻ

ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 2024 ജൂലൈ 26, 27 തീയതികളിൽ നടന്ന വകുപ്പ് മേധാവികളുടേയും രാഷ്ട്രീയ പാർട്ടികളുടേയും യോഗങ്ങളിൽ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ സർവതല സ്പർശിയായി ജനകീയ പങ്കാളിത്തത്തോടെ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. 2024 ഒക്ടോബർ 2 (ഗാന്ധിജയന്തി ദിനത്തിൽ) തുടക്കം കുറിച്ച് 2025 മാർച്ച് 30ന് (അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനം) ലക്ഷ്യം നേടാൻ കഴിയും വിധത്തിലാണ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്.

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ വിവിധ തലങ്ങളിലായി **1200 നിർവഹണ**

**സമിതി യോഗങ്ങൾ** കേരളത്തിലാകമാനം നടന്നിട്ടുണ്ട്. **ആകെ 51015 പേർ** നിർവഹണ സമിതി യോഗങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. ഇതിൽ 12523 ജനപ്രതിനിധികൾ, 14731 ഉദ്യോഗസ്ഥർ, രാഷ്ട്രീയ പാർട്ടികളുടെ 3737 പ്രതിനിധികൾ, യുവജന സംഘടനകളുടെ 1269 പ്രതിനിധികൾ, വനിതാ സംഘടനകളുടെ 1343 പ്രതിനിധികൾ, വിദ്യാർത്ഥി സംഘടനകളുടെ 704 പ്രതിനിധികൾ, സന്നദ്ധ സംഘടനകളുടെ 1412 പ്രതിനിധികൾ, 15382 മറ്റ് പ്രതിനിധികൾ എന്നീ രീതിയിൽ പങ്കാളിത്തം ഉണ്ടായിരുന്നു. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ്തലത്തിലുള്ള നിർവഹണ സമിതി യോഗങ്ങൾ 13677 വാർഡുകളിൽ നടന്നിട്ടുണ്ട്.

| നിർവഹണ സമിതി യോഗം നടന്നത് | | | | | | | |
|---|---|---|---|---|---|---|---|
| ജില്ല | ജില്ല തലം | ബ്ലോക്ക് തലം | ഗ്രാമപഞ്ചായത്ത് തലം | നഗരസഭ തലം | കോർപ്പറേൻ തലം | ആകെ വാർഡുകൾ | വാർഡ് തലം |
| തിരുവനന്തപുരം | 1 | 11 | 73 | 4 | 1 | 1546 | 665 |
| കൊല്ലം | 1 | 11 | 68 | 4 | 1 | 1420 | 964 |
| പത്തനംത്തിട്ട | 1 | 8 | 53 | 4 | | 920 | 719 |
| ആലപ്പുഴ | 1 | 12 | 72 | 6 | | 1384 | 1227 |
| കോട്ടയം | 1 | 11 | 71 | 6 | | 1344 | 211 |
| ഇടുക്കി | 1 | 8 | 52 | 2 | | 861 | 522 |
| എർണാകുളം | 1 | 14 | 82 | 13 | 1 | 1833 | 1495 |
| തൃശ്ശൂർ | 1 | 16 | 86 | 7 | 1 | 1794 | 1794 |
| പാലക്കാട് | 1 | 13 | 88 | 7 | | 1730 | 1562 |
| മലപ്പുറം | 1 | 15 | 94 | 12 | | 2257 | 822 |
| കോഴിക്കോട് | 1 | 12 | 70 | 7 | 1 | 1566 | 1172 |
| വയനാട് | 1 | 4 | 23 | 3 | | 512 | 396 |
| കണ്ണൂർ | 1 | 11 | 71 | 9 | 1 | 1554 | 1545 |
| കാസർഗോഡ് | 1 | 6 | 38 | 3 | | 777 | 583 |
| ആകെ | 14 | 152 | 941 | 87 | 6 | 19498 | 13677 |

## സംസ്ഥാന തല ഉദ്ഘാടനം

- ഒക്ടോബർ രണ്ടിന് പുലമൺ തോട് പുനരുജ്ജീവന പ്രഖ്യാപനം നടത്തികൊണ്ട് കൊട്ടാരക്കരയിൽ വച്ച് മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി നിർവഹിച്ചു. ധനകാര്യ വകുപ്പ് മന്ത്രി K N ബാലഗോപാൽ അധ്യക്ഷത വഹിച്ചു.
- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി M.B. രാജേഷ് ഹരിത കർമ സേനാ അംഗങ്ങൾക്കും സാനിറ്ററി വർക്കർമാർക്കുമുള്ള സുരക്ഷാ ഉപകരണങ്ങളുടെ വിതരണം നടത്തുകയും RRF ലെ സോർട്ടിങ് ടേബിൾ, കൺവെയർ ബെൽറ്റ്, ഡീഡസ്റ്റർ മെഷീൻ എന്നിവയുടെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. ഹരിത സ്ഥാപനങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട 4 സ്ഥാപനങ്ങൾക്ക് സർട്ടിഫിക്കറ്റ് വിതരണം നടത്തി.
- കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രൊജക്റ്റ് പ്രസിദ്ധീകരിച്ച "ശുചിത്വത്തിന്റെ കുഞ്ഞു ഹീറോസ്" എന്ന കോഫി ടേബിൾ ബുക്ക്, ശുചിത്വ മിഷൻ പ്രസിദ്ധീകരിച്ച "എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം" എന്നീ പുസ്തകങ്ങൾ മൃഗ സംരക്ഷണ വകുപ്പ് മന്ത്രി ചിഞ്ചുറാണി പ്രകാശനം ചെയ്തു.
- ഹരിത കേരളം മിഷൻ കേരളത്തിലെ വിവിധ ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങൾ ആക്കി മാറ്റുവാനുള്ള മാർഗരേഖ ഗതാഗത വകുപ്പ് മന്ത്രി കെ.ബി.ഗണേഷ് കുമാർ പ്രകാശനം ചെയ്തു.
- മാലിന്യ മുക്തം ജനകീയ ക്യാമ്പയിന്റെ റിപ്പോർട്ട് ഹരിത കേരളം മിഷൻ സംസഥാന കോർഡിനേറ്റർ ഡോ. ടി.എൻ.സീമ അവതരിപ്പിച്ചു. യോഗത്തിൽ വിവിധ ഹരിത സ്ഥാപനങ്ങളുടെ സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.

❖ കൊടിക്കുന്നിൽ സുരേഷ് എം.പി മുഖ്യ പ്രഭാഷണം നിർവഹിച്ചു. ജില്ലാ - ബ്ലോക്ക് - ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്മാർ, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു. ഏകദേശം മുവായിരത്തോളം ആളുകൾ യോഗത്തിൽ പങ്കെടുത്തു.

## ഒക്ടോബർ 2-മായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

❖ ഒക്ടോബർ 2-ന് സംസ്ഥാന, ജില്ല, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ബ്ളോക്ക് പ്രാദേശിക, തലങ്ങളിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ സൃഷ്ടിച്ച 1313 മാതൃകകൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്.

❖ സംസ്ഥാനത്തെ 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും 152 ബ്ലോക്ക് പഞ്ചായത്തുകളിലും 14 ജില്ലാ പഞ്ചായത്തുകളിലും കൂടിയ 1313 ഉദ്ഘാടനങ്ങളിൽ 1,83,223 പേർ പങ്കെടുത്തിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

❖ ഇത് കൂടാതെ പഞ്ചായത്ത്, നഗരസഭ, കോർപ്പറേഷൻ വാർഡുകളിലും ഒക്ടോബർ 2 മുതൽ ഒരാഴ്ച കാലം മാലിന്യ സംസ്കരണ രംഗത്തെ ചെറുതും വലുതുമായ വിവിധ മാതൃകകളും പ്രധാന പ്രവർത്തനങ്ങളും ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ 11,252 വാർഡ്തല ഉദ്ഘാടനങ്ങൾ സംസ്ഥാനത്താകെ നടന്നിട്ടുണ്ട്.

❖ ചില തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ഒന്നിലധികം പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ഒക്ടോബർ 2-ന് വിവിധ തലങ്ങളിലായി സംസ്ഥാനത്താകെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ സൃഷ്ടിച്ച 1313 മാതൃകകൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ഈ ഉദ്ഘാടന ചടങ്ങുകളിൽ 183223 ആൾക്കാരുടെ പങ്കാളിത്തം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ഒക്ടോബർ 2-ന് ഉദ്ഘാടനം നടത്തിയ പ്രവർത്തനങ്ങളുടെ ലിസ്റ്റ്**
**(തദ്ദേശ സ്വയംഭരണ സ്ഥാപന തലങ്ങളിലെ വാർഡുകൾ ഒഴികെ)**

| ജില്ല | വിവിധ തലങ്ങളിലുള്ള ഉദ്ഘാടനങ്ങൾ നടത്തേണ്ടത് | ഉദ്ഘാടനം നടന്ന പ്രവർത്തനങ്ങൾ | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | സൗന്ദര്യവൽക്കരണം | ഹരിത ടൂറിസം | ഹരിത വിദ്യാലയം | ഹരിത കലാലയം | ഹരിത സ്ഥാപനം | അടിസ്ഥാന സൗകര്യങ്ങൾ | ശുചീകരണ പ്രവർത്തനങ്ങൾ | മറ്റ് പ്രവത്തനങ്ങൾ | ആകെ |
| തിരുവനന്തപുരം | 90 | 9 | 1 | 9 | 1 | 12 | 31 | 31 | 6 | 100 |
| കൊല്ലം | 86 | 7 | 0 | 2 | 0 | 0 | 32 | 23 | 41 | 105 |
| പത്തനംതിട്ട | 66 | 6 | 0 | 7 | 0 | 2 | 23 | 19 | 12 | 69 |
| ആലപ്പുഴ | 91 | 5 | 0 | 14 | 3 | 1 | 49 | 16 | 8 | 96 |
| കോട്ടയം | 89 | 13 | 0 | 5 | 0 | 3 | 28 | 24 | 19 | 92 |
| ഇടുക്കി | 63 | 3 | 1 | 17 | 0 | 11 | 23 | 13 | 1 | 69 |
| എറണാകുളം | 111 | 12 | 0 | 28 | 0 | 14 | 38 | 13 | 9 | 114 |
| തൃശ്ശൂർ | 111 | 17 | 2 | 4 | 0 | 13 | 62 | 24 | 12 | 134 |
| പാലക്കാട് | 109 | 8 | 1 | 11 | 0 | 13 | 54 | 21 | 9 | 117 |
| മലപ്പുറം | 122 | 6 | 0 | 19 | 0 | 35 | 37 | 13 | 16 | 126 |
| കോഴിക്കോട് | 91 | 7 | 0 | 5 | 0 | 5 | 45 | 31 | 8 | 101 |
| വയനാട് | 31 | 7 | 0 | 6 | 0 | 2 | 9 | 7 | 1 | 32 |
| കണ്ണൂർ | 93 | 8 | 1 | 6 | 0 | 0 | 36 | 21 | 33 | 105 |
| കാസർഗോഡ് | 48 | 5 | 0 | 1 | 0 | 10 | 27 | 8 | 2 | 53 |
| ആകെ | 1201 | 113 | 6 | 134 | 4 | 121 | 494 | 264 | 177 | 1313 |

❖ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിച്ച് നാടിന് സമർപ്പിക്കുന്ന 494 പ്രവർത്തനങ്ങളും 264 ഇടങ്ങളിൽ പൂർത്തീകരിച്ച ശുചീകരണ പ്രവർത്തനങ്ങളും 113 ഇടങ്ങളിൽ സൗന്ദര്യവത്കരണ പ്രവർത്തങ്ങളുടെ തുടക്കവും ഒക്ടോബർ 2 ന് ഉദ്ഘാടനം ചെയ്തു നാടിന് സമർപ്പിച്ചിട്ടുണ്ട്. മാലിന്യകൂമ്പാരങ്ങൾ കണ്ടെത്തി ജനകീയമായി ശുചീകരിച്ച് സൗന്ദര്യവൽക്കരണം നടത്തിയാണ് നാടിനു സമർപ്പിച്ചത്.

❖ സംസ്ഥാനത്തെ 6 ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായി ഒക്ടോബർ 2-ന് പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ 32 ടൂറിസം കേന്ദ്രങ്ങളിൽ ഹരിത ടൂറിസം കേന്ദ്രങ്ങളാക്കി

മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ഒക്ടോബർ 2-ന് ആരംഭിച്ചു.

- ❖ കേരളത്തിലാകമാനം 134 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിദ്യാലയങ്ങളെ ഒക്ടോബർ 2-ന് സമ്പൂർണ ഹരിതവിദ്യാലയമായി പ്രഖ്യാപിച്ചിട്ടുണ്ട്.
- ❖ കേരളത്തിലുള്ള 4 കലാലയങ്ങളെ ഒക്ടോബർ 2-ന് സമ്പൂർണ ഹരിതകലാലയമായി പ്രഖ്യാപിച്ചിട്ടുണ്ട്.
- ❖ കേരളത്തിലെ 121 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുള്ള ഓഫീസുകൾ, ബാങ്കുകൾ, ഓഫീസ് കോംപ്ലക്സുകൾ എന്നിവയെ ഹരിത സ്ഥാപനങ്ങളാക്കി മാറ്റിയിട്ടുണ്ട്. 121 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഹരിത സ്ഥാപന പ്രഖ്യാപനം ഒക്ടോബർ 2-ന് നടത്തി.
- ❖ മാലിന്യ സംസ്കരണ മേഖലയിലെ വിവിധങ്ങളായ 177 അനുബന്ധ പ്രവർത്തനങ്ങളും ഒക്ടോബർ 2 ന് ഉദ്ഘാടനം ചെയ്തു.
- ❖ സംസ്ഥാനത്തെ 6 ടൂറിസം കേന്ദ്രങ്ങളെ (തിരുവനന്തപുരം - പൊന്നുത്തുരുത്ത്, ഇടുക്കി - ഹിൽ വ്യൂ പാർക്ക്, തൃശ്ശൂർ - പീച്ചി ഡാം, അഴീക്കോട് പുനക്കൽ ഡോൾഫിൻ ബീച്ച്, പാലക്കാട് - മംഗലം ഡാം, കണ്ണൂർ - പായം ഇക്കോ പാർക്ക്) ഹരിത ടൂറിസം കേന്ദ്രങ്ങളായി ഒക്ടോബർ മാസത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

**മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിൻ-ജനപങ്കാളിത്തം (സെപ്റ്റംബർ& ഒക്ടോബർ)**

| ജില്ല | ഒക്ടോബർ 2-ന് നടന്ന ഉദ്ഘാടനങ്ങൾ | ഒക്ടോബർ 2 ഉദ്ഘാടനത്തിലെ ജന പങ്കാളിത്തം | യോഗങ്ങളുടെ | | സന്നദ്ധപ്രവർത്തനങ്ങളുടെ | |
|---|---|---|---|---|---|---|
| | | | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം |
| തിരുവനന്തപുരം | 100 | 9586 | 392 | 15494 | 366 | 7325 |
| കൊല്ലം | 105 | 16863 | 181 | 6785 | 196 | 10855 |
| പത്തനംതിട്ട | 69 | 6722 | 102 | 6760 | 1138 | 18940 |
| ആലപ്പുഴ | 96 | 11383 | 161 | 5189 | 999 | 21098 |
| കോട്ടയം | 92 | 9741 | 543 | 4875 | 271 | 8710 |
| ഇടുക്കി | 69 | 13795 | 116 | 2868 | 706 | 8527 |
| എറണാകുളം | 114 | 12025 | 1949 | 14197 | 565 | 15458 |
| തൃശ്ശൂർ | 134 | 15127 | 672 | 9990 | 1636 | 12146 |
| പാലക്കാട് | 117 | 18599 | 291 | 11621 | 3181 | 78898 |
| മലപ്പുറം | 126 | 31069 | 595 | 10604 | 1390 | 30368 |
| കോഴിക്കോട് | 101 | 14468 | 165 | 7749 | 3264 | 92643 |
| വയനാട് | 32 | 3474 | 181 | 5744 | 1709 | 6878 |
| കണ്ണൂർ | 105 | 12171 | 999 | 20873 | 1502 | 109929 |
| കാസർഗോഡ് | 53 | 8200 | 331 | 3953 | 1110 | 27343 |
| ആകെ | 1313 | 183223 | 6678 | 126702 | 18033 | 449118 |

- ❖ സന്നദ്ധ സേവകരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള 18,033 പ്രവർത്തനങ്ങൾ സെപ്റ്റംബർ ഒക്ടോബർ മാസങ്ങളിലായി മാലിന്യമുക്തം നവകേരളം ജനകീയ കാമ്പയിന്റെ ഭാഗമായി നടന്നിട്ടുണ്ട്.
- ❖ കേരളത്തിൽ ആകമാനം സെപ്റ്റംബർ ഒക്ടോബർ മാസങ്ങളിൽ 4,49,118 സന്നദ്ധസേവകർ വിവിധങ്ങളായ പ്രവർത്തങ്ങളിൽ പങ്കെടുത്തിട്ടുണ്ട്.

### ജില്ലാ തല ഉദ്ഘാടനങ്ങളും ഒക്ടോബർ മാസ പ്രവർത്തനങ്ങൾ

### തിരുവനന്തപുരം

- ❖ ഒക്ടോബർ 2-ന് വിവിധ തലങ്ങളിലായി ജില്ലയിലാകെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ സൃഷ്ടിച്ച 100 മാതൃകകൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ഈ ഉദ്ഘാടന ചടങ്ങുകളിൽ ജില്ലയിലാകമാനം 9586 ജനങ്ങൾ പങ്കെടുത്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
- ❖ സന്നദ്ധ സേവകരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള 160 പ്രവർത്തനങ്ങൾ മാലിന്യമുക്തം നവകേരളം ജനകീയ കാമ്പയിന്റെ ഭാഗമായി ജില്ലയിൽ നടന്നിട്ടുണ്ട്. അതിൽ 1105 സന്നദ്ധസേവകരുടെ പങ്കാളിത്തം ഉണ്ടായിരുന്നു.

- ജനകീയ ക്യാമ്പയിന്റെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ്തലത്തിലുള്ള നിർവഹണ സമിതി യോഗങ്ങൾ 292 വാർഡുകളിൽ ജില്ലയിൽ നടന്നിട്ടുണ്ട്.
- മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ ജില്ലയിലെ കിളിമാനൂർ ബ്ലോക്കിൽ പഴയ കുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ പഞ്ചായത്ത് ബസ്സ്റ്റാൻഡിൽ ആറ്റിങ്ങൽ എംഎൽഎ ഒ.എസ് അംബിക നിർവഹിച്ചു.
- കിളിമാനൂർ ടൗൺ സൗന്ദര്യവൽക്കരണം, ഹരിത കലാലയങ്ങളുടെയും ഹരിത സ്ഥാപനങ്ങളുടെയും ഹരിത വിദ്യാലയങ്ങളുടെയും സർട്ടിഫിക്കറ്റു വിതരണം ഹരിത കർമ്മ സേന അംഗങ്ങൾക്കുള്ള പുഷ് കാർഡ് സെഗ്രഗേഷൻ ടേബിൾ വിതരണം എന്നിവ നടന്നു.
- ക്യാമ്പയിന്റെ ഉദ്ഘാടന ചടങ്ങിൽ 850ലധികം ആളുകൾ കനത്ത മഴയിലും ആദ്യവസാനം പങ്കെടുത്തു.
- കിളിമാനൂർ ടൗൺ സൗന്ദര്യവൽക്കരണത്തിന് വേണ്ടി ഗ്രീൻസ് എക്കോ സൊല്യൂഷൻസ് സ്പോൺസർ ചെയ്ത 100 ചെടികൾ വ്യാപാര വ്യവസായി ഏകോപനസമിതി പ്രസിഡന്റിന് നൽകി.
- മാലിന്യ സംസ്കരണത്തിന്റെ രീതിശാസ്ത്രം പൊതുജനങ്ങൾക്ക് മനസ്സിലാകുന്ന രീതിയിലുള്ള സ്റ്റാളുകൾ ക്രമീകരിച്ചു. ഹരിത കർമ്മ സേന കളക്ട് ചെയ്യുന്ന പാഴ്വസ്തുക്കളായ തുണികൾ ഉപയോഗിച്ച് നിർമ്മിക്കാൻ കഴിയുന്ന മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രദർശനവും നടന്നു.
- ജില്ലയിലെ 31 ഇടങ്ങളിൽ ശുചീകരണവും 9 ഇടങ്ങളിൽ സൗന്ദര്യവത്ക്കരണവും നടത്തി ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ഒൻപതു വിദ്യാലങ്ങളെയും ഒരു കലാലയത്തെയും ഹരിതമാക്കിയിട്ടുണ്ട്.
- 34 ഇടങ്ങളിൽ മാലിന്യ സംസ്കരണ മേഖലയിൽ അടിസ്ഥാന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ആയതിൽ ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലായി 8 ടേക്ക് എ ബ്രേക്കുകളും 3 എം.സി.എഫുകളും 6 തുമ്പൂർമുഴികളും ഉദ്ഘാടനം ചെയ്തു.
- പാങ്ങോട് ഗ്രാമപഞ്ചായത്തിലെ ഹരിത കർമസേന കൺസോർഷ്യം, ഉൽപാദിപ്പിച്ച 'ജൈവ പോഷിണി' ജൈവവളത്തിന്റെ വിപണന ഉദ്ഘാടനവും നടന്നു.
- നേമം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ ഉള്ള 7 പഞ്ചായത്തുകളിലെയും ഹരിത കർമ്മ സേന സംഗമവും അവർക്ക് കളക്ഷൻ ബാഗ് വിതരണവും പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി ഒ.ആർ.കേളു ഉദ്ഘാടനം ചെയ്തു.
- പോത്തൻകോട് ഗ്രാമപഞ്ചായത്ത് മാലിന്യമുക്ത ക്യാമ്പയിൻ പഞ്ചായത്ത് തല കമ്മ്യൂണിറ്റി കമ്പോസ്റ്റ് പിറ്റ് ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു.

**കൊല്ലം**

- ഒക്ടോബർ 2-ന് വിവിധ തലങ്ങളിലായി ജില്ലയിലാകെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ സൃഷ്ടിച്ച 105 മാതൃകകൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ഈ ഉദ്ഘാടന ചടങ്ങുകളിൽ ജില്ലയിലാകമാനം 16863 ജനങ്ങൾ പങ്കെടുത്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
- സന്നദ്ധ സേവകരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള 45 പ്രവർത്തനങ്ങൾ മാലിന്യമുക്തം നവകേരളം ജനകീയ കാമ്പയിന്റെ ഭാഗമായി ജില്ലയിൽ നടന്നിട്ടുണ്ട്. അതിൽ 2346 സന്നദ്ധസേവകരുടെ പങ്കാളിത്തം ഉണ്ടായിരുന്നു.
- ജനകീയ ക്യാമ്പയിന്റെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ്തലത്തിലുള്ള നിർവഹണ സമിതി യോഗങ്ങൾ 430 വാർഡുകളിൽ ജില്ലയിൽ നടന്നിട്ടുണ്ട്.
- കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായലിന്റെ ശുദ്ധീകരിച്ച 30 കടവുകളുടെയും ബോട്ടിൽ ബൂത്ത് / ക്യാമറ എന്നിവ സ്ഥാപിച്ചതിന്റെയും ഉദ്ഘാടനം നിർവഹിച്ചു കൊണ്ടാണ് മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ജില്ലാതല പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. ചവറ എം.എൽ.എ ഡോ.സിജിത്ത് വിജയൻ പിള്ള അധ്യക്ഷത വഹിച്ചു.
- പടവുകൾ കെട്ടി മനോഹരമാക്കുകയും ആളുകൾക്ക് വിശ്രമിക്കുന്നതിനായി ബെഞ്ചുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഹരിത കർമ്മസേന പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, തുടങ്ങി 300 പേർ പരിപാടിയിൽ പങ്കെടുത്തു.
- ജില്ലയിലെ 23 ഇടങ്ങളിൽ ശുചീകരണവും 7 ഇടങ്ങളിൽ സൗന്ദര്യവത്ക്കരണവും നടത്തി ഉദ്ഘാടനം

ചെയ്തിട്ടുണ്ട്. 32 ഇടങ്ങളിൽ മാലിന്യ സംസ്കരണ മേഖലയിൽ അടിസ്ഥാന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

- ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 9 ടേക്ക് എ ബ്രേക്കുകളും 9 എം.സി.എഫുകളും 11 തുമ്പൂർമുഴികളും ഒരു നാപ്കിൻ ഡിസ്ട്രോയെർ യൂണിറ്റും ഒരു ഡബിൾ ചേംബർ ഇൻസിനേറ്ററും ഉദ്ഘാടനം ചെയ്തു.
- ജില്ലയിൽ ആകെ പരിശോധന നടത്തിയ 4503 സ്ഥാപനങ്ങളിൽ 1876 സ്ഥാപനങ്ങളും (42%), ആകെയുള്ള 1239 വിദ്യാലയങ്ങളിൽ 725 വിദ്യാലയങ്ങളും 84 കലാലയങ്ങളിൽ പരിശോധന നടത്തിയതിൽ 51 കലാലയങ്ങളുംഹരിത സ്ഥാപന പദവിക്ക് അർഹത നേടി. സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങളായി നവംബർ 1 ന് പ്രഖ്യാപിക്കുന്നതാണ്.

**പത്തനംതിട്ട**

- ഒക്ടോബർ 2-ന് വിവിധ തലങ്ങളിലായി ജില്ലയിലാകെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ സൃഷ്ടിച്ച 69 മാതൃകകൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ഈ ഉദ്ഘാടന ചടങ്ങുകളിൽ ജില്ലയിലാകമാനം 6722 ജനങ്ങൾ പങ്കെടുത്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
- സന്നദ്ധ സേവകരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള 335 പ്രവർത്തനങ്ങൾ മാലിന്യമുക്തം നവകേരളം ജനകീയ കാമ്പയിന്റെ ഭാഗമായി ജില്ലയിൽ നടന്നിട്ടുണ്ട്. അതിൽ 1140 സന്നദ്ധസേവകരുടെ പങ്കാളിത്തം ഉണ്ടായിരുന്നു.
- ജനകീയ ക്യാമ്പയിന്റെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ്തലത്തിലുള്ള നിർവഹണ സമിതി യോഗങ്ങൾ 714 വാർഡുകളിൽ ജില്ലയിൽ നടന്നിട്ടുണ്ട്.
- മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ജില്ലാ തല ഉദ്ഘാടനം ചെന്നീർക്കര സർക്കാർ ഐടിഐയിൽ സ്ഥാപിച്ച ഗോബർധൻ ബയോഗ്യാസ് പ്ലാൻറിന്റെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് ആരോഗ്യ വകുപ്പ് മന്ത്രി വീണ ജോർജ്ജ് ക്യാമ്പയിന് തുടക്കം കുറിച്ചു. സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ളവർ അണിനിരന്ന ശുചിത്വ സന്ദേശ റാലിയും ചടങ്ങിനോട് അനുബന്ധിച്ചു സംഘടിപ്പിച്ചു.
- ജില്ലയിൽ 19 ഇടങ്ങളിൽ ശുചീകരണം നടത്തി. 6 പ്രദേശങ്ങളെ സൗന്ദര്യവത്ക്കരണവും നടത്തി ഉദ്ഘാടനം ചെയ്തിട്ടുണ്ട്. 23 ഇടങ്ങളിൽ മാലിന്യ സംസ്കരണ മേഖലയിൽ അടിസ്ഥാന പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്.
- വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 4 ടേക്ക് എ ബ്രേക്കുകളും 3 എം.സി.എഫുകളും 3 തുമ്പൂർമുഴികളും 2 നാപ്കിൻ ഡിസ്ട്രോയെർ യൂണിറ്റും ഒരു തുണി സഞ്ചി നിർമ്മാണ യൂണിറ്റും ഉദ്ഘാടനം ചെയ്തു.
- നാഷണൽ സർവീസ് സ്കീം, ബാൻഡ്, ഹരിതകർമസേന, കുടുംബശ്രീ, വിദ്യാർഥികൾ, അധ്യാപകർ തുടങ്ങി സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ളവർ അണിനിരന്ന ശുചിത്വ സന്ദേശ റാലി ചെന്നീർക്കര ഐടിഐയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്, ജില്ലാ കലക്ടർ എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു.
- ജില്ലയിൽ 8 ബ്ളോക്ക് പഞ്ചായത്തുകളിലും 4 നഗരസഭകളിലും 53 ഗ്രാമപഞ്ചായത്തുകളിലും മാതൃകാ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു നഗരസഭാതലത്തിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ, എം.സി.എഫ് ഉദ്ഘാടനം, നീർച്ചാൽ ശുചീകരണം, ഹരിത മാർക്കറ്റ്, പൊതു സ്ഥല സൗന്ദര്യവൽക്കരണം, ക്ളീൻ സിറ്റി ഡ്രൈവ് എന്നീ പ്രവർത്തനങ്ങളാണ് നടന്നത്.
- ബ്ളോക്ക് തലത്തിൽ ബ്ളോക്ക് തല ശുചിത്വ പ്രഖ്യാപനം, സ്കൂൾ കുട്ടികളെ കേന്ദ്രീകരിച്ച് ചിത്രരചന മൽസരം, ആർ.ആർ.എഫ് നവീകരണം, വിശ്രമ കേന്ദ്രത്തിന്റെ ഉദ്ഘാടനം, ബ്ളോക്ക് ഓഫീസ് ശുചീകരണം, സൗന്ദര്യവൽക്കരണം, നാപ്കിൻ ഡിസ്ട്രോയർ പ്രവർത്തന ഉദ്ഘാടനം, ടോയിലറ്റ് കോംപ്ളക്സ് ഉദ്ഘാടനം, ബയോ ബിൻ ഉദ്ഘാടനം എന്നീ പ്രവർത്തനങ്ങളാണ് നടന്നത്.
- ഗ്രാമപഞ്ചായത്ത് തലത്തിൽ ടൗണുകൾ, ജംഗ്ഷനുകൾ, മാർക്കറ്റുകൾ ശുചീകരണം, സൗന്ദര്യവൽക്കരണം, ഹരിത വിദ്യാലയ പ്രഖ്യാപനം, ശുചിത്വ സന്ദേശ റാലി, എം.സി.എഫ് ഉദ്ഘാടനം, പച്ചതുരുത്തിനായി വൃക്ഷതൈ നടീൽ, നീർച്ചാൽ നവീകരണം, മിനി എം.സി.എഫ് ശുചീകരണം,

തുമ്പൂർമൂഴി ഉദ്ഘാടനം, എം.സി റോഡ് വശങ്ങൾ സൌന്ദര്യവൽക്കരണ പ്രവർത്തന ഉദ്ഘാടനം, മാലിന്യ കൂന നീക്കം ചെയ്യൽ, ഗാർഹിക ബയോബിൻ വിതരണം,ടേക്ക് എ ബ്രേക്ക് ഉദ്ഘാടനം,ഹരിത അംഗൻവാടി പ്രഖ്യാപനം,ബസ് സ്റ്റാൻഡ് ശുചീകരണം, ഘടക സ്ഥാപന ശുചീകരണം,ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ, സ്കൂളുകൾ ശുചീകരിക്കൽ, ബയോ ഗ്യാസ് പ്ളാന്റ് ഉദ്ഘാടനം, ഹരിതകർമ്മസേന ട്രാക്റ്റർ ഉദ്ഘാടനം, ഹരിത അയൽക്കൂട്ടം ഉദ്ഘാടനം എന്നീ പ്രവർത്തനങ്ങളാണ് ഒക്ടോബർ 2 ന് നടന്നത്.

**ആലപ്പുഴ**

- ഒക്ടോബർ 2-ന് വിവിധ തലങ്ങളിലായി ജില്ലയിലാകെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ സൃഷ്ടിച്ച 96 മാതൃകകൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ഈ ഉദ്ഘാടന ചടങ്ങുകളിൽ ജില്ലയിലാകമാനം 11384 ജനങ്ങൾ പങ്കെടുത്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
- സന്നദ്ധ സേവകരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള 685 പ്രവർത്തനങ്ങൾ മാലിന്യമുക്തം നവകേരളം ജനകീയ കാമ്പയിന്റെ ഭാഗമായി ജില്ലയിൽ നടന്നിട്ടുണ്ട്. അതിൽ 10976 സന്നദ്ധസേവകരുടെ പങ്കാളിത്തം ഉണ്ടായിരുന്നു.
- ജനകീയ ക്യാമ്പയിന്റെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ്തലത്തിലുള്ള നിർവഹണ സമിതി യോഗങ്ങൾ 839 വാർഡുകളിൽ നടന്നിട്ടുണ്ട്.
- ഒക്ടോബർ 2 ന് ആലപ്പുഴ ജനറൽ ആശുപത്രി കോമ്പൗണ്ടിൽ കാർഷിക വികസന ക്ഷേമകാര്യ വകുപ്പ് മന്ത്രി പി.പ്രസാദ് ദ്രവമാലിന്യ സംസ്കരണ പ്ലാന്റിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു കൊണ്ട് മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ജില്ലാ തല പ്രവർത്തനങ്ങൾ ആരംഭിച്ചു.
- ജില്ലയിൽ വിവിധ ഇടങ്ങളിൽ വ്യത്യസ്തമായ മാലിന്യ സംസ്കരണ പരിപാടികളും നഗര സൗന്ദര്യവത്കരണ പരിപാടികളും ഒക്ടോബർ 2 ന് തുടക്കമായി. വൈവിധ്യങ്ങളായ 16 ശുചീകരണ പ്രവർത്തനങ്ങളും 5 സൗന്ദര്യ പ്രവർത്തനങ്ങളും ജില്ലയിലുടനീളം നടന്നു.
- പുതിയതായി 4 പച്ചത്തുരുത്തുകൾ, 28 ഹരിത വിദ്യാലയം, 3 ഹരിതകലാലയം, 26 ഹരിത ഓഫീസുകൾ, ഹരിത അംഗൻവാടികൾ എന്നിവയുടെ പ്രഖ്യാപനവും ഒക്ടോബർ 2 ന് നടന്നു.
- ജില്ലയിൽ 3 ടേക്ക് എ ബ്രേക്ക് ശുചിമുറി സമുച്ചയങ്ങൾ ഉദ്ഘടനം നടത്തി. ഹരിതകർമ്മ സേനയുടെ ഡീപ് ക്ലീനിങ് യൂണിറ്റ്, ഹരിതകർമസേനയുടെ നേതൃത്വത്തിൽ ഹരിത സംരംഭമായ LED ബൾബ് നിർമ്മാണ - റിപ്പയർ യൂണിറ്റിന്റെ പ്രവർത്തന ഉദ്ഘാടനം, ഹരിതകർമ്മ സേന പ്രവർത്തകർക്ക് ട്രോളി വിതരണം, സുരക്ഷാ ഉപകരണങ്ങളുടെ വിതരണം എന്നിവയും ജില്ലയിൽ നടന്നു.
- ജില്ലയിൽ STP പദ്ധതിക്ക് 3.45 കോടി രൂപയുടെ ഭരണാനുമതിയും 3.056 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭ്യമാക്കി 2,70,38,886/- രൂപയ്ക്കാണ് വേണാട് ഡിസൈനേഴ്സ് & കോൺട്രാക്ടേഴ്സ് എന്ന കമ്പനി കരാറിലേർപ്പെട്ട് പ്രവൃത്തി പൂർത്തികരിച്ചത്.

**കോട്ടയം**

- ഒക്ടോബർ 2-ന് വിവിധ തലങ്ങളിലായി ജില്ലയിലാകെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ സൃഷ്ടിച്ച 92 മാതൃകകൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ഈ ഉദ്ഘാടന ചടങ്ങുകളിൽ ജില്ലയിലാകമാനം 9741 ജനങ്ങൾ പങ്കെടുത്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
- സന്നദ്ധ സേവകരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള 206 പ്രവർത്തനങ്ങൾ മാലിന്യമുക്തം നവകേരളം ജനകീയ കാമ്പയിന്റെ ഭാഗമായി ജില്ലയിൽ നടന്നിട്ടുണ്ട്. അതിൽ 295 സന്നദ്ധസേവകരുടെ പങ്കാളിത്തം ഉണ്ടായിരുന്നു.
- ജനകീയ ക്യാമ്പയിന്റെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ്തലത്തിലുള്ള നിർവഹണ സമിതി യോഗങ്ങൾ 552 വാർഡുകളിൽ ജില്ലയിൽ നടന്നിട്ടുണ്ട്.
- മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ജില്ലാ തല ഉദ്ഘാടനം കുമരകം ഗ്രാമപഞ്ചായത്തിലെ മൊബൈൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഉദ്ഘാടനം ചെയ്തു കൊണ്ട് സഹകരണ മന്ത്രി വി.എൻ.വാസവൻ നിർവഹിച്ചു.
- ജില്ലയിൽ 24 ഇടങ്ങളിൽ ശുചീകരണം നടത്തി. 13 പ്രദേശങ്ങളെ സൗന്ദര്യവത്ക്കരണവും നടത്തി

ഉദ്ഘാടനം ചെയ്തിട്ടുണ്ട്. 28 ഇടങ്ങളിൽ മാലിന്യ സംസ്കരണ മേഖലയിൽ അടിസ്ഥാന പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്

- ❖ കോട്ടയം ജില്ലയിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 3 ടേക്ക് എ ബ്രേക്കുകളും 2 ആർ.ആർ.എഫുകൾ 8 എം.സി.എഫുകളും 5 തുമ്പൂർമുഴികൾ 2 ബെയ്‌ലിങ് മെഷീനുകൾ ഒരു അഗ്രോ പാർക്ക് 2 സ്നേഹാരമാം എന്നിവ ഉദ്ഘാടനം ചെയ്തു.
- ❖ ഹരിത ടൂറിസം ഡെസ്റ്റിനേഷൻ ആയ പുഞ്ചവയൽക്കാറ്റ് സൗന്ദര്യവൽക്കരണം നടത്തുകയും, ഒരു തോടിനെയും ഒരു പുഴയെയും ശുചീകരണം നടത്തുകയും 2 മെഗാ ക്ലീനിങ് നടത്തുകയും ചെയ്തു.

## ഇടുക്കി

- ❖ ഒക്ടോബർ 2-ന് വിവിധ തലങ്ങളിലായി ജില്ലയിലാകെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ സൃഷ്ടിച്ച 69 മാതൃകകൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ഈ ഉദ്ഘാടന ചടങ്ങുകളിൽ ജില്ലയിലാകമാനം 13795 ജനങ്ങൾ പങ്കെടുത്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
- ❖ സന്നദ്ധ സേവകരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള 353 പ്രവർത്തനങ്ങൾ മാലിന്യമുക്തം നവകേരളം ജനകീയ കാമ്പയിന്റെ ഭാഗമായി ജില്ലയിൽ നടന്നിട്ടുണ്ട്. അതിൽ 3950 സന്നദ്ധസേവകരുടെ പങ്കാളിത്തം ഉണ്ടായിരുന്നു.
- ❖ ജനകീയ ക്യാമ്പയിന്റെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ്തലത്തിലുള്ള നിർവഹണ സമിതി യോഗങ്ങൾ 517 വാർഡുകളിൽ ജില്ലയിൽ നടന്നിട്ടുണ്ട്.
- ❖ മാലിന്യ നിർമ്മാർജ്ജനത്തിനായി ജനകീയ ക്യാമ്പയിന് ഇടുക്കിയിൽ തുടക്കം കുറിക്കുന്നതിന്റെ ഭാഗമായി ഇടുക്കി മെഡിക്കൽ കോളേജിൽ നടന്ന ചടങ്ങിൽ വിവിധ ഹരിത കലാലയങ്ങൾക്കും ഹരിത ടൂറിസം കേന്ദ്രമായ ഹിൽ വ്യൂ പാർക്കിനും, ഹരിത ഓഫീസുകൾക്കും, മന്ത്രി റോഷി അഗസ്റ്റിൻ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.
- ❖ വിവിധ കലാലയങ്ങളിൽനിന്നും എത്തിയ എൻഎസ്എസ് യൂണിറ്റുകളിലെ വിദ്യാർത്ഥികൾ വിവിധ സംഘടന പ്രവർത്തകർ കുടുംബശ്രീ അംഗങ്ങൾ ഹരിതകർമ്മ സേന പ്രവർതകർ, രാഷ്ട്രീയ സന്നദ്ധ പ്രവർത്തകർ അടക്കം 600 ഓളം പേർ മെഡിക്കൽ കോളേജിലെ ശുചീകരണ പ്രവർത്തനത്തിൽ പങ്കാളികളായി.
- ❖ ജില്ലയിൽ 13 ഇടങ്ങളിൽ ശുചീകരണം നടത്തി. 3 പ്രദേശങ്ങളെ സൗന്ദര്യവത്ക്കരണവും നടത്തി ഉദ്ഘാടനം ചെയ്തിട്ടുണ്ട്. 23 ഇടങ്ങളിൽ മാലിന്യ സംസ്കരണ മേഖലയിൽ അടിസ്ഥാന പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്.
- ❖ ജില്ലയിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 2 ടേക്ക് എ ബ്രേക്കുകളും 3 എം.സി.എഫുകളും ഒരു തുമ്പൂർമുഴികളും ഒരു വിൻറോ കമ്പോസ്റ്റിംഗ് യൂണിറ്റും ഉദ്ഘാടനം ചെയ്തു.
- ❖ ഹിൽ വ്യൂ പോയിന്റിനെ ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിച്ചു.

## എറണാകുളം

- ❖ ഒക്ടോബർ 2-ന് വിവിധ തലങ്ങളിലായി ജില്ലയിലാകെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ സൃഷ്ടിച്ച 114 മാതൃകകൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ഈ ഉദ്ഘാടന ചടങ്ങുകളിൽ ജില്ലയിലാകമാനം 12025 ജനങ്ങൾ പങ്കെടുത്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
- ❖ സന്നദ്ധ സേവകരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള 292 പ്രവർത്തനങ്ങൾ മാലിന്യമുക്തം നവകേരളം ജനകീയ കാമ്പയിന്റെ ഭാഗമായി ജില്ലയിൽ നടന്നിട്ടുണ്ട്. അതിൽ 6583 സന്നദ്ധസേവകരുടെ പങ്കാളിത്തം ഉണ്ടായിരുന്നു.
- ❖ ജനകീയ ക്യാമ്പയിന്റെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ്തലത്തിലുള്ള നിർവഹണ സമിതി യോഗങ്ങൾ 471 വാർഡുകളിൽ ജില്ലയിൽ നടന്നിട്ടുണ്ട്.
- ❖ മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ജില്ലാ തല ഉദ്ഘാടനം ഏലൂർ മുൻസിപ്പാലിറ്റിയിൽ നഗരസഭ ഓഫീസ് മുതൽ പാതാളം ജംഗ്ഷൻ വരെ നടപ്പിലാക്കിയ ഹരിതവീഥി ഉൽഘടനം വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് നിർവഹിച്ചു. 500 പേർ പങ്കെടുത്തു.

- എറണാകുളം സൗത്ത് കെഎസ്ആർടിസി ബസ് സ്റ്റാൻഡ്, കോതമംഗലം ബസ് സ്റ്റാൻഡ്, എന്നിവ ജനകീയ പങ്കാളിത്തത്തോടെ സൗന്ദര്യവൽക്കരിക്കുന്ന പരിപാടികളുടെ ഉദ്ഘാടനം നടന്നു.
- എറണാകുളം ജില്ലയിൽ 13 ഇടങ്ങളിൽ ശുചീകരണം നടത്തി. 12 പ്രദേശങ്ങളെ സൗന്ദര്യവത്ക്കരണവും നടത്തി ഉദ്ഘാടനം ചെയ്തിട്ടുണ്ട്. 38 ഇടങ്ങളിൽ മാലിന്യ സംസ്കരണ മേഖലയിൽ അടിസ്ഥാന പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്.
- എറണാകുളം ജില്ലയിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 2 ടേക്ക് എ ബ്രേക്കുകളും 2 എം.സി.എഫുകളും 3 തുമ്പൂർമുഴികളും ഒരു നാപ്കിൻ ഡിസ്ട്രോയെർ യൂണിറ്റും ഒരു സ്വാപ് ഷോപ്, ഇ - ഓട്ടോ വിതരണം, ഗ്രീൻ ഫെസിലിറ്റേഷൻ സെന്റർ എന്നിവ ഉദ്ഘാടനം ചെയ്തു.
- കൊച്ചി കോർപറേഷൻ, എറണാകുളം കെഎസ്ആർടിസി സൗന്ദര്യവൽക്കരണം പ്രവർത്തനങ്ങൾക്കായി ജനകീയ പങ്കാളിത്തത്തോടെയുള്ള ബോധവൽക്കരണ പരിപാടികളുടെ ഉദ്ഘാടനം കൊച്ചി മേയർ നിർവ്വഹിച്ചു.
- കൂത്താട്ടുകുളം കെഎസ്ആർടിസി സ്റ്റാൻഡിനോടുചേർന്നുള്ള സ്ഥലത്ത് നഗരസഭയുടെ ഫലവൃക്ഷത്തോട്ടം നിർമാണം ഉദ്ഘാടനം ചെയ്തു. മാലിന്യം നിറഞ്ഞ പ്രദേശത്ത് ഫലവൃക്ഷത്തോട്ടമൊരുക്കി. കെഎസ്ആർടിസി സ്റ്റാൻഡിനോടു ചേർന്നുള്ള സ്ഥലം ശുചീകരിച്ചാണ് പച്ചത്തുരുത്ത് ഒരുക്കുന്നത്.
- സെൻട്രൽ ജംഗ്ഷനിലും സബ്രജിസ്ട്രാർ ഓഫീസിനു സമീപത്തും അലങ്കാരച്ചെടികൾ, സർക്കാർ ഓഫീസ് മതിലുകൾ വൃത്തിയാക്കി ശുചിത്വ സന്ദേശങ്ങൾ എഴുതി. നഗരസഭാ ഉദ്ഘാടനം ചെയ്തു.
- നോർത്ത് പറവൂർ നഗരസഭ ശുചിത്വ സന്ദേശയാത്ര ചെയർപേഴ്സൺ ഉദ്ഘാടനം ചെയ്തു. ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് കാഞ്ഞിരമറ്റം അഗ്രോ മാർട്ടിൽ സ്വാപ് ഷോപ്പ് ഉദ്ഘാടനം നടത്തി. ഓപ്പൺ ജിം.പാർക്ക്, ഹരിതവീഥി എന്നിവയുടെ ഉദ്ഘാടനം നിർവ്വഹിച്ചു.
- ഒക്ടോബർ 2 ന് തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലെ അന്ധകാരത്തോടിൽ ശുചീകരണ യജ്ഞ നടത്തി. ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിലെ കാഞ്ഞിരമറ്റം മില്ലുങ്കൽ നിർമിച്ച വഴിയോര വിശ്രമ കേന്ദ്രം ജില്ലാ കളക്ടർ NSK ഉമേഷ് നാടിനു സമർപ്പിച്ചു.
- തൃക്കാക്കര മുൻസിപ്പാലിറ്റി ഓഫീസിന് സമീപം, മാലിന്യ കൂമ്പാരമായി കിടന്നിരുന്ന (തൃക്കാക്കര ബസ് സ്റ്റാൻഡ്-ഓട്ടോ സ്റ്റാൻഡ് സമീപം) ഭൂമിയിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി ജൈവവേലി നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. മരട് മുനിസിപ്പാലിറ്റി, വീട്ടുമുറ്റ സദസ്സുകൾ ആരംഭിച്ചു. അഞ്ച് ക്ലാസ്സുക്കൾ പൂർത്തിയാക്കി.
- എൻജിഒ യൂണിയൻ ടൗൺ ബ്യൂട്ടിഫിക്കേഷൻ നടത്തി. ബോട്ട് ജെട്ടി ഓഫീസിന് മുന്നിലുള്ള സ്ഥലം വൃത്തിയാക്കി പൂച്ചെടികൾ വച്ചുകൊണ്ട് പ്രവർത്തനങ്ങളുടെ ഉദ്ഘാടനം മേയർ നിർവഹിച്ചു.
- വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ യൂത്ത് മീറ്റും ഗ്രീൻ ടോക്കും നടത്തി.

**തൃശ്ശൂർ**

- ഒക്ടോബർ 2-ന് വിവിധ തലങ്ങളിലായി ജില്ലയിലാകെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ സൃഷ്ടിച്ച 134 മാതൃകകൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ഈ ഉദ്ഘാടന ചടങ്ങുകളിൽ ജില്ലയിലാകമാനം 15127 ജനങ്ങൾ പങ്കെടുത്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
- സന്നദ്ധ സേവകരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള 818 പ്രവർത്തനങ്ങൾ മാലിന്യമുക്തം നവകേരളം ജനകീയ കാമ്പയിന്റെ ഭാഗമായി ജില്ലയിൽ നടന്നിട്ടുണ്ട്. അതിൽ 5358 സന്നദ്ധസേവകരുടെ പങ്കാളിത്തം ഉണ്ടായിരുന്നു.
- ജനകീയ ക്യാമ്പയിന്റെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ്തലത്തിലുള്ള നിർവഹണ സമിതി യോഗങ്ങൾ 1800 വാർഡുകളിൽ ജില്ലയിൽ നടന്നിട്ടുണ്ട്.
- പീച്ചി ഡാം, അഴീക്കോട് മുനക്കൽ ഡോൾഫിൻ ബീച്ച് എന്നീ രണ്ട് ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചു കൊണ്ടു റവന്യൂ ഭവന നിർമ്മാണ വകുപ് മന്ത്രി കെ. രാജൻ ഉദ്ഘാടനം നിർവഹിച്ചു.
- നെൻമണിക്കര ഗ്രാമപഞ്ചായത്ത് അങ്കണത്തിൽ വച്ച് നടത്തിയ തൃശ്ശൂർ ജില്ലാതല ഉദ്ഘാടന ചടങ്ങിൽ പുതുക്കാട് എംഎൽഎ കെ.കെ.രാമചന്ദ്രൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് തൃശ്ശൂർ ജില്ലാ

കലക്ടർ മറ്റു വകുപ്പ്തല ഉദ്യോഗസ്ഥർ അടക്കം 600 ൽപരം ആളുകൾ പങ്കെടുത്തു.

- ഹരിത കേരളം മിഷൻ ഹരിത പദവി നൽകി 469 വിദ്യാലയങ്ങളെ ഹരിത വിദ്യാലയങ്ങളായി പ്രഖ്യാപിച്ചു.
- എം.എൽ.എമാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും തുക വിനിയോഗിച്ചു കൊണ്ടു 54 ഹയർ സെക്കൻഡറി സ്കൂളുകളിലായി സ്ഥാപിച്ചിട്ടുള്ള ജലഗുണനിലവാര പരിശോധന ലാബുകളിലേക്കുള്ള രണ്ടാംഘട്ട കിറ്റുകളുടെ വിതരണവും നിർവഹിച്ചു.
- വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 100-ൽ അധികം മാതൃകാ പദ്ധതികളാണ് ജില്ലയിൽ ഉദ്ഘാടനം നിർവഹിക്കപ്പെട്ടത്. തൃശ്ശൂർ കോർപ്പറേഷനിൽ ഇൻസിനറേറ്റർ ഉദ്ഘാടനം, പാണഞ്ചേരിയിൽ ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തന ഉദ്ഘാടനം, വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്തിലെ ഘടക സ്ഥാപനങ്ങളുടെ ഹരിത സ്ഥാപന പ്രഖ്യാപനം, പുത്തൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ദേശീയപാത പരിസരത്ത് മാലിന്യങ്ങൾ നീക്കം ചെയ്ത് ജൈവവേലി സ്ഥാപിക്കൽ, ചാലക്കുടി മുൻസിപ്പാലിറ്റിയിൽ റിസോർസ് റിക്കവറി സെന്ററിന്റെ പ്രവർത്തന ഉദ്ഘാടനം മാടക്കത്തറ ഗ്രാമപഞ്ചായത്തിൽ അഞ്ചേക്കർ തരിശുഭൂമി നെൽകൃഷി ആരംഭിക്കുന്നതിന്റെ ഉദ്ഘാടന പ്രവർത്തനവും ജില്ലയിൽ സംഘടിപ്പിച്ചു.
- ജില്ലയിലെ പ്രധാനപ്പെട്ട ടൗണുകളിലും, കവലകളിലും തോടുകളിലും ജനകീയ പങ്കാളിത്തത്തോടെ ശുചീകരണ പ്രവർത്തനങ്ങൾ ശുചീകരണ റാലികൾ, ബോധവൽക്കരണ ക്ലാസുകൾ എന്നിവയും ക്യാമ്പയിന്റെ ഭാഗമായി സംഘടിപ്പിച്ചു.
- തൃശ്ശൂർ കോർപ്പറേഷൻ ഡബിൾ ചേമ്പർ ഇൻസിനറേറ്റർ റവന്യൂ വകുപ്പ് മന്ത്രി കെ രാജൻ ഉദ്ഘാടനം നിർവഹിച്ചു. 300ൽ പരം ആളുകൾ പ്രസ്തുത ചടങ്ങിൽ പങ്കാളികളായി. പ്ലാന്റ് സംഭാവന ചെയ്ത ആന്റണി പാറെക്കാടിലിനു മന്ത്രി ഉപഹാരം നൽകി ആദരിച്ചു.
- ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് പരിസരം ശുചീകരിച്ച് സൗന്ദര്യവൽക്കരണവും നടത്തി. ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് ടൗൺ ശുചീകരണം ഇരിഞ്ഞാലാകുട ബ്ലോക്ക്പഞ്ചായത്ത് പരിസരവും സിഎച്ച്എസ്ഇ പരിസരവും ശുചീകരിച്ച് സൗന്ദര്യവൽക്കരണം നടന്നു.

### പാലക്കാട്

- ഒക്ടോബർ 2-ന് വിവിധ തലങ്ങളിലായി ജില്ലയിലാകെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ സൃഷ്ടിച്ച 117 മാതൃകകൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ഈ ഉദ്ഘാടന ചടങ്ങുകളിൽ ജില്ലയിലാകമാനം 18599 ജനങ്ങൾ പങ്കെടുത്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
- സന്നദ്ധ സേവകരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള 1590 പ്രവർത്തനങ്ങൾ മാലിന്യമുക്തം നവകേരളം ജനകീയ കാമ്പയിന്റെ ഭാഗമായി ജില്ലയിൽ നടന്നിട്ടുണ്ട്. അതിൽ 38826 സന്നദ്ധസേവകരുടെ പങ്കാളിത്തം ഉണ്ടായിരുന്നു.
- ജില്ലാതല പ്രവർത്തന ഉദ്ഘാടനം ജില്ലയിലെ മംഗലം ഡാം ടൂറിസം കേന്ദ്രത്തെ ഹരിത ടൂറിസം കേന്ദ്രമാക്കി പ്രഖ്യാപിച്ചു കൊണ്ടു കെ ഡി പ്രസേനൻ എം എൽ എ ഉദ്ഘാടനം നിർവഹിച്ചു.
- ജില്ലയിൽ 21 ഇടങ്ങളിൽ ശുചീകരണം നടത്തിയതിന്റെ ഉദ്ഘാടനം പരിപാടികളും 8 നഗര സൗന്ദര്യവത്കരണ പരിപാടികളുമടക്കം ഒക്ടോബർ 2 ന് തുടക്കമായി.
- മാലിന്യ സംസ്കരണ മേഖലയിൽ അടിസ്ഥാന പ്രവർത്തനങ്ങൾ 54 ഇടങ്ങളിൽ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ജില്ലയിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 6 ടേക്ക് എ ബ്രേക്കുകളും 5 എം.സി.എഫുകളും 2 തുമ്പൂർമുഴികളും, ഒരു ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ, ഒരു ജൈവ വൈവിധ്യ പാർക്ക്, 2 വയോജന പാർക്കുകൾ എന്നിവ ജില്ലയിൽ ഉദ്ഘാടനം ചെയ്തിട്ടുണ്ട്.
- ജനകീയ ക്യാമ്പയിൻ ഉദ്ഘാടനം ജില്ലയിലും 13 ബ്ലോക്കുകളിലും 7 നഗരസഭയിലും 88 ഗ്രാമപഞ്ചായത്തിലും 1469 വാർഡുകളിലും നടന്നു.
- നവംബർ 1 നു നിശ്ചയിച്ചിട്ടുള്ള ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏറ്റെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി 97 ടൗണുകൾ, 44 മാർക്കറ്റുകൾ, 958 ഓഫീസുകൾ, 553 വിദ്യാലയങ്ങൾ, 38 കലാലയങ്ങൾ, 5593 അയൽക്കൂട്ടങ്ങൾ നിലവിൽ ഹരിത പദവിലേക്ക് വന്നിട്ടുണ്ട്.

## മലപ്പുറം

- ഒക്ടോബർ 2-ന് വിവിധ തലങ്ങളിലായി ജില്ലയിലാകെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ സൃഷ്ടിച്ച 126 മാതൃകകൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ഈ ഉദ്ഘാടന ചടങ്ങുകളിൽ ജില്ലയിലാകമാനം 31069 ജനങ്ങൾ പങ്കെടുത്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
- സന്നദ്ധ സേവകരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള 132 പ്രവർത്തനങ്ങൾ മാലിന്യമുക്തം നവകേരളം ജനകീയ കാമ്പയിന്റെ ഭാഗമായി ജില്ലയിൽ നടന്നിട്ടുണ്ട്. അതിൽ 3070 സന്നദ്ധസേവകരുടെ പങ്കാളിത്തം ഉണ്ടായിരുന്നു.
- ജനകീയ ക്യാമ്പയിന്റെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ്തലത്തിലുള്ള നിർവഹണ സമിതി യോഗങ്ങൾ 706 വാർഡുകളിൽ ജില്ലയിൽ നടന്നിട്ടുണ്ട്.
- മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ ജില്ലാതല ഉദ്ഘാടനം ഒക്ടോബർ 2നു കായിക വകുപ്പ് മന്ത്രി വി അബ്ദുറഹിമാൻ നിർവഹിച്ചു. ടേക്ക് എ ബ്രേക്കിന്റെ ഉദ്ഘാടനവും ജില്ലാതല ഉദ്ഘാടനവും ചടങ്ങിൽ നിർവഹിച്ചു. വിവിധ ജനവിഭാഗങ്ങൾ ഉൾപ്പെടെ 480 ലധികം ആളുകൾ ചടങ്ങിൽ പങ്കെടുത്തു. പഞ്ചായത്ത് തല ശുചീത്വ ക്വിസ് മത്സരത്തിൽ വിജയിച്ച കുട്ടികൾക്കുള്ള സർട്ടിഫിക്കറ്റുകൾ മന്ത്രി നൽകി.
- കീഴുപറമ്പ് ഗ്രാമപഞ്ചായത്തിലെ 9 മിനി എം.സി.എഫു കളുടെ ഉദ്ഘാടനം ഏറനാട് എംഎൽഎ കെ ബഷീർ നിർവഹിച്ചു. ഗ്രാമപഞ്ചായത്തിലെ 9 സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങൾ ആക്കിയതിന്റെ പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും നടത്തി.
- ജില്ലയിൽ 13 ഇടങ്ങളിൽ ശുചീകരണം നടത്തി. 6 പ്രദേശങ്ങളെ സൗന്ദര്യവത്ക്കരണവും നടത്തി ഉദ്ഘാടനം ചെയ്തിട്ടുണ്ട്. 37 ഇടങ്ങളിൽ മാലിന്യ സംസ്കരണ മേഖലയിൽ അടിസ്ഥാന പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്.
- വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 3 ടേക്ക് എ ബ്രേക്കുകളും 7 എം.സി.എഫുകളും 3 തുമ്പൂർമുഴികളും, 3 ബെയ്‌ലിങ് മെഷീൻ, ഒരു ഷ്രെഡിംഗ് യൂണിറ്റ് എന്നിവ ഉദ്ഘാടനം ചെയ്തു.
- രണ്ട് കടൽതീരങ്ങൾ ശുചീകരിച്ചിട്ടുണ്ട്.

## കോഴിക്കോട്

- ഒക്ടോബർ 2-ന് വിവിധ തലങ്ങളിലായി ജില്ലയിലാകെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ സൃഷ്ടിച്ച 101 മാതൃകകൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ഈ ഉദ്ഘാടന ചടങ്ങുകളിൽ ജില്ലയിലാകമാനം 14468 ജനങ്ങൾ പങ്കെടുത്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
- സന്നദ്ധ സേവകരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള 1622 പ്രവർത്തനങ്ങൾ മാലിന്യമുക്തം നവകേരളം ജനകീയ കാമ്പയിന്റെ ഭാഗമായി ജില്ലയിൽ നടന്നിട്ടുണ്ട്. അതിൽ 91225 സന്നദ്ധസേവകരുടെ പങ്കാളിത്തം ഉണ്ടായിരുന്നു. ഇത് വഴി 4 ലക്ഷത്തോളം പേരിലേക്ക് ജില്ലയിൽ ക്യാമ്പയിൻ എത്തിക്കാൻ സാധിച്ചിട്ടുണ്ട്.
- ജനകീയ ക്യാമ്പയിന്റെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ്തലത്തിലുള്ള നിർവഹണ സമിതി യോഗങ്ങൾ 1607 വാർഡുകളിൽ ജില്ലയിൽ നടന്നിട്ടുണ്ട്.
- ജില്ലാ തല പരിപാടികൾ രണ്ടിടങ്ങളിലായി നടന്നു. ഒക്ടോബർ 1ന് വൈകുന്നേരം മരുതോങ്കരയിൽ റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ.രാജൻ ഹരിതകർമ്മസേനയ്ക്കായുള്ള ഇലക്ട്രിക് വാഹനം ഫ്ലാഗ് ഓഫ് ചെയ്ത് ഉദ്ഘാടനം നിർവ്വഹിച്ചു.
- ജില്ലാതല ഉദ്ഘാടനവും കൊയിലാണ്ടി നഗരസഭയിലെ പൊതു സ്ഥലങ്ങളിലെ മാലിന്യ നിക്ഷേപങ്ങൾ കണ്ടെത്തുന്നതിന് 26 ഇടങ്ങളിൽ സ്ഥാപിച്ച നിരീക്ഷണ ക്യാമറകളുടെ ഉദ്ഘാടനവും കാനത്തിൽ ജമീല എം എൽഎ നിർവഹിച്ചു. 350 പേർ പങ്കെടുത്തു. നഗരത്തിന്റെ വിവിധ സ്ഥലങ്ങളിൽ വിദ്യാർഥികൾ ശുചിത്വ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനായി ഫ്ലാഷ് മോബും നടത്തി.
- വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 101 മാതൃകാ പദ്ധതികളാണ് ജില്ലയിൽ ഉദ്ഘാടനം നിർവഹിക്കപ്പെട്ടത്. ജില്ലയിൽ 31 ഇടങ്ങളിൽ മാലിന്യ ശുചീകരണ പരിപാടികളും 7 നഗര സൗന്ദര്യവത്കരണ പരിപാടികളും ഒക്ടോബർ 2 ന് തുടക്കമായി. മാലിന്യ സംസ്കരണ മേഖലയിൽ അടിസ്ഥാന പ്രവർത്തനങ്ങൾ 45 ഇടങ്ങളിൽ ഉദ്ഘാടനം ചെയ്തിട്ടുണ്ട്.

❖ കോഴിക്കോട് ജില്ലയിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 5 ടേക്ക് എ ബ്രേക്കുകളും, ഒരു ആർ.ആർ.എഫ്, 4 എം.സി.എഫുകളും, 11 തുമ്പൂർമുഴികളും, 2 ദ്രവ മാലിന്യ പരിപാലന യൂണിറ്റ്, 2 ബയോ ഗ്യാസ് പ്ലാന്റ്, ഒരു ജൈവ മാലിന്യ സംസ്കരണപ്ലാന്റും ഒരു വളം നിർമ്മാണ യൂണിറ്റും, ജനകീയ വിജിലൻസ് സേന രൂപീകരണം എട്ട് ഇടങ്ങളിൽ ഹരിതകർമസേനയ്ക് വാഹനം നൽകൽ എന്നിവ ജില്ലയിൽ ഉദ്ഘാടനം ചെയ്തിട്ടുണ്ട്.
❖ കോട്ടക്കണ്ടി കടൽത്തീരവും ശുചീകരിച്ചിട്ടുണ്ട്.
❖ നവംബർ 1ന്റെ ടാർഗറ്റ് പൂർത്തീകരിക്കുവാനായി വിവിധ പ്രവർത്തനങ്ങൾ റിപ്പോർട്ട് മാസം ഏറ്റെടുത്തു. ഹരിത സുന്ദരടൗണുകൾക്കായി ടൗണുകളിൽ വിവിധ യോഗങ്ങൾ ചേർന്നു.
❖ കൊയിലാണ്ടി സിവിൽ സ്റ്റേഷനിൽ തഹസിൽദാറുടെ നേതൃത്വത്തിൽ ഹരിതസിവിൽ സ്റ്റേഷനാക്കാനുള്ള പ്രവർത്തനങ്ങൾ മാതൃകാപരമാണ്.

### വയനാട്

❖ ഒക്ടോബർ 2-ന് വിവിധ തലങ്ങളിലായി ജില്ലയിലാകെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ സൃഷ്ടിച്ച 32 മാതൃകകൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ഈ ഉദ്ഘാടന ചടങ്ങുകളിൽ ജില്ലയിലാകമാനം 3474 ജനങ്ങൾ പങ്കെടുത്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
❖ സന്നദ്ധ സേവകരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള 72 പ്രവർത്തനങ്ങൾ മാലിന്യമുക്തം നവകേരളം ജനകീയ കാമ്പയിന്റെ ഭാഗമായി ജില്ലയിൽ നടന്നിട്ടുണ്ട്. അതിൽ 1637 സന്നദ്ധസേവകരുടെ പങ്കാളിത്തം ഉണ്ടായിരുന്നു.
❖ ജനകീയ ക്യാമ്പയിന്റെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ്തലത്തിലുള്ള നിർവഹണ സമിതി യോഗങ്ങൾ 320 വാർഡുകളിൽ ജില്ലയിൽ നടന്നിട്ടുണ്ട്.
❖ ജില്ലാതല ഉദ്ഘാടനം ദേശീയ പാതയോരം NH 766 സൗന്ദര്യവത്കരണം കൃഷ്ണഗിരിയിൽ സുൽത്താൻ ബത്തേരി മണ്ഡലം എ.എൽ.എ ഐ സി ബാലകൃഷ്ണൻ നിർവഹിച്ചു. 400 പേർ പങ്കെടുത്തു. ജില്ലാതല ഉദ്ഘാടനത്തിന് മുന്നോടിയായി മീനങ്ങാടി ഗ്രാമപഞ്ചായത്തിലൂടെ കടന്നുപോകുന്ന NH 766 ദേശീയപാതയുടെ കാക്കവയൽ മുതൽ കൊളഗപ്പാറ വരെയുള്ള ഭാഗങ്ങൾ ജനകീയമായി ശുചീകരിച്ചു. 500 ഓളം ആളുകൾ പങ്കാളികളായിരുന്നു.
❖ ജില്ലയിൽ 7 ഇടങ്ങളിൽ ശുചീകരണം നടത്തി. 7 പ്രദേശങ്ങളെ സൗന്ദര്യവത്ക്കരണവും നടത്തി ഉദ്ഘാടനം ചെയ്തിട്ടുണ്ട്. 9 ഇടങ്ങളിൽ മാലിന്യ സംസ്കരണ മേഖലയിൽ അടിസ്ഥാന പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്.
❖ മീനങ്ങാടി ടൗൺ പെട്രോൾ പമ്പ് മുതൽ പോളി ടെക്നിക്ക് കോളേജ് വരെ മീനങ്ങാടി ഗവണ്മെന്റ് പോളി ടെക്നിക് കോളേജിലെ NSS യൂണിറ്റും, മീനങ്ങാടി ടൗൺ മുതൽ മീനങ്ങാടി ടൗൺ പെട്രോൾ പമ്പ് വരെ മീനങ്ങാടി ഐ എച്ച് ആർ ഡി കോളേജിലെ വിദ്യാർഥികളും ചേർന്നു വൃത്തിയാക്കി.
❖ മുട്ടിൽ ഗ്രാമപഞ്ചായത്തിൽ ഉദ്ഘാടന പരിപാടിയായി 100% വാതിൽപ്പടി ശേഖരണം പ്രഖ്യാപനം, 20 ബോട്ടിൽ ബൂത്തുകളുടെ ഉദ്ഘാടനം, ടൗൺ ശുചീകരണവും സൗന്ദര്യവൽക്കരണവും എന്നിവ നടന്നു.
❖ മൂപ്പയിനാട് ഗ്രാമപഞ്ചായത്ത് തല ഉദ്ഘാടനമായ ടൗൺ ശുചീകരണവും സൗന്ദര്യവൽക്കരണവും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു. മേപ്പാടി ഗ്രാമപഞ്ചായത്തിൽ മാസ് ക്ലീൻ ഡ്രൈവ് സംഘടിപ്പിച്ചു.
❖ ആകെ 511 വാർഡുകളിൽ 320 എണ്ണത്തിൽ വാർഡ്തല ഉദ്ഘാടന പരിപാടികളും ശുചീകരണ പ്രവർത്തനങ്ങളും സൗന്ദര്യവൽക്കരണവും നടന്നു. ഒക്ടോബർ 2 നു ജില്ലയിലെ 26 തദ്ദേശ സ്ഥാപനങ്ങളിലും ഉദ്ഘാടനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ നടന്നു.

### കണ്ണൂർ

❖ ഒക്ടോബർ 2-ന് വിവിധ തലങ്ങളിലായി ജില്ലയിലാകെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ സൃഷ്ടിച്ച 105 മാതൃകകൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ഈ ഉദ്ഘാടന ചടങ്ങുകളിൽ ജില്ലയിലാകമാനം 12171 ജനങ്ങൾ പങ്കെടുത്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

- സന്നദ്ധ സേവകരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള 748 പ്രവർത്തനങ്ങൾ മാലിന്യമുക്തം നവകേരളം ജനകീയ കാമ്പയിന്റെ ഭാഗമായി ജില്ലയിൽ നടന്നിട്ടുണ്ട്. അതിൽ 48286 സന്നദ്ധസേവകരുടെ പങ്കാളിത്തം ഉണ്ടായിരുന്നു.
- ജനകീയ ക്യാമ്പയിന്റെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ്തലത്തിലുള്ള നിർവഹണ സമിതി യോഗങ്ങൾ 866 വാർഡുകളിൽ നടന്നിട്ടുണ്ട്.
- കണിച്ചാർ ഗ്രാമപഞ്ചായത്തിലെ 29-ാം മൈലിൽ, പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച ശുചിത്വ വേലിയും കണിച്ചാർ ഗ്രാമപഞ്ചായത്ത് നിർമ്മിച്ച ശുചിത്വ പാർക്കും ഉദ്ഘാടനം ചെയ്തു കൊണ്ട് ക്യാമ്പയിനിന്റെ കണ്ണൂർ ജില്ലാതല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് നിർവഹിച്ചു.
- എടക്കാട് ബ്ലോക്ക് പഞ്ചായത്ത് പെരളശ്ശേരി ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പൂർത്തിയാക്കിയ റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററിന്റെ ഉദ്ഘാടനം രജിസ്ട്രേഷൻ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവ്വഹിച്ചു.
- കതിരൂർ ഗ്രാമപഞ്ചായത്തിലെ കതിരൂർ ടൗണിന്റെ സൗന്ദര്യവല്ക്കരണ പരിപാടി ഉൾപ്പെടെ നാല് ശുചിത്വ പദ്ധതികളുടെ ഉദ്ഘാടനം സ്പീക്കർ എ.എൻ.ഷംസീർ ഉദ്ഘാടനം ചെയ്തു.
- ജില്ലയിൽ 21 ഇടങ്ങളിൽ ശുചീകരണം നടത്തി. 8 പ്രദേശങ്ങളെ സൗന്ദര്യവത്ക്കരണവും നടത്തി ഉദ്ഘാടനം ചെയ്തിട്ടുണ്ട്. 36 ഇടങ്ങളിൽ മാലിന്യ സംസ്കരണ മേഖലയിൽ അടിസ്ഥാന പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്.
- കണ്ണൂർ ജില്ലയിൽ വിവിധ ഇടങ്ങളിലായി 8 ടേക്ക് എ ബ്രേയ്ക്ക് സംവിധാനങ്ങളുടെ പ്രവർത്തനം ആരംഭിച്ചു. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപന പരിധികളിലായി രണ്ട് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെൻട്രലുകൾ കൂടി പ്രവർത്തനം ആരംഭിച്ചു. 7 എം.സി.എഫുകളുടെ വികസിപ്പിച്ച പ്ലാന്റുകളുടെ പ്രവർത്തന ഉദ്ഘാടനവും ഒക്ടോബർ രണ്ടിന് നടന്നു. 13 മിനി എം.സി.എഫുകൾ കൂടി ഒക്ടോബർ രണ്ടിന് ജില്ലയിൽ മാലിന്യശേഖരണ സംവിധാനങ്ങളുടെ ഭാഗമായി ആരംഭിച്ചു. ജില്ലയിൽ നാല് പഞ്ചായത്തുകളിൽ കൂടി പുതുതായി സിസിടിവി ഉദ്ഘാടനം ചെയ്തു.
- ഒക്ടോബർ മാസം കണ്ണൂർ ജില്ലയിലെ പായം ഇക്കോ പാർക്കിനെ ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിച്ചിട്ടുണ്ട്.

**കാസർകോട്**

- ഒക്ടോബർ 2-ന് വിവിധ തലങ്ങളിലായി ജില്ലയിലാകെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ സൃഷ്ടിച്ച 53 മാതൃകകൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ഈ ഉദ്ഘാടന ചടങ്ങുകളിൽ ജില്ലയിലാകമാനം 8200 ജനങ്ങൾ പങ്കെടുത്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
- സന്നദ്ധ സേവകരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള 555 പ്രവർത്തനങ്ങൾ മാലിന്യമുക്തം നവകേരളം ജനകീയ കാമ്പയിന്റെ ഭാഗമായി ജില്ലയിൽ നടന്നിട്ടുണ്ട്. അതിൽ 24767 സന്നദ്ധസേവകരുടെ പങ്കാളിത്തം ഉണ്ടായിരുന്നു.
- ജനകീയ ക്യാമ്പയിന്റെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ്തലത്തിലുള്ള നിർവഹണ സമിതി യോഗങ്ങൾ 669 വാർഡുകളിൽ ജില്ലയിൽ നടന്നിട്ടുണ്ട്.
- മാലിന്യമുക്തം നവകേരളം ജനകീയ കാമ്പയിന്റെ ജില്ലാതല പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ക്ലീൻ സിവിൽ സ്റ്റേഷൻ ഗ്രീൻ സിവിൻ സ്റ്റേഷൻ എന്ന ലക്ഷ്യത്തോടെ സിവിൻ സ്റ്റേഷനിലുള്ള വിവിധ ഓഫീസുകളും പരിസരവും ശുചീകരിക്കുന്ന പ്രവർത്തനങ്ങൾ നടത്തികൊണ്ട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, കളക്ടർ എന്നിവർ ചേർന്ന് ജില്ലാതല ഉദ്ഘാടനം നിർവഹിച്ചു. ഇ-മാലിന്യങ്ങളും അലക്ഷ്യമായി കൂട്ടിയിട്ടിരിക്കുന്ന ഫർണിച്ചറും നീക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളും പ്രതിമാസമുള്ള മാലിന്യ നിർമാർജനം ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കളക്ടറേറ്റ് പരിസരത്തെ ബോർഡുകളെല്ലാം പ്രത്യേക രീതിയിൽ സജ്ജീകരിച്ച് പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യമൊരുക്കിയിട്ടുണ്ട്.
- ജില്ലയിൽ 8 ഇടങ്ങളിൽ ശുചീകരണം നടത്തി. 5 പ്രദേശങ്ങളെ സൗന്ദര്യവത്ക്കരണവും നടത്തി ഉദ്ഘാടനം ചെയ്തിട്ടുണ്ട്. 27 ഇടങ്ങളിൽ മാലിന്യ സംസ്കരണ മേഖലയിൽ അടിസ്ഥാന പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്.

- ജില്ലയിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 6 ടേക്ക് എ ബ്രേക്കുകളും, 4 ടോയ്‌ലറ്റ് സമുച്ചയങ്ങളും, ഒരു ആർ.ആർ.എഫ്, 8 എം.സി.എഫുകളും ഒരു തുമ്പൂർമുഴികളും, ഒരു ഹരിത ടൂറിസം കേന്ദ്ര പ്രഖ്യാപനം, കടൽതീരം ശുചീകരണം, ഒരു ഗ്രീൻ ഫെസിലിറ്റേഷൻ സെന്റർ 2 കൺവെയർ ബെൽറ്റ് എന്നിവ ഉദ്ഘാടനം ചെയ്തു.
- ജില്ലയിൽ ബ്ലോക്ക് പഞ്ചായത്ത് ഗ്രാമപഞ്ചായത്ത് നഗരസഭ തലത്തിൽ പ്രാദേശികമായി ചെറുകവലകളും ടൗണുകളും മാലിന്യമുക്തമാക്കി സുസ്ഥിരമായി നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങളുടെ ആരംഭം, ബോട്ടിൽ ശേഖരണ ബൂത്തുകൾ സ്ഥാപിക്കൽ, നിലവിലുള്ള എംസിഎഫകളുടെയും ആർആർഎഫുകളുടെയും ആധുനികവൽക്കരണത്തിന്റെയും നവീകരണത്തിന്റെയും ഉദ്ഘാടനം, ടേക്ക് എ ബ്രേക്ക് ഉദ്ഘാടനം, ഹരിതകലാലയം പ്രവർത്തനാരംഭം, ഹരിതഓഫീസ് പ്രഖ്യാപനം, ഹരിതവിദ്യാലയ പ്രഖ്യാപനം, ഹരിതടൂറിസം പ്രവർത്തനാരംഭം, മിനി എംസിഎഫുകൾ സ്ഥാപിക്കൽ, ജലാശയ ശുചീകരണം തുടങ്ങിയ പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളത്. ഹരിതചട്ടം പാലിച്ചുകൊണ്ടായിരുന്നു ഉദ്ഘാടന പരിപാടികൾ സംഘടിപ്പിച്ചത്.
- കാസർകോട് ജില്ലയിൽ ഒക്ടോബർ 2 ന്റെ കാമ്പയിൻ പ്രവർത്തനത്തിന്റെ ഭാഗമായി സ്കൂളുകളിൽ ഫ്ലാഷ് മൊബുകളും പൊതുയിടങ്ങളിൽ ശുചിത്വ സന്ദേശ യാത്രയും സംഘടിപ്പിച്ചു.
- കേരള ഖരമാലിന്യ പരിപാലന പദ്ധതിയുടെ (KSWMP) ഭാഗമായി കാസർകോട് നഗരസഭയിലെ കേളുഗുഡ്ഡെയിലുള്ള ഡംപ്സൈറ്റ് ബയോറെമഡിയേഷൻ ചെയ്ത് ഭൂമി വീണ്ടെടുക്കുന്ന പദ്ധതിക്ക് തുടക്കമായി. നഗരസഭാ ചെയർമാൻ പ്രവൃത്തി ഉദ്ഘാടനം നിർവ്വഹിച്ചു.
- നല്ല വീട് നല്ല നാട് ചേലോടെ ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ 28 ഇടത്ത് സിസിടിവി ക്യാമറകൾ സ്ഥാപിച്ച് ശുചിത്വ പരിപാലന രംഗത്ത് മാതൃകപ്രവർത്തനത്തിന് പഞ്ചായത്ത് 2024 ഒക്ടോബർ 2 ന് തുടക്കം കുറിച്ചു. മേൽപറമ്പ് പോലീസ് സ്റ്റേഷനിലും ഗ്രാമപഞ്ചായത്ത് ഓഫീസിലും ജനപ്രതിനിധികളുടെ ഫോണുകളിലേക്കും നീരീക്ഷണ സംവിധാനം ഒരുക്കിയിട്ടുണ്ട്.

| മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിൻ - ഒക്ടോബർ മാസത്തെ പ്രവർത്തനം | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | ഈ മാസം നടന്ന ഉദ്ഘാടനങ്ങൾ | | ഈ മാസം നടന്ന ശില്പശാലകൾ | | ഈ മാസം മിഷൻ നൽകിയ പരിശീലനങ്ങൾ | | ഈ മാസം മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | ഈ മാസം നടന്ന സന്നദ്ധപ്രവർത്തനങ്ങളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | | |
| 4165 | 10555 | 16187 | 28529 | 54280 | 13858 | 541570 | 5 | 358 | 29 | 1347 | 27702 | 10420 | 209254 |

## 10.1 ഹരിത ടൂറിസം

- ഹരിത കേരളം മിഷനും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ചു കൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന 511 തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ മുൻഗണനാ ക്രമത്തിൽ മാതൃക ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനോടൊപ്പം പ്രത്യേക ഇടപെടലുകളിലൂടെ പ്രാദേശിക ജനങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും അവരുടെ ജീവിത നിലവാരവും സാമ്പത്തിക സ്ഥിതിയും മെച്ചപ്പെടുത്തുന്നതിനുമായിട്ടുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്.
- ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ ഹരിത പെരുമാറ്റച്ചട്ടത്തിന്റെ മാർഗ്ഗരേഖ (കരട്) അവലംബിച്ചുള്ള പ്രവർത്തനങ്ങളാണ് സ്വീകരിച്ചു വരുന്നത്.
- ഹരിത ഡെസ്റ്റിനേഷൻ ആക്കി മാറ്റുന്നതോടൊപ്പം നിലവിൽ വിനോദ സഞ്ചാരികൾക്കു ലഭിക്കുന്ന സംവിധാനങ്ങളുടെ ഗുണനിലാവരം മെച്ചപ്പെടുത്തുന്നതിനും സാധ്യമായ പുതിയ സംവിധാനങ്ങൾ സൃഷ്ടിക്കുവാനും പദ്ധതി ലക്ഷ്യമിടുന്നു.
- ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ കൂടുതൽ ആകർഷകമാക്കാനും ഹരിത ചട്ടം പാലിച്ച് ഹരിത ടൂറിസം നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങൾക്കാണ് പരിഗണന നൽകുന്നത്.

- തിരുവനന്തപുരം ജില്ലയിൽ ഒക്ടോബർ 2 നു പ്ലാസ്റ്റിക് രഹിത ഹരിത ഡെസ്റ്റിനേഷൻ ആയി പൊന്നും തുരുത്തും, പിരപ്പമൺക്കാട് ഏലായും പ്രഖ്യാപിച്ചു. നവംബർ ഒന്നിന്റെ പ്രഖ്യാപനത്തിനായി 5 കേന്ദ്രങ്ങൾ തിരഞ്ഞെടുത്ത് ശുചീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- കൊല്ലം ജില്ലയിൽ കുമ്മിൾ ഗ്രാമപഞ്ചായത്തിലെ മീൻമുട്ടി വെള്ളച്ചാട്ടം ഹരിത ടൂറിസം കേന്ദ്രമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആദിച്ചനല്ലൂർ ചിറ സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങളും ഒക്ടോബർ 2 ന് ആരംഭിച്ചു.
- കൊല്ലം ജില്ലയിൽ ചടയമംഗലം ജഡായു എർത്ത് സെന്റർ, തെന്മല ഇക്കോ ടൂറിസം, ഇടമുളയ്ക്കൽ മലമേൽ ടൂറിസം, അലയമൺ കുടുക്കത്തുപാറ, ആര്യങ്കാവ് പാലരുവി, കൊട്ടാരക്കര നഗരസഭയിലെ മീൻപിടിപ്പാറ എന്നിവിടങ്ങളിൽ പരിശോധന നടത്തി. പ്രഖ്യാപനത്തിന് മുന്നോടിയായി ആറ് ടൂറിസം കേന്ദ്രങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ നടന്നു. നവംബർ 1-ന് മേൽ പറഞ്ഞ ആറ് കേന്ദ്രങ്ങളും ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിക്കുന്നതിന് സാധിക്കും.
- പത്തനംതിട്ട ജില്ലയിൽ അടവി ഇക്കോ ടൂറിസം കേന്ദ്രം നവംബർ 1 ന് ഹരിത ടൂറിസ കേന്ദ്രമായി പ്രഖ്യാപിക്കും. പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. ബിന്നുകൾ, IEC ബോർഡുകൾ എന്നിവ സ്ഥാപിച്ചു. പെരുന്തേനരുവിയിൽ ബോട്ടിൽ ബൂത്ത് സ്ഥാപിച്ചു.
- ആലപ്പുഴ ജില്ലയിൽ ഗാന്ധിജയന്തി ആഘോഷത്തിന്റെ ഭാഗമായി 27ാം ബറ്റാലിയൻ ഇൻഡോ ടിബറ്റൻ ബോർഡർ പോലീസ് ഫോഴ്സ് ആലപ്പുഴ ബീച്ചിൽ മെഗാ ക്ലീനിങ് ഡ്രൈവ് സംഘടിപ്പിച്ചു. ശുചീകരണ പരിപാടിയിൽ 100 ഐടി ബിപി സേനാംഗങ്ങളും ഹരിത കർമ്മ സേനാംഗങ്ങളും പൊതു ജനങ്ങളും പങ്കെടുത്തു. പാതിരാമണൽ, മാരാരിക്കുളം ബീച്ച് എന്നിവിടങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നു.
- കോട്ടയം ജില്ലയിൽ നാലുമണിക്കാറ്റ്, ഇല്ലിക്കൽക്കല്ല്, മംഗോ മെഡോസ് എന്നീ കേന്ദ്രങ്ങളിൽ ഗ്രേഡിംഗ് നടത്തി.
- ഇടുക്കി ജില്ലയിൽ ഒക്ടോബർ 2 നു വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിലെ ഹിൽ വ്യൂ പാർക്ക് ഹരിത ടൂറിസം കേന്ദ്രം ആയി പ്രഖ്യാപിച്ചു.
- ഇടുക്കി ജില്ലയിൽ നവംബർ 1 നു വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിലെ ഇടുക്കി പാർക്ക്, കാമാക്ഷി ഗ്രാമപഞ്ചായത്തിലെ കാൽവരി മൗണ്ട് എന്നിവ ഹരിത ടൂറിസം കേന്ദ്രം ആയി പ്രഖ്യാപിക്കും.
- എറണാകുളം ജില്ലയിൽ വേങ്ങൂർ ഗ്രാമപഞ്ചായത്തിലെ പാണിയേലി പോര് എറണാകുളം ജില്ലയിലെ ആദ്യ ഹരിത ടൂറിസം കേന്ദ്രമായി വനം-വന്യജീവി വകുപ്പ് മന്ത്രി എ.കെ ശശീന്ദ്രൻ പ്രഖ്യാപിച്ചു.
- തൃശ്ശൂർ ജില്ലയിൽ പീച്ചി ഡാം, അഴീക്കോട് മുനക്കൽ ഡോൾഫിൻ ബീച്ച് എന്നീ കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചു.
- പാലക്കാട് ജില്ലയിൽ മലമ്പുഴ, കാഞ്ഞിരപുഴ, പോത്തുണ്ടി, മംഗലം ഡാം, വെള്ളിയാങ്കല്ല്, ചൂലനൂർ മയിൽ സങ്കേതം, വാടിക എന്നീ 7 ടൂറിസം കേന്ദ്രങ്ങളാണ് ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുത്തിട്ടുള്ളത്.
- പാലക്കാട് ജില്ലയിൽ ഒക്ടോബർ 2 നു ജില്ലാ തല ഉദ്ഘാടനമായി മംഗലം ഡാം ഹരിത ടൂറിസം കേന്ദ്രമായി ആലത്തൂർ നിയോജക മണ്ഡലം MLA കെ.ഡി.പ്രസേനൻ പ്രഖ്യാപിച്ചു. മംഗലം ഡാം ടൂറിസം കേന്ദ്രത്തിൽ 5 ബിന്നുകൾ, 1 ബോട്ടിൽ ബൂത്ത്, 5 IEC ബോർഡുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.
- പാലക്കാട് ജില്ലയിൽ കോട്ടമൈതാനം വാടികയിൽ പുതിയ 8 സ്റ്റീൽ ബിന്നുകളും 2 IEC ബോർഡുകളും സ്ഥാപിച്ചു. പാർക്കിന്റെ അവസാന ഭാഗത്ത് അലക്ഷ്യമായി കിടന്നിരുന്ന പ്ലാസ്റ്റിക് ബോട്ടിലുകൾ, പ്ലാസ്റ്റിക് കവറുകൾ എല്ലാം മാറ്റി ശുചീകരണം നടത്തി. ഹരിത ടൂറിസം ക്യാമ്പയിന്റെ ഭാഗമായി പോത്തുണ്ടി ടൂറിസം കേന്ദ്രത്തിൽ 7 ബിന്നുകൾ, 4 ബോട്ടിൽ ബൂത്തുകൾ, 5 IEC ബോർഡുകൾ എന്നിവ സ്ഥാപിച്ചു.
- കണ്ണൂർ ജില്ലയിൽ ഒക്ടോബർ 2-നു പായം ഗ്രാമപഞ്ചായത്തിലെ പെരുമ്പറമ്പ് ഇക്കോ പാർക്കിന്റെ ഹരിത ടൂറിസം പ്രഖ്യാപനം നടത്തി. അഴീക്കോട് ചാൽ ബീച്ചിനെ ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിക്കുന്നതിനു മുന്നോടിയായി, പ്ലാസ്റ്റിക് കുപ്പികൾ ബീച്ചിൽ ഒഴിവാക്കുന്നതിനു വാട്ടർ എ.ടി.എം സ്ഥാപിച്ചു. മാലിന്യം വലിച്ചെറിയുന്നത് കണ്ടെത്താൻ ക്യാമറ, ബിന്നുകൾ എന്നിവയും സ്ഥാപിച്ചിട്ടുണ്ട്.

- ❖ കാസർഗോഡ് ജില്ലയിൽ നവംബർ 1 ന് കൈറ്റ് ബീച്ച്, ബേക്കൽ കോട്ട, റാണിപുരം, കോട്ടപ്പുറം ബോട്ട് ടെർമിനൽ എന്നീ കേന്ദ്രങ്ങളാണ് ഹരിതടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിക്കുവാൻ തിരഞ്ഞെടുത്തിട്ടുള്ളത്. ഇവിടങ്ങളിൽ അവസ്ഥാ വിശകലനം നടത്തിയിട്ടുണ്ട്.
- ❖ കാസർഗോഡ് ജില്ലയിൽ നവംബർ 1 ന്റെ മുന്നോടിയായി ഹരിതടൂറിസം പ്രദേശങ്ങൾ എല്ലാം ശുചീകരണം നടത്തിയിട്ടുണ്ട്. ബേക്കൽ കോട്ട, കൈറ്റ് ബീച്ച് ഹരിതടൂറിസം പ്രഖ്യാപനത്തിന് സജ്ജമായിട്ടുണ്ട്. മാലിന്യമുക്തം നവകേരളം ജനകീയ കാമ്പയിന്റെ ഭാഗമായി കാൽലക്ഷത്തോളം ജനങ്ങൾ അണിനിരന്ന 800ലേറെ പ്രവർത്തനങ്ങളാണ് ഒക്ടോബർ 2 ന് നടന്നത്.

## 10.2 ഹരിത സ്ഥാപനങ്ങൾ

ഹരിതകേരളം മിഷനും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ചു കൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന തിരഞ്ഞെടുത്ത ഓഫീസുകൾ, ഓഫീസ് കോംപ്ലക്സുകൾ എന്നിവ മുൻഗണനാ ക്രമത്തിൽ മാതൃക ഹരിത സ്ഥാപനമായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

- ❖ ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാരും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരും ഉൾപ്പെട്ട പരിശോധന കമ്മിറ്റിയുടെ നേതൃത്വത്തിൽ ജില്ലകളിലെ തിരഞ്ഞെടുത്ത സ്ഥാപനങ്ങളെ വിലയിരുത്തിയിട്ടുണ്ട്.
- ❖ വിലയിരുത്തൽ ഫോറം ഹരിതകേരളം മിഷൻ തയ്യാറാക്കി നൽകിയിട്ടുണ്ട്. പരിശോധന കമ്മിറ്റി വിവിധ തലത്തിലെ ഓഫീസുകൾ വിലയിരുത്തി എ പ്ലസ്, എ ഗ്രേഡ്, ബി ഗ്രേഡ്, നോ ഗ്രേഡ് എന്നിങ്ങനെയാണ് ഗ്രേഡിംഗ് നൽകിയത്.

| ഹരിതസ്ഥാപനങ്ങൾ | | | | |
|---|---|---|---|---|
| ജില്ല | ആകെ സ്ഥാപനങ്ങളുടെ എണ്ണം | ശുചിത്വ പദവിക്ക് യോഗ്യമായ ഹരിതസ്ഥാപനങ്ങളുടെ എണ്ണം | ശതമാന കണക്കിൽ | പ്രഖ്യാപനം നടത്തിയ ഹരിതസ്ഥാപനങ്ങളുടെ എണ്ണം |
| തിരുവനന്തപുരം | 6270 | 1336 | 21.31% | 84 |
| കൊല്ലം | 4503 | 1876 | 41.66% | 1876 |
| പത്തനംതിട്ട | 2362 | 1142 | 48.35% | 1142 |
| ആലപ്പുഴ | 1012 | 692 | 68.38% | 667 |
| കോട്ടയം | 5316 | 2413 | 45.39% | 2444 |
| ഇടുക്കി | 4149 | 625 | 15.06% | 528 |
| എറണാകുളം | 4499 | 988 | 21.9% | 1017 |
| തൃശൂർ | 6392 | 3254 | 50.91% | 316 |
| പാലക്കാട് | 5124 | 1928 | 37.63% | 73 |
| മലപ്പുറം | 1701 | 958 | 56.32% | 0 |
| കോഴിക്കോട് | 5781 | 1299 | 22.47% | 787 |
| വയനാട് | 914 | 335 | 36.65% | 0 |
| കണ്ണൂർ | 4659 | 1093 | 23.46% | 863 |
| കാസർകോട് | 954 | 622 | 65.20% | 622 |
| ആകെ | 53636 | 18561 | 34.61% | 10419 |

- ❖ ഹരിത പെരുമാറ്റച്ചട്ടം ഉറപ്പാക്കൽ, ഖര-ദ്രവ മാലിന്യ സംസ്കരണം, ശുചിത്വം, ഇ-മാലിന്യം ഒഴിവാക്കൽ, തുടങ്ങിയ പതിനെട്ട് കാര്യങ്ങൾ പരിശോധിച്ച് ഓരോന്നിനും പരമാവധി അഞ്ച്മാർക്ക് വീതം 100 മാർക്ക് നൽകും. ഇതിനുപുറമേ ജലസംരക്ഷണം, ഊർജസംരക്ഷണ പ്രവർത്തനങ്ങൾ, മഴവെള്ള സംഭരണം ഉൾപ്പെടെയുള്ളവയ്ക്ക് 20 മാർക്കും ലഭിക്കും. ആകെ 120 മാർക്ക്.
- ❖ പരിശോധനയിൽ 80 മാർക്കിനു മുകളിലുള്ള സ്ഥാപനങ്ങൾക്ക് ഹരിത സ്ഥാപനം പദവിയും സർട്ടിഫിക്കറ്റും ഹരിത കേരളം മിഷൻ നൽകിയിട്ടുണ്ട്.
- ❖ 80 മാർക്കിന് താഴെ ഉള്ള സ്ഥാപനങ്ങൾക്ക് ഹരിത കേരളം മിഷൻ പ്രത്യേക ഇടപെടലുകൾ നടത്തി, 15 ദിവസത്തെ കാലാവധി നിശ്ചയിച്ച്, പുനഃപരിശോധന നടത്തി യോഗ്യത നേടുന്ന പക്ഷം

ഹരിതസ്ഥാപനം പദവി, ഗ്രേഡ്, സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതാണ്.

❖ സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾ ഓഫീസ് കോംപ്ലക്സുകൾ, പൊതുഭരണ സ്ഥാപനങ്ങൾ ബാങ്കുകൾ എന്നിവ ഉൾപ്പെടുന്ന 53636 സ്ഥാപനങ്ങളിൽ നിന്നും 18861 സ്ഥാപനങ്ങളെ വിലയിരുത്തി ഹരിത സ്ഥാപന പദവിക്ക് യോഗ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. നിലവിൽ 35% സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങളാക്കിയിട്ടുണ്ട്. ആയതിൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നായി 10419 സ്ഥാപനങ്ങളുടെ ഹരിത സ്ഥാപന പ്രഖ്യാപനം നവംബർ ആദ്യവാരം നടത്തും.

## 10.3 ഹരിത വിദ്യാലയങ്ങൾ

| ജില്ല | ഹരിത വിദ്യാലയങ്ങൾ | | | | ഹരിത കലാലയങ്ങൾ | | | |
|---|---|---|---|---|---|---|---|---|
| | ആകെ വിദ്യാലയങ്ങളുടെ എണ്ണം | ശുചിത്വ പദവിക്ക് യോഗ്യമായ ഹരിതവിദ്യാലയങ്ങളുടെ എണ്ണം | ശതമാനകണക്കിൽ | പ്രഖ്യാപനം നടത്തിയ ഹരിതവിദ്യാലയങ്ങളുടെ എണ്ണം | ആകെ കലാലയങ്ങളുടെ എണ്ണം | ശുചിത്വ പദവിക്ക് യോഗ്യമായ ഹരിത കലാലയങ്ങളുടെ എണ്ണം | ശതമാനകണക്കിൽ | പ്രഖ്യാപനം നടത്തിയ ഹരിത കലാലയങ്ങളുടെ എണ്ണം |
| തിരുവനന്തപുരം | 1006 | 640 | 63.62% | 63 | 335 | 43 | 12.84% | 4 |
| കൊല്ലം | 945 | 725 | 76.72% | 725 | 84 | 51 | 60.71% | 51 |
| പത്തനംതിട്ട | 737 | 434 | 58.89% | 434 | 46 | 12 | 26.09% | 1 |
| ആലപ്പുഴ | 767 | 245 | 31.94% | 51 | 11 | 6 | 54.55% | 4 |
| കോട്ടയം | 922 | 578 | 62.69% | 304 | 92 | 31 | 33.70% | 31 |
| ഇടുക്കി | 494 | 200 | 40.49% | 181 | 69 | 23 | 33.33% | 23 |
| എറണാകുളം | 1016 | 217 | 21.36% | 217 | 112 | 31 | 27.68% | 28 |
| തൃശൂർ | 1030 | 742 | 72.04% | 97 | 100 | 52 | 52.00% | 5 |
| പാലക്കാട് | 1005 | 751 | 74.73% | 73 | 151 | 77 | 50.99% | 5 |
| മലപ്പുറം | 1572 | 553 | 35.18% | 0 | 54 | 38 | 70.37% | 0 |
| കോഴിക്കോട് | 1280 | 695 | 54.30% | 481 | 161 | 20 | 12.42% | 10 |
| വയനാട് | 306 | 147 | 48.04% | 0 | 40 | 15 | 37.50% | 0 |
| കണ്ണൂർ | 1309 | 778 | 59.43% | 624 | 95 | 38 | 40.00% | 38 |
| കാസർഗോഡ് | 597 | 300 | 50.25% | 300 | 52 | 16 | 30.77% | 3 |
| TOTAL | 12986 | 7005 | 53.94% | 3550 | 1402 | 453 | 32.31% | 203 |

❖ സംസ്ഥാനത്ത് ആകെയുള്ള 12986 സർക്കാർ, അർദ്ധ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ 7005 വിദ്യാലയങ്ങൾ വിലയിരുത്തൽ നടത്തി ഹരിത വിദ്യാലയം എന്ന പദവി നേടി. നിലവിൽ 53.94% വിദ്യാലയങ്ങൾ ഹരിത വിദ്യാലയങ്ങളായിട്ടുണ്ട്. നവംബർ ആദ്യവാരം 3550 വിദ്യാലയങ്ങളെ ഹരിത വിദ്യാലയങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്.

❖ സംസ്ഥാനത്തെ 1402 കോളേജുകളിൽ വിലയിരുത്തൽ നടത്തി 453 എണ്ണം ഹരിത കലാലയ പദവിക്ക് അർഹമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. നിലവിൽ 32% കലാലയങ്ങൾ ഹരിത കലാലയങ്ങളായിട്ടുണ്ട്. നവംബർ ആദ്യവാരം 203 കലാലയങ്ങളെ ഹരിത കലാലയമായി പ്രഖ്യാപിച്ചിട്ടുണ്ട്.

# 11. അഞ്ചുനാട് പരിസ്ഥിതി പുന:സ്ഥാപന പദ്ധതി (അഞ്ചുനാടു ഭൂപ്രദേശങ്ങളിലെ ജൈവവൈവിധ്യ പരിപാലനവും സുസ്ഥിര ഉപജീവനവും" - തുടർ പ്രവർത്തനങ്ങൾ)

ഹരിത കേരളം മിഷൻ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ഹൈറേഞ്ച് മേഖലയിൽ യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം (UNDP), 2018 മുതൽ 2022 വരെ നടപ്പിലാക്കിയിരുന്ന പദ്ധതിയാണ് "അഞ്ചുനാടും സമീപ ഭൂപ്രദേശങ്ങളിലെ ജൈവവൈവിധ്യ പരിപാലനവും സുസ്ഥിര ഉപജീവനവും". പദ്ധതിയുടെ ഭാഗമായി തുടങ്ങിയ പ്രവർത്തനങ്ങളുടെ സുസ്ഥിരമായ തുടർച്ച ഉറപ്പുവരുത്തുന്നതിന് ഹരിത കേരളം മിഷന്റെ കീഴിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു) രൂപീകരിച്ചു നിലവിൽ പ്രവർത്തിച്ചു വരുന്നു. മൂന്നാർ, ചിന്നക്കനാൽ, മറയൂർ, കാന്തല്ലൂർ, വട്ടവട,

ദേവികുളം, അടിമാലി, മാങ്കുളം, ഇടമലക്കുടി, കുട്ടമ്പുഴ, അതിരപ്പിള്ളി എന്നീ ഗ്രാമ പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കിയിരുന്നത്.

## കാർഷിക പ്രവർത്തനങ്ങൾ

**11.1) സുസ്ഥിര കരിമ്പ് കൃഷി (Sustainable Sugarcane Initiative - SSI)** - മണ്ണിന്റെ ഗുണമേന്മ വർദ്ധിപ്പിച്ച് ശാസ്ത്രീയമായ രീതിയിൽ എസ്.എസ്.ഐ മോഡലിലൂടെ കർഷകന് കൂടുതൽ വിളവ് ഉണ്ടാകുക, ഒപ്പം ജി.ഐ ടാഗുള്ള മറയൂർ ശർക്കരയ്ക്ക് കൂടുതൽ മൂല്യം കിട്ടുന്ന തരത്തിലുള്ള വിപണനം വരെ പിന്തുണ നൽകുന്ന തരത്തിൽ വിവിധ ഏജൻസികളെ ഏകോപിച്ചുകൊണ്ടുള്ള സമഗ്രമായ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്.

- ❖ SSI മാതൃകയിലുള്ള സുസ്ഥിര കരിമ്പ് കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിനായി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ മറയൂർ സർവീസ് സഹകരണ ബാങ്ക്, കൃഷി ഭവൻ, അഗ്രോനേച്ചർ സംയുക്തമായി ഏകദിന പരിശീലനവും, SSI കൃഷി രീതിയിലൂടെ വിജയം കൈവരിച്ച കർഷന്റെ കൃഷിയിടത്തിൽ ഫീൽഡ് സന്ദർശനവും നടത്തി. 20 കരിമ്പ് കർഷകരാണ് പ്രസ്തുത പരിപാടിയിൽ പങ്കെടുത്തത്.
- ❖ മറയൂർ കരിമ്പ് മൂല്യ വർധനവുമായി ബന്ധപ്പെട്ടു കൂടുതൽ സാധ്യതകൾ പരിശോധിക്കുന്നതിനായിനും കൂടുതൽ കർഷകരിലേക്കു SSI മാതൃക എത്തിക്കുന്നതിനായി അഗ്രോനേച്ചർ എന്ന ഓർഗനൈസേഷനുമായി യോഗം ചേർന്നു
- ❖ SSI മാതൃകയുടെ ബന്ധപ്പെട്ടു തമിഴിലേക്ക് മൊഴി മാറ്റിയ 17 പോസ്റ്ററുകൾ തയ്യാറാക്കിയിട്ടുണ്ട്.
- ❖ കരിമ്പ് തൈകൾ ഉൽപ്പാദിക്കുന്നതിനായി കൃഷിഭവൻ മുഖാന്തിരം മഴമറ നിർമിക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകി.
- ❖ MSSRF മായി സംയോജിച്ച് പരീക്ഷണ തോട്ടങ്ങളിൽ സൂക്ഷ്മ ജലസേചന പദ്ധതി നടപ്പിലാക്കും.

### 11.2) നെൽകൃഷി വികസനം

- ❖ അടിമാലി ഗ്രാമപഞ്ചായത്തിൽ കൊരങ്ങാട്ടി പാടശേഖരത്തിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി കനാലുകൾ നവീകരിക്കുന്നതും, വന്യമൃഗ ശല്യത്തിന് പരിഹാര മാർഗങ്ങൾ അവലംബിക്കുന്നതും, കാർഷിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. പാടശേഖരത്തിലെ ജലസേചന-ജലനിർഗമന പോരായ്മകൾ പരിഹരിക്കുന്നതിന് പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി ജലസേചന വകുപ്പ് പാടശേഖരം സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തികൾക്ക് ഭരണാനുമതിയും ലഭിക്കുകയും ചെയ്തിട്ടുണ്ട്.
- ❖ പാടശേഖരത്തിലെ കർഷകരുടെ ജനകീയ യോഗം വിളിക്കുകയും വിവിധ ഡിപ്പാർട്ട്മെന്റ്കളിലെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിക്കുന്നതിനുള്ള സംയോജിത ഇടപെടലുകൾ നടത്തി.
- ❖ കൃഷി വകുപ്പിന്റെ നെല്ലും തേനും പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.
- ❖ കട്ടമുടി പാടശേഖര രൂപീകരിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തി, കട്ടമുടി പാടശേഖരത്തിലെ ഈ സീസണിലുള്ള നെൽകൃഷി ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു. നിലം ഒരുക്കുന്നതിനുള്ള പ്രവൃത്തനങ്ങൾ പൂർത്തികരിച്ചു ഞാറു നടീൽ ഉത്സവം നടത്തി. സലിം അലി ഫൗണ്ടേഷനുമായി ചേർന്ന് കർഷകർക്ക് നാടൻ കുറവ ഇനത്തിൽപെട്ട നെൽ വിത്തുകൾ വിതരണം നടത്തിയിരുന്നു. കഴിഞ്ഞ സീസണിൽ 8 ഏക്കർ കൃഷി നടന്ന പാടശേഖരത്തിൽ ഈ വർഷം 15 ഏക്കറിലാണ് കൃഷി നടന്നത്.

### 11.3) പുൽതൈല കൃഷിയും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളും

- ❖ ഓടക്കാലിയിൽ പ്രവർത്തിക്കുന്ന Aromatic and Medicinal plants Research station വഴി തൈലപ്പുൽ ക്കൃഷിക്ക് ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികളും പുൽതൈല യൂണിറ്റുകൾക്ക് അഗ്രി ബിസിനെസ് എന്റർപ്രൈസ് മാതൃകയിൽ കൃഷി വകുപ് വഴി സഹായം നൽകുന്നതിനും ഉള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.
- ❖ മറയൂർ ഗ്രാമപഞ്ചായത്തിലെ പുതുക്കുടിയിൽ തൈലപ്പുൽ കൃഷി ചെയ്യുന്ന കർഷകരുടെ യോഗം

ചേരുകയും ഫോറസ്റ്റ് പോസ്റ്റ് എന്ന സ്ഥാപനത്തെ സഹകരിപ്പിച്ചുകൊണ്ട് ഉയർന്ന വിലയ്ക്ക് കർഷകർ ഉല്പാദിപ്പിക്കുന്ന പുൽ തൈലം വിപണനം നടത്തുന്നതിനു വേണ്ട സംയോജിത ഇടപെടലുകൾ നടത്തി.

❖ പ്രാദേശികമായി ലഭിക്കുന്ന പ്രകൃതി വിഭവങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള മൂല്യ വർദ്ധക ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെ പിഎംയുന്റെ പിന്തുണയോടെ ആരംഭിച്ച ആദിവാസി വിഭാഗത്തിൽപെട്ട സ്ത്രീകളുടെ സംരംഭമായ മറയൂർ പഞ്ചായത്തിലെ ചെറുവാട് യൂണിറ്റിന്റെ നേതൃത്വത്തിൽ 377 സോപ്പുകളും 50 ലിപ് ബാമുകളും നിർമ്മിച്ചു.

### 11.4) മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ

❖ **ചിന്നക്കനാൽ ഗ്രാമ പഞ്ചായത്ത് മാലിന്യ സംസകരണം -** ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിലെ മാലിന്യ സംവിധാനങ്ങളിലെ പ്രോയ്മകൾ കണ്ടെത്തുന്നതിനുള്ള കൂടെതെ പുതിയ RRF നിർമ്മാണവുമായി ബന്ധപ്പെട്ട് ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് കണ്ടെത്തുന്നതിനുമായി ബൾക് വേസ്റ്റ് ഉൽപ്പാദകരായ റിസോർട്ടുകൾ ഹോട്ടലുകൾ എന്നിവ അടിസ്ഥാനപ്പെടുത്തി 36 സ്ഥാപനങ്ങളിൽ നിന്നും വേസ്റ്റ് ഓഡിറ്റ് സാമ്പിൾ സർവ്വേ നടത്തിയിരുന്നു.

❖ ചിന്നക്കനാൽ പഞ്ചായത്തിലെ RRF ന്റെ നിർമാണവുമായി ബന്ധപ്പെട്ടു ടോട്ടൽ സ്റ്റേഷൻ പൂർത്തീകരിച്ചു.

❖ **മൂന്നാർ മാലിന്യ സംസ്കരണം** - 'മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ' തുടർപ്രവർത്തനം എന്ന നിലയിൽ അടിമാലി, ദേവികുളം ബ്ലോക്കിലെ എല്ലാപഞ്ചായത്തുകളിലെയും പ്രത്യേകിച്ച് മൂന്നാറിലെ മാലിന്യ സംസ്കരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഇടുക്കി കളക്ടറിന്റെ നേതൃത്വത്തിൽ സ്റ്റേക്ക്ഹോൾഡർ യോഗം നടന്നു.

### 11.5) ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ

❖ കൃഷി വകുപ്പ്, നാഗാർജുന - അടിമാലി ചിന്നപ്പാറ കുടിയിലേക്ക് ഔഷധ ഗ്രാമം പദ്ധതി ആസൂത്രണം ചെയ്തു വരുന്നു.

## 12. ഗ്രീൻ പ്രോട്ടോകോൾ

❖ ആലപ്പുഴ ജില്ലയിൽ മണ്ണാറശാല ആയില്യം ഗ്രീൻ പ്രോട്ടോകോൾ പാലിച്ചു നടപ്പിലാക്കി. 3 ദിവസം നടന്ന പരിപാടികളിൽ ഹരിത കർമ്മ സേനയുടെ സേവനം ലഭ്യമാക്കിയിരുന്നു.

## 13. സമഗ്ര കൊട്ടാരക്കര

❖ കൊട്ടാരക്കര നിയോജക മണ്ഡലം സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് നിയോജക മണ്ഡലം എം.എൽ.എ കൂടിയായ ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ.ബാലഗോപാലിന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ മാലിന്യ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാരം കാണുന്നതിനുമായി യോഗം ഒക്ടോബർ മാസം ചേർന്നു.

❖ കൊട്ടാരക്കര നഗരസഭയിലെ പറയാട്ട് ഏല, കല്ലുമൺ ഏല, പാണ്ടിവയൽ എന്നിവിടങ്ങളിൽ കൃഷി ചെയ്യുന്നതിനായി കൃഷി ഓഫീസറുമായി യോഗം ചേർന്നു. പറയാട്ട് ഏലയിൽ തോടിന്റെ മട പൊട്ടിയത് താൽക്കാലികമായി മണ്ണ് ചാക്ക് നിറച്ചു വയ്ക്കുന്നതിനായി തൊഴിലുറപ്പിൽ എസ്റ്റിമേറ്റ് എടുത്തിട്ടുണ്ട്. പാണ്ടിവയൽ ഏല തോടിന്റെ ആഴം കൂട്ടുന്നതിനു ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിനെ കൊണ്ട് എസ്റ്റിമേറ്റ് എടുക്കുന്നതിന് തീരുമാനിച്ചു. ഈ മൂന്നു ഏലകളിലെയും പാടശേഖര സമിതികൾ, പാട്ടകൃഷി ചെയ്യുന്നവർ, വാർഡ് കൗൺസിലുമാർ തുടങ്ങിയവരുടെ യോഗം ചേരുന്നതിനും തീരുമാനിച്ചു.

❖ ഇറിഗേഷൻ വകുപ്പ് ഏറ്റെടുത്ത പുലമൺ തോടിലെ ചെളി നീക്കം ചെയ്യൽ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മൈലം, കുളക്കട ഗ്രാമപഞ്ചായത്തുകളിലെ പ്രവർത്തനങ്ങളും നടന്നുവരുന്നു. ഡിപിആറിൽ ഉൾപ്പെട്ട പ്രവൃത്തികളിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാൻ സാധിക്കുന്ന പ്രവൃത്തികൾ തീരുമാനിക്കുന്നതിനായി തൊഴിലുറപ്പ് പദ്ധതി ഉദ്യോഗസ്ഥരുടെയും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും യോഗം മിഷൻ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്നു.

## 14. സുസ്ഥിര തൃത്താല

- ❖ പാലക്കാട് ജില്ലയിൽ തൃത്താല അസംബ്ലി നിയോജക മണ്ഡലത്തിൽ പരിസ്ഥിതി, കൃഷി, ജലസംരക്ഷണം, ശുചിത്വം, മാലിന്യ സംസ്കരണം, ഹരിത ടൂറിസം എന്നീ മേഖലകൾ സംയോജിപ്പിച്ച് സുസ്ഥിരവും സമഗ്രവുമായ വികസനം ഉറപ്പാക്കുന്നതിന് തൃത്താല എം.എൽ.എ.യും തദ്ദേശവകുപ്പ് മന്ത്രി എം.ബി. രാജേഷ് വിഭാവനം ചെയ്ത് നടപ്പിലാക്കുന്ന സംയോജിത പദ്ധതിയാണ് "സുസ്ഥിര തൃത്താല".
- ❖ 2024 ഒക്ടോബർ 5-നു മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ തൃത്താല മണ്ഡലതല ഉദ്ഘടാനം "ക്ലീൻ സ്കൂൾ, ക്ലീൻ സിറ്റി" പരിപാടി തദ്ദേശ സ്വയം ഭരണ - എക്സൈസ് വകുപ്പ് മന്ത്രി എം. ബി. രാജേഷ് നിർവ്വഹിച്ചു. ഉദ്ഘാടന പരിപാടിയിൽ 2600 പേർ പങ്കെടുത്തു.
- ❖ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി 2024 ഒക്ടോബർ 13 നു തൃത്താല നിയോജക മണ്ഡലത്തിലെ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും വ്യാപാരി വ്യവസായി സംഘടനകളുടെയും സംയുക്ത യോഗം മന്ത്രിയുടെ അധ്യക്ഷതയിൽ നടന്നു.
- ❖ സുസ്ഥിര തൃത്താല പദ്ധതിയുടെ കഴിഞ്ഞ മൂന്ന് വർഷത്തെ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റ് പ്രകാശനം നവംബർ 30 നുള്ളിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. മണ്ഡലത്തിലെ എല്ലാ കവലകളും നവംബർ 1 നു മാലിന്യമുക്തമാക്കുന്നതിനു വേണ്ടി പ്രത്യേകമായിട്ടുള്ള ഒരു കർമ്മപരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

# ലൈഫ് മിഷൻ

## ഭൗതികനേട്ടം - ഒറ്റനോട്ടത്തിൽ

ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ഭാഗമായി 2017 മുതൽ 31.10.2024 വരെ കരാറിലേർപ്പെട്ട 5,28,871 ഗുണഭോക്താക്കളിൽ 4,21,275 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

| ലൈഫ് മിഷൻ/ വകുപ്പുകൾ | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| ലൈഫ് ഒന്നാം ഘട്ടം (പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) | 54,116 | 52,680 |
| ലൈഫ് രണ്ടാം ഘട്ടം + അഡീഷണൽലിസ്റ്റ് - (എസ്സി/ എസ്.ടി/ ഫിഷറീസ്)- (ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം) (പി.എം.എ.വൈ-ലൈഫ് (അർബൻ, റൂറൽ) (വിവിധ വകുപ്പുകൾമുഖേന) | 4,42,007 | 3,40,296 |
| ലൈഫ് മൂന്നാംഘട്ടം (ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമിയാർജ്ജിച്ചവർ) | 31,822 | 27,373 |
| ഭവനസമുച്ചയങ്ങളിലൂടെ പുനരധിവസിപ്പിക്കപ്പെട്ടവർ | 926 | 926 |
| **ആകെ** | **5,28,871** | **4,21,275** |

**2024-25 വർഷത്തിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ**

**വ്യക്തിഗത ഭവനം**

ഭൗതികലക്ഷ്യം 2024-25 (ബജറ്റ് പ്രഖ്യാപനം) - 1,00,000

2023-24-ൽ കരാറിലേർപ്പെട്ടവരിൽ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വീടുകൾ - 1,00,052

2024-25-ൽ പുതിയതായി കരാറിലേർപ്പെട്ടവർ - 25,261

**ആകെ** - **1,25,313**

2024-25 വർഷം പൂർത്തീകരിച്ച വീടുകൾ - 17,717

പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വീടുകൾ - 1,07,596

| | | |
|---|---|---|
| റൂഫ് | - | 13,106 |
| ലിന്റിൽ | - | 13,343 |
| ബേസ്മെന്റ് | - | 16,251 |
| നിർമ്മാണം ആരംഭിച്ചവർ | - | 50,988 |
| നിർമ്മാണം ആരംഭിക്കാത്തവ | - | 13,908 |
| **ആകെ** | **-** | **1,07,596** |

| 2024 സെപ്റ്റംബർ വരെ | 2024 ഒക്ടോബർ മാസം | 2024 ഒക്ടോബർ വരെ |
|---|---|---|
| **4,16,678** | **4,597** | **4,21,275** |

## അതിദാരിദ്ര്യ വിഭാഗത്തിൽപ്പെട്ടവർ (EPEP)

ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടവർ

| | | |
|---|---|---|
| വീട് വേണ്ടവർ | - | 8,629 |
| വീടും സ്ഥലവും വേണ്ടവർ | - | 7,484 |
| **ആകെ** | **-** | **16,113** |

അതിദരിദ്ര്യ നിർണ്ണയ പ്രക്രിയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കളിൽ ഭവനനിർമ്മാണത്തിനായി കരാർവെച്ച 4,425 കുടുംബങ്ങളിൽ 2,454 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

## ലൈഫ് 2020 - ഗുണഭോക്താക്കളുടെ എണ്ണം

| | |
|---|---|
| **ഭൂമിയുള്ള ഭവനരഹിതർ** | **3,66,590** |
| **ഭൂരഹിത ഭവനരഹിതർ** | **1,94,964** |
| **ആകെ** | **5,61,554** |

ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുള്ള ഭവനരഹിതരിൽ 31.10.2024 വരെ 1,02,948 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ടിട്ടുണ്ട്.

## ലൈഫ് 2020 കരാർവയ്ക്കൽ പുരോഗതി - ജില്ലതിരിച്ച്

| ജില്ല | അർഹരായവർ | കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| **തിരുവനന്തപുരം** | 43022 | 10916 |
| **കൊല്ലം** | 33474 | 8404 |
| **പത്തനംതിട്ട** | 10310 | 4601 |
| **ആലപ്പുഴ** | 30385 | 8653 |
| **കോട്ടയം** | 17348 | 5661 |
| **ഇടുക്കി** | 26038 | 2521 |
| **എറണാകുളം** | 23168 | 6983 |
| **തൃശൂർ** | 27714 | 8214 |
| **പാലക്കാട്** | 57631 | 8047 |
| **മലപ്പുറം** | 33521 | 20390 |
| **കോഴിക്കോട്** | 20491 | 7512 |
| **വയനാട്** | 17130 | 2488 |
| **കണ്ണൂർ** | 12004 | 5017 |
| **കാസർഗോഡ്** | 14354 | 3541 |
| **ആകെ** | **366590** | **102948** |

| 2024 സെപ്റ്റംബർ വരെ | 2024 ഒക്ടോബർ മാസം | 2024 ഒക്ടോബർ വരെ |
|---|---|---|
| **1,00,409** | **2,539** | **1,02,948** |

## മനസ്സോടിത്തിരി മണ്ണ്

മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായി 31.10.2024 വരെ 3208.739 സെൻറ് (32.08739 ഏക്കർ) ഭൂമി ലൈഫ് മിഷന് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 1816.815 സെൻറ് (1816.815 ഏക്കർ) ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്/ ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്

## ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി

ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി സർക്കാർ ആരംഭിച്ച മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിൻറെ ഭാഗമാകുന്നതിന് നിരവധി സംഘടനകളും സുമനസ്സുകളും സന്നദ്ധത പ്രകടിപ്പിക്കുകയുണ്ടായി. കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമിവാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷംരൂപ നിരക്കിൽ 25 കോടി രൂപ ധനസഹായം നൽകുന്നതിന് സർക്കാരുമായി 2021 ഡിസംബറിൽ ധാരണാപത്രം ഒപ്പിട്ടിരുന്നു. അതിൻപ്രകാരം 1000 ഭൂരഹിതർക്കും ഭൂമി ലഭ്യമാക്കി. തുടർന്ന് 1000 ഭൂരഹിതർക്ക്കൂടി ഭൂമി ലഭ്യമാക്കുന്നതാണെന്ന് കെ.ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ അറിയിച്ചിട്ടുണ്ട്. അതിൻപ്രകാരം MoU തയ്യാറാക്കി സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

## ലയൺസ് - ലൈഫ് ഭവനപദ്ധതി

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 100 ഭവനരഹിതർക്ക് ലയൺസ് ഇൻറർനാഷണൽ ഡിസ്ട്രിക്ട് 318-എ-യുടെ ആഭിമുഖ്യത്തിൽ വീട് വച്ച് നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിൻറെ ഉടമസ്ഥതയിലുള്ള മുദാക്കൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥലത്തും, കിളിമാനൂർ ഗ്രാമപഞ്ചായത്തിൻറെയും സ്ഥലത്തും, കൊല്ലം ജില്ലയിലെ കടയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തുമാണ് വീട് നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. ബഹു. തദ്ദേശസ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ MoU ഒപ്പിട്ടു.

## ഭവനസമുച്ചയ നിർമ്മാണ പുരോഗതി

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെ പുന:രധിവാസത്തിനായി ലൈഫ് മിഷൻ മുഖേന നിർമ്മാണമാരംഭിച്ച ഭവനസമുച്ചയങ്ങളിൽ 4 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 21 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

# വിദ്യാകിരണം

## ഭൗതികസൗകര്യ വികസനം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്താൻ 141 സ്കൂളുകൾക്ക് 5 കോടി രൂപ വീതവും 386സ്കൂളുകൾക്ക് 3 കോടി രൂപ വീതവും 446 സ്കൂളുകൾക്ക് 1 കോടി രൂപ വീതവും കിഫ്ബി ധനസഹായം അനുവദിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

| കിഫ്ബി അനുവദിച്ചത് | സ്കൂളുകൾ | പൂർത്തിയാക്കിയത് | വിവിധ ഘട്ടങ്ങളിൽ ഉള്ളത് |
|---|---|---|---|
| 5 കോടി | 141 | 138 | 3 |
| 3 കോടി | 386 | 179 | 207 |
| 1 കോടി | 446 | 195 | 251 |
| **ആകെ** | **973** | **512** | **461** |

- ഒക്ടോബർ മാസം അഞ്ചാം തീയതി പുതിയതായി 30 സ്കൂൾ കെട്ടിടങ്ങൾ ഉദ്ഘാടനം ചെയ്യുകയും 12 പുതിയ സ്കൂൾ കെട്ടിടങ്ങൾക്ക് തറക്കല്ലിടുകയും ചെയ്തു.
- ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ കൊല്ലകടവ് ഗവൺമെന്റ് മുഹമ്മദൻ ഹൈസ്കൂളിൽ എംഎൽഎയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും രണ്ട് കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച സ്കൂൾ കെട്ടിടവും മാവേലിക്കര നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് എസ് കെ വി എൽപിഎസ് പള്ളിക്കൽ സ്കൂളിൽ ഒരു കോടി രൂപ ചെലവഴിച്ച നിർമ്മിച്ച സ്കൂൾ കെട്ടിടവും ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി ഉദ്ഘാടനം ചെയ്തു.

## അക്കാദമിക പ്രവർത്തനങ്ങൾ

### ശിശു സൗഹൃദ ഗണിതശാസ്ത്ര പഠനം - മഞ്ചാടി

- വിദ്യാകിരണം മിഷനും എസ് എസ് കെ യും ചേർന്ന് എസ് സി ഇ ആർ ടി യുടെ പിന്തുണയോടെ ഗവേഷണ സ്വഭാവത്തിൽ വിദ്യാലയങ്ങളിൽ നടത്തുന്ന മഞ്ചാടി പദ്ധതിയ്ക്ക് നേതൃത്വം നൽകുന്ന അധ്യാപകർക്കുള്ള പരിശീലനങ്ങൾ നൽകി.
- കേരള സർക്കാരിന്റെ ഇന്നവേഷൻ വിഭാഗമായ കെ ഡിസ്കിന്റെ നേതൃത്വത്തിൽ വിവിധ പഞ്ചായത്തുകളിൽ ആരംഭിച്ച മഞ്ചാടി കൂടാരങ്ങളിൽ നടപ്പിലാക്കി വിജയം കണ്ട പഠനരീതി എസ് സി ഇ ആർ ടി യുടെ വിലയിരുത്തലിനെ തുടർന്നാണ് സംസ്ഥാനത്തെ 100 സ്കൂളുകളിൽ നടപ്പിലാക്കുന്നത്.
- അഞ്ചാം തരം ഗണിതത്തിലെ ഭിന്നസംഖ്യകൾ എന്ന ആശയം നിർദ്ദേശിക്കപ്പെട്ട പഠനസമയത്തിനുള്ളിൽ കുട്ടികളിൽ ഉറപ്പാക്കാനാണ് തുടക്കത്തിൽ പദ്ധതി വിഭാവനം ചെയ്തത്. ആദ്യഘട്ട വിലയിരുത്തലിൽ പദ്ധതിയുടെ മികവ് തിരിച്ചറിഞ്ഞതോടെയാണ് പഠനരീതി ക്ലാസ് മുറി പരീക്ഷണം രണ്ടാം ഘട്ടത്തിലേക്ക് നീങ്ങുന്നത്.
- രണ്ടാംഘട്ടത്തിലെ സംഖ്യാധാരണയിലൂന്നിയ പദ്ധതിയുടെ പരിശീലനത്തിനായി ഒക്ടോബർ മാസത്തിൽ മൂന്ന് ക്ലസ്റ്ററുകളിൽ ശില്പശാലകൾ സംഘടിപ്പിച്ചു.
- മൂന്നു ക്ലസ്റ്ററുകളിലായി നടന്ന പരിശീലന പരിപാടിയുടെ കണ്ണൂർ ജില്ലയിലുള്ള പരിശീലനത്തിന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നിന്നുള്ള അധ്യാപകർ പരിശീലകരായി എത്തി. കോഴിക്കോട് ക്ലസ്റ്ററിൽ കോഴിക്കോട് മലപ്പുറം, വയനാട് ജില്ലകളിൽ നിന്നുള്ള അധ്യാപകർ പരിശീലകരായിരുന്നു. തിരുവനന്തപുരം ക്ലസ്റ്ററിൽ തൃശ്ശൂർ, പാലക്കാട്, എറണാകുളം, ആലപ്പുഴ, കോട്ടയം, ഇടുക്കി, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട മോഡൽ പ്രസിഡൻഷ്യൽ സ്കൂളുകളിലെ അധ്യാപകരും തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ബി ആർ സിയിൽ നിന്നുള്ള 10 വിദ്യാലയങ്ങളിലെ അധ്യാപകരും പരിശീലകരായി എത്തി.

### ഹെൽപ്പിംഗ് ഹാൻഡ്

- ❖ സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി സമഗ്രശിക്ഷാ കേരളം അഞ്ചുമുതൽ പന്ത്രണ്ട്വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് എല്ലാ വിഷയങ്ങൾക്കും കൈത്താങ്ങ് നൽകുന്ന പ്രത്യേകപരിപാടിയാണ് ഹെൽപിങ്ങ് ഹാൻഡ്. കുട്ടികളുടെ പഠനാവസ്ഥയുടെ നിജസ്ഥിതി അവലോകനവും വിലയിരുത്തലുകളുടെ അടിസ്ഥാനത്തിലുള്ള പിന്തുണാപ്രവർത്തനങ്ങളും കുട്ടികളുടെ നിലവാരം ഉയർത്തലുമാണ് ഈ പരിപാടിയുടെ ലക്ഷ്യം.
- ❖ ജില്ലാതലത്തിൽ ഹെൽപിങ് ഹാൻഡ് പദ്ധതിയുടെ മോഡ്യൂൾ അവതരണം, സമയക്രമം. അവതരണരീതി തുടങ്ങിയ കാര്യങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ എന്നിവ നൽകുന്നതിനുള്ള ഏകദിന പരിശീലനം എല്ലാ ബി.ആർ.സികളിലും നിന്നുള്ള പ്രതിനിധികൾക്ക് നൽകി. തുടർന്ന് ബി.ആർ.സി പരിധിയിലെ അഞ്ചു മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളുള്ള സ്കൂളുകളിൽ നിന്നും സ്കൂൾ ഹെൽപ്പിംഗ് ഹാൻഡ് കോ-ഓർഡിനേറ്റർമാർക്ക് ഓറിയന്റേഷൻ നൽകുകയും സ്കൂൾതലത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും ആസൂത്രണങ്ങൾ നടത്തുകയും ചെയ്തു. സ്കൂളുകളിൽ തയ്യാറാക്കേണ്ട ഹെൽപ്പിങ്ങ് ഹാൻഡ് പ്രൊജക്റ്റ് എസ്.ആർ.ജി യോഗം ചേർന്ന് തീരുമാനിക്കുകയും കുട്ടികളുടെ അവസ്ഥവിശകലനരേഖകൾ ഉൾപ്പെടെ ചേർത്തു നൽകിയിട്ടുള്ള ഫോർമാറ്റ് പ്രകാരം പദ്ധതി തയ്യാറാക്കുവാനുമാണ് തീരുമാനിച്ചിട്ടുള്ളത്. അത് പ്രകാരം തയ്യാറാക്കിയ സ്കൂൾതല ഹെൽപ്പിങ്ങ് ഹാൻഡ് പദ്ധതിയുടെ ബി.ആർ.സി.തല അവതരണങ്ങൾ മെച്ചപ്പെടുത്തുകയും തെരഞ്ഞെടുക്കപ്പെട്ടവരുടെ അവതരണങ്ങൾ, മെച്ചപ്പെടുത്തലുകൾ എന്നിവയും നടന്നു. എല്ലാ സ്കൂളുകളും പദ്ധതി നടത്തുകയും ഇടക്കാല വിലയിരുത്തലുകൾ ചെയ്ത് അവ രേഖപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യുന്നു. ഭാഷ, ഗണിതം എന്നീ വിഷയങ്ങളാണ് കൂടുതൽ സ്കൂളുകളും പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. എങ്കിലും സാമൂഹ്യശാസ്ത്രം. ശാസ്ത്രം എന്നിവയിലും പദ്ധതികൾ ഉണ്ടായിട്ടുണ്ട്. മൂന്ന് ഘട്ടങ്ങളായി നിർദ്ദേശിക്കപ്പെട്ട രീതിയിൽ പ്രവർത്തനങ്ങൾ നടക്കുന്നു.
- ❖ എല്ലാ സ്കൂളുകളിലും അധിക പ്രവർത്തനമായോ ഉൾച്ചേർന്ന പ്രവർത്തനമായോ ആണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. പിന്നാക്കക്കാരായ കുട്ടികൾക്കും പ്രത്യേക പരിഗണന വിഭാഗത്തിനും ഈ പദ്ധതി പ്രയോജനപ്രദമാവുന്നുണ്ട്. ഉയർന്ന ക്ലാസുകളിൽ എത്തിയിട്ടും ഭാഷ, അടിസ്ഥാനഗണിതശേഷികൾ എന്നിവ കൈവരിച്ചിട്ടില്ലാത്ത കുട്ടികൾക്ക് ഹെൽപ്പിങ്ങ് ഹാൻഡ് സഹായകമാണ്. ഓരോ ഘട്ടത്തിലുമുള്ള ഗുണകരമായ മാറ്റങ്ങൾ അധ്യാപകരുടെ ആത്മവിശ്വാസം വർധിപ്പിക്കുവാനും സഹായകമാകുന്നു.

### സംസ്ഥാന കായികമേള

സംസ്ഥാന കായികമേളയുടെ ഭാഗമായി ഭിന്നശേഷി കുട്ടികളെ കൂടി ഉൾപ്പെടുത്തിയ ആദ്യ വർഷമാണിത്. നവംബർ മാസത്തിൽ നടക്കുന്ന കായികമേളയിലേക്ക് കുട്ടികളെ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ എല്ലാ ജില്ലകളിലും മികച്ച മുന്നൊരുക്കങ്ങളാണ് നടന്നത്.

## തനത് പരിപാടികൾ

**ഇന്നവേറ്റീവ് മാരത്തോൺ :** കൊല്ലം ജില്ലയിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെയും നീതി ആയോഗിന്റെയും സംയുക്താഭിമുഖ്യത്തിൽ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് ഇന്നവേറ്റീവ് മാരത്തോൺ. 6 മുതൽ 12 വരെ ക്ലാസുക ളിലെ കുട്ടികൾക്കാണ് ഇതിൽ പങ്കെടുക്കാൻ സാധിക്കുന്നത്. ഈ പദ്ധതി പ്രകാരം കുട്ടികൾക്ക് സാമൂഹ്യ പ്രശ്നങ്ങളുടെ പരിഹാരമാർഗ്ഗം ഒരു വർക്കിംഗ് പ്രോട്ടോടൈപ്പായി നൽകാവുന്നതാണ്. ഈ പദ്ധതിയിൽ ജില്ലയിലെ മുഴുവൻ സ്കൂളുകളും രജിസ്ട്രേഷൻ നടത്തുകയും കുട്ടികൾ ടീമായി 'ഐഡിയ സബ്മിഷൻ' ചെയ്യുന്നതിനുള്ള ഘട്ടങ്ങൾ നടന്നുവരികയും ചെയ്യുന്നു. രാജ്യത്തെ സ്റ്റാർട്ട് അപ്പ് മിഷന്റെ ഭാഗമാകാൻ അവസരം ലഭ്യമാകുന്ന സംരംഭമാണിത്.

**പര്യാപ്ത :** പത്തനംതിട്ട ജില്ലയിൽ സമഗ്രശിക്ഷാ കേരളയുടെ നേതൃത്വത്തിൽ ട്രെയിനേഴ്സ്, കോ ഓർഡിനേറ്റർമാർ എന്നിവർക്കും വിദ്യാലയ സന്ദർശനവുമായി ബന്ധപ്പെട്ട ഇടപെടലുകളെ വ്യക്തമായി

മനസ്സിലാക്കു വാനും അക്കാദമിക പിന്തുണ നൽകുവാൻ പ്രാപ്തരാക്കുവാനുമായി ജില്ലാതലത്തിൽ നടത്തിയ പരിപാടിയാണ് 'പര്യാപ്ത' അംഗങ്ങൾക്ക് മൂന്ന് ദിവസത്തെ റസിഡൻഷ്യൽ പരിശീലനത്തിലൂടെ വിവിധ മേഖലകളിലെ ഇടപെടലുകളെ എങ്ങനെയാണ് എന്ന് മനസ്സിലാക്കുവാനും ലഭ്യമായ പരിശീലനത്തിന്റെ അടിസ്ഥാനത്തിൽ ഓരോരുത്തരും വിദ്യാലയ അറ്റാച്ച്മെന്റ് പ്രോഗ്രാം നടത്തി സ്കൂളിലെ സർവ്വപരിപാടികളിലും ഇടപെടുവാൻ പര്യാപ്തരാവുകയും ചെയ്യുക എന്നതാണ്' ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്.

**നാട്യശിക്ഷ :** ഭിന്നശേഷി വിഭാഗത്തിലെ വിവിധ അഭിരുചികളുള്ള കുട്ടികളെ കണ്ടെത്തി പരിപോഷണ പ്രവർത്തനങ്ങൾ നടത്താറുണ്ട്. നാടകീകരണ പ്രവർത്തനത്തിലൂടെ അഭിനയകലയോട് ആഭിമുഖ്യം ഉള്ള വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുവാനും അവതരണവേദി ഒരുക്കുവാനും അവരെ സമൂഹത്തിന്റെ മുഖ്യധാര പ്രവർത്തനങ്ങളിലേക്ക് കൈപിടിച്ച് ഉയർത്തുവാനുമായി സമഗ്രശിക്ഷ പത്തനം തിട്ട നടത്തുന്ന പ്രത്യേക പരിപാടിയാണ് നാട്യശിക്ഷ. ജില്ലയിലെ കലാഭിരുചിയുള്ള എല്ലാ ബി.ആർ.സി പരിധിയിലേയും കുട്ടികൾ ഈ പരിപാടിയുടെ ഗുണഭോക്താക്കളാണ്.

**ICT പാഠപുസ്തക പരിശീലനം :** ആലപ്പുഴ ജില്ലയിലെ 815 എൽപി സ്കൂൾ അധ്യാപകർക്ക് KITE ന്റെ നേതൃത്വത്തിൽ ICT പാഠപുസ്തക പരിശീലനം സംഘടിപ്പിച്ചു. മാറിയ പാഠപുസ്തകത്തിലെ സമഗ്ര യിലേക്കുള്ള വിഭവ നിർമ്മാണം ആലപ്പുഴ ജില്ലയ്ക്ക് ചുമതല നൽകിയിരിക്കുന്നത് അഞ്ചാം ക്ലാസിലെ അടിസ്ഥാന ശാസ്ത്രമാണ്. ഇവയുമായി ബന്ധപ്പെട്ട ശിൽപ്പശാലകൾ സംഘടിപ്പിക്കുകയും പ്രവർത്തനം പൂർണ്ണമാക്കുകയും ചെയ്തു.

**പ്രാദേശിക പ്രതിഭാകേന്ദ്രം :** കോട്ടയം ജില്ലയിൽ 22 പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികളെ കണ്ടെത്തി മെച്ചപ്പെടുത്തി സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുകയാണ് പ്രതിഭാകേന്ദ്രത്തിന്റെ ലക്ഷ്യം. പ്രായോഗിക ജീവിതത്തിൽ കുട്ടി നേടേണ്ട ശേഷികൾ നേടുകയും ആത്മവിശ്വാസത്തോടെ ജീവിതത്തെ സമീപിക്കാനും കുട്ടിയെ പ്രാപ്തമാക്കുന്നു. അധ്യാപകന്റെ ക്രീയാത്മകമായ ഇടപെടലിലൂടെ കുട്ടിയുടെ ഭാവനയെ വികസിപ്പിക്കുകയും വളർച്ചയെ സഹായിക്കുകയും ചെയ്യുന്നു.

**സ്ട്രീം ഹബ്ബ് :** പാലക്കാട് ജില്ലയിലെ 13 ജില്ലയിലെ 13 സ്ട്രീം ഹബ്ബ് സ്കൂളുകളിലെ 5, 6, 7 ക്ലാസുകളിലെ ശാസ്ത്ര വിഷയങ്ങൾ പഠിപ്പിക്കുന്ന അധ്യാപകർക്കുള്ള ഓൺലൈൻ ഓറിയന്റേഷൻ സംഘടിപ്പിച്ചു. കുട്ടികളുടെ പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി ഇന്റർ ഡിസിപ്ലിനറി അപ്രോച്ച്മെന്റ് അടിസ്ഥാനത്തിൽ കുട്ടികൾക്ക് ലഭ്യമായിട്ടുള്ള റിസോഴ്സ് മെറ്റീരിയലുകൾ, വർക്ക് ബുക്കുകൾ എന്നിവയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിശദീകരണമാണ് ഓൺലൈൻ ഓറിയന്റേഷനിലൂടെ നൽകിയത്.

**റിസോഴ്സ് ബുക്ക് :** പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ബി ആർ സി പരിധിയിലുള്ള അലനല്ലൂരിൽ ഏകദേശം 100 പേജുകൾ വരുന്ന ഒരു റിസോഴ്സസ് ബുക്ക് മൂന്നാം ക്ലാസിലെ വിദ്യാർത്ഥികൾക്കായി തയ്യാറാക്കി. വിവിധ ഉറവിടങ്ങളിൽ നിന്നും ശേഖരിച്ച മാതൃക ചോദ്യങ്ങളും ഉൾപ്പെടുത്തി മൂന്നാം ക്ലാസിലെ കുട്ടികൾക്ക് പരീക്ഷയെ വളരെ ആത്മവിശ്വാസത്തോട് കൂടി “അഭിമുഖീകരിക്കുന്നതിനുള്ള മാതൃക ചോദ്യങ്ങളും പരിശീലന പ്രശ്നങ്ങളും ഉൾപ്പെടുത്തിയിട്ടുള്ള Workbook, മണ്ണാർക്കാട് ബി ആർ സിക്ക് പരിധിയിലുള്ള അലനല്ലൂർ പഞ്ചായത്തിലെ ജി എൽ പി എസ് എടത്തനാട്ടുകര സ്കൂളിലെ മികച്ച ഒരു പരിശ്രമം. ഓരോ കുട്ടിക്കും ഇത്രയും പേജുകൾ ഉള്ള ഓരോ ബുക്കുകൾ കൈവശം നൽകുകയും വ്യക്തിഗതമായി ഓരോ കുട്ടിയുടെയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നു. വർക്ക് ബുക്കിനെ കുറിച്ച് കുട്ടികളോട് അഭിപ്രായങ്ങൾ ആരായുകയും പ്രൊജക്ടറിൽ കാണിക്കുന്നതിനേക്കാൾ വ്യക്തിഗതമായി ഈ പുസ്തകം ലഭിച്ചപ്പോൾ കൂടുതൽ ആത്മവിശ്വാസത്തോടെ പരീക്ഷയെ നേരിടുന്നതിനുള്ള അവസരം ലഭിക്കുകയും ചെയ്യുന്നു എന്നും കുട്ടികൾ അഭിപ്രായപ്പെട്ടു.

**ബീച്ച് ടു ബെഞ്ച് രക്ഷാകർതൃവിദ്യഭ്യാസ പരിപാടി :** മലപ്പുറം ജില്ലയിലെ താനൂരിൽ തീരദേശ വിദ്യാലയങ്ങളിലെ വിദ്യാർഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും കലാകായിക ശേഷികൾ വികസിപ്പിക്കുന്നതിനുമായി ആരംഭിച്ച കളിവീടുകൾ പ്രവർത്തനമാരംഭിച്ചു. സമഗ്ര ശിക്ഷാ കേരളം,

സ്റ്റാർസ് പദ്ധതിയിൻ കീഴിൽ നടപ്പിലാക്കുന്ന ബിച്ച് ടു ബെഞ്ച് പരിപാടിയുടെ ഭാഗമായുള്ള പ്രവർത്തനമാണ് കളിവീട്. ഉണ്ണ്യാൽ മുതൽ ഒട്ടുംപുറം വരെ നീണ്ടു കിടക്കുന്ന താനൂർ തീരദേശത്തെ പത്തു വിദ്യാലയങ്ങളിൽ നിന്നുള്ള 3 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന തിരഞ്ഞെടുക്കപ്പെട്ട 400 കുട്ടികളാണ് താനൂർ ബി.ആർ.സിയൊരുക്കിയ കളി വീടുകളിലെത്തിയത്. 9 കേന്ദ്രങ്ങളിലായി 20 ബാച്ചുകളായാണ് ഈ പ്രവർത്തനം സംഘടി പ്പിക്കുന്നത്.

**ഭാഷാപഠനത്തോടൊപ്പം കലാവിദ്യാഭ്യാസം :** പ്രവൃത്തി പരിചയം, സംഗീതം, ചിത്രരചന, കായികം തുടങ്ങിയ മേഖലകളിലെക്കൂടി വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രത്യേക പ്രവർത്തനങ്ങളാണ് കളിവീടുകളിൽ നടക്കുന്നത്. ശനി, ഞായർ ദിവസങ്ങളിൽ 2 മണിക്കൂർ വീതമാണ് കുട്ടികൾക്ക് പഠനാനുഭവങ്ങൾ ലഭിക്കുക. ആദ്യദിനത്തിൽ രക്ഷിതാക്കൾക്കുള്ള പ്രത്യേക പരിശീലന ക്ലാസുകളും സംഘടിപ്പിച്ചു. മാർച്ച് 31 വരെ കളിവീടുകളുടെ പ്രവർത്തനം തുടരും. താനൂർ ബി.ആർ.സി തിരഞ്ഞെടുത്ത് പരിശീലനം നൽകിയിട്ടുള്ള 20 വിദ്യാഭ്യാസവോളണ്ടിയർമാരാണ് ഈ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്. ഇവരോടൊപ്പം ബി.ആർ.സിയിലെ സ്പെഷലിസ്റ്റ് അധ്യാപകർ, ക്ലസ്റ്റർ കോർഡിനേറ്റർമാർ എന്നിവരും ക്ലാസുകൾ കൈകാര്യം ചെയ്യും.

**പ്രീസ്കൂൾ അധ്യാപക പരിശീലനം :** പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രീ-പ്രൈമറി അധ്യാപകർക്കും പ്രധാനാധ്യാപകർക്കും ഉള്ള പരിശീലനം വയനാട് ജില്ലയിൽ രണ്ട് കേന്ദ്രങ്ങളിലായി ഒക്ടോബർ മാസത്തിൽ സംഘടിപ്പിച്ചു. ഒക്ടോബർ 16, 17, 18 തീയതികളിലായി സുൽത്താൻബത്തേരി ഡയറ്റ്, മാനന്തവാടി ബി.ആർ.സി എന്നീ കേന്ദ്രങ്ങളിലാണ് പരിശീലനം സംഘടിപ്പിച്ചത്.

**മാലിന്യമുക്തകേരളം -** കണ്ണൂർ ജില്ലയിൽ സ്കൂൾതല നോഡൽ ഓഫീസർമാർക്കുളള ശിൽപശാല നടത്തി. മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, സമഗ്രശിക്ഷ കേരളം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ മുഴുവൻ വിദ്യാലയങ്ങളും ഹരിതവിദ്യാലയങ്ങളായി പ്രഖ്യാപിക്കുന്നതിനു മുന്നോടിയായുള്ള സ്കൂൾ നോഡൽ ഓഫീസർമാർക്കുള്ള ബ്ലോക്ക് തല പരിശീലനം ഒക്ടോബർ 25 ന് കണ്ണൂർ നോർത്ത് ബി ആർ സി യി ൽ വച്ച് നടന്നു. നൂറോളം അധ്യാപകർ പങ്കാളികളായ പരിശീലന പരിപാടിയിൽ വിദ്യാകിരണം ജില്ലാ കോർഡിനേറ്റർ സംഘടനം നിർവഹിച്ചു.

# ആർദ്രം മിഷൻ

## 1) ആരോഗ്യ സ്ഥാപനങ്ങളുടെ പരിവർത്തന പ്രവർത്തനങ്ങൾ

| ഘട്ടം | തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ | നിർമ്മാണം പൂർത്തിയായവ | നിർമ്മാണം പുരോഗമിക്കുന്നവ |
|---|---|---|---|
| മെഡിക്കൽ കോളേജുകളിലെ ഒ.പി പരിവർത്തനം | 8 | 8 (100%) | 0 |
| ജില്ലാ ആശുപത്രികളിലെ ഒ.പി പരിവർത്തനം | 17 | 14 (82%) | 0 |
| **താലൂക്ക് ആശുപത്രികളുടെ ഒ. പി പരിവർത്തനം** | | | |
| ഒന്നാം ഘട്ടം | 8 | 6 (75%) | 0 |
| രണ്ടാം ഘട്ടം | 27 | 7 (26%) | 13 |
| മൂന്നാം ഘട്ടം | 8 | 2 (25%) | 5 |
| **ആകെ** | **43** | **15 (35%)** | **18** |
| **സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി** | | | |
| ഒന്നാം ഘട്ടം | 76 | 57 (75%) | 5 |
| രണ്ടാം ഘട്ടം | 75 | 23 (30%) | 26 |
| **ആകെ** | **151** | **80 (53%)** | **31** |
| **പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി** | | | |
| ഒന്നാം ഘട്ടം | 170 | 166 (98%) | 3 |
| രണ്ടാം ഘട്ടം | 504 | 442 (88%) | 19 |
| മൂന്നാം ഘട്ടം | 212 | 94 (44%) | 44 |
| **ആകെ** | **886** | **702 (79%)** | **66** |

## 2) വാർഷിക ആരോഗ്യ പരിശോധന

- 30 വയസ്സിന് മുകളിൽ പ്രായമായ എല്ലാ വ്യക്തികളേയും വർഷത്തിൽ ഒരിക്കലെങ്കിലും ജീവിതശൈലീ രോഗങ്ങൾക്ക് സ്ക്രീൻ ചെയ്യാനുള്ള സംവിധാനം ഒരുക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച വാർഷിക ആരോഗ്യ പരിശോധനയുടെ ഒന്നാം ഘട്ടം പൂർത്തിയായി, രണ്ടാം ഘട്ടം പുരോഗമിക്കുന്നു.
- രണ്ടാം ഘട്ട സർവേയുടെ ഭാഗമായുള്ള എല്ലാ പരിശീലനങ്ങളും പൂർത്തിയായി.
- വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ട സർവേ 2024 ജൂൺ മാസം ആരംഭിച്ചു. രണ്ടാം ഘട്ടം സർവേയുടെ ഭാഗമായി 31/10/2024 വരെ 44,15,065 വ്യക്തികളുടെ സർവേ പൂർത്തിയായി. 01/10/2024 മുതൽ 31/10/2024 വരെ 11,85,408 (6.69%) വ്യക്തികളുടെ സർവേ പൂർത്തിയായി. ഇതിൽ 5,16,322 (44%) പേർക്ക് പ്രമേഹ/രക്താതിമർദ്ദ സാധ്യതയുള്ളതായും, 23,246 (2%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായും, 27,223 (2.3%) പേർക്ക് ക്ഷയരോഗ സാധ്യതയുള്ളതായും, 47,186 (4%) പേർക്ക് ശ്വാസകോശ രോഗങ്ങൾക്കുള്ള സാധ്യതയുള്ളതായും 26,046 (2.2%) പേർക്ക് കുഷ്ഠരോഗ സാധ്യതയുള്ളതായും 3,48,582 (29.4%) പേർക്ക് കാഴ്ച സംബന്ധമായ രോഗസാധ്യതയുള്ളതായും 48,441 (4%) പേർക്ക് കേൾവി സംബന്ധമായ രോഗസാധ്യതയുള്ളതായും 17,025 (1.4%) പേർക്ക് മാനസികാരോഗ്യ പ്രശ്നങ്ങൾക്കുള്ള സാധ്യതയുള്ളതായും കണ്ടെത്തി തുടർപരിശോധനകളും ചികിത്സയും ലഭ്യമാക്കി വരുന്നു.
- പ്രമേഹ/രക്താതിമർദ്ദ സാധ്യതയുള്ള വ്യക്തികളുടെ തുടർ സ്ക്രീനിംഗ് ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി നടത്തിയതിൽ 01/10/2024 മുതൽ 31/10/2024 വരെ 18,747 (ആകെ പരിശോധിച്ചവരിൽ 22%) പേർക്ക് രക്താതിമർദ്ദവും 1,690 (ആകെ പരിശോധിച്ചവരിൽ 1.9%) പേർക്ക് പ്രമേഹവും പുതിയതായി കണ്ടെത്തി.
- രണ്ടാം ഘട്ട സർവേയുടെ ഭാഗമായി നിലവിൽ രക്താതിമർദ്ദം മാത്രമുള്ള 2,24,041 (18.8%) പേരുടേയും

പ്രമേഹം മാത്രമുള്ള 1,01,317 (8.5%) പേരുടേയും രോഗവിവരങ്ങൾ കൂടി ശൈലി ആപ്പ് വഴി രേഖപ്പെടുത്തിയിട്ടുണ്ട്.

- ❖ വാർഷിക ആരോഗ്യ പരിശോധനയിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പാക്കാനായി വിവിധ ബോധവൽക്കരണ ക്യാമ്പയിനുകൾ ജില്ലകളിൽ നടന്നു വരുന്നു.

## 3) ക്യാൻസർ നിയന്ത്രണ പദ്ധതി

- ❖ ക്യാൻസർ രോഗ സാധ്യത ഉള്ളവരെ കുടുംബാരോഗ്യ കേന്ദ്ര തലം മുതലുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തി ആവശ്യമുള്ളവരുടെ സാമ്പിൾ ശേഖരിച്ച് ജില്ലാ തല ലാബുകളിൽ അയച്ച് രോഗനിർണ്ണയം നടത്തുവാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.
- ❖ സംസ്ഥാനത്തെ മൂന്ന് ക്യാൻസർ സെന്ററുകൾ, മെഡിക്കൽ കോളേജുകളിലെ ക്യാൻസർ ചികിത്സാ യൂണിറ്റുകൾ, ആരോഗ്യവകുപ്പിലെ ജില്ലാ ക്യാൻസർ കെയർ യൂണിറ്റുകൾ എന്നിവയെ കുടുംബാരോഗ്യ കേന്ദ്രം മുതൽ ജില്ലാ ആശുപത്രി വരെയുള്ള ആരോഗ്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തിയുള്ള ക്യാൻസർ ഗ്രിഡ് സംവിധാനം പ്രവർത്തനക്ഷമമാണ്.
- ❖ വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ട സർവേയുടെ ഭാഗമായി 01/10/2024 മുതൽ 31/10/2024 വരെ 11,85,408 (6.69%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 23,246 (2%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായി കണ്ടെത്തി തുടർപരിശോധനകൾക്ക് നിർദേശിച്ചിട്ടുണ്ട്.
- ❖ ക്യാൻസർ കെയർ പദ്ധതിയുടെ ഭാഗമായി ഇഹെൽത്ത് മുഖേന ക്യാൻസർ കെയർ സ്യൂട്ട് എന്ന സോഫ്റ്റ്‌വെയർ വികസിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ക്യാൻസർ കെയർ സ്യൂട്ടിൽ ക്യാൻസർ സ്ക്രീനിംഗ് പോർട്ടൽ, കേരള ക്യാൻസർ രജിസ്ട്രി, ബോൺ മാരോ ഡോണർ രജിസ്ട്രി എന്നീ പോർട്ടലുകൾ/രജിസ്ട്രികൾ ഉൾപ്പെടുന്നു. ഇതിൽ ക്യാൻസർ രോഗ സാധ്യതയുള്ളവരുടെ വിശദമായ ക്ലിനിക്കൽ, ലാബ് പരിശോധനകൾക്കായി വികസിപ്പിച്ച ക്യാൻസർ സ്ക്രീനിങ് പോർട്ടൽ പ്രവർത്തനക്ഷമമാണ്. 31/10/2024 വരെ ക്യാൻസർ സ്ക്രീനിങ് പൂർത്തിയാക്കിയ 41,556 വ്യക്തികളുടെ പരിശോധന വിവരങ്ങൾ ക്യാൻസർ പോർട്ടലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
- ❖ ക്യാൻസർ വരുന്നതിന് വളരെ മുമ്പ് തന്നെ രോഗ സാധ്യത കണ്ടെത്തി തുടർ പരിശോധനയ്ക്കും ചികിത്സയ്ക്കും വിധേയമാകാൻ സഹായകമാകുന്ന പ്രിവന്റീവ് ഓങ്കോളജി ക്ലിനിക്കുകൾ എല്ലാ ജില്ലകളിലും ആരംഭിച്ചു. സ്തനാർബുദം, വദനാർബുദം, ഗർഭാശയഗള ക്യാൻസർ തുടങ്ങിയവ വളരെ നേരത്തെ കണ്ടെത്തി ചികിത്സ ഉറപ്പാക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.
- ❖ സംസ്ഥാനത്തെ ക്യാൻസർ സെന്ററുകൾക്കും പ്രധാന മെഡിക്കൽ കോളേജുകൾക്കും പുറമേ എല്ലാ ജില്ലയിലും ഒരു ആശുപത്രിയിലെങ്കിലും മാമോഗ്രാം, പാപ് സ്മിയർ, ബയോപ്സി സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.
- ❖ സർക്കാർ മേഖലയിൽ ആദ്യമായി ക്യാൻസർ ചികിത്സാ രംഗത്ത് റോബോട്ടിക് സർജറി യൂണിറ്റ് ഉൾപ്പെടെയുള്ള അത്യാധുനിക ചികിത്സാ സംവിധാനങ്ങൾ തിരുവനന്തപുരം ആർ.സി.സിയിൽ പ്രവർത്തനമാരംഭിച്ചു. മലബാർ ക്യാൻസർ സെന്ററിലും (എം.സി.സി) റോബോട്ടിക് സർജറി പ്രവർത്തന സജ്ജമായിട്ടുണ്ട്. എം.സി.സി യെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് ആന്റ് റിസർച്ച് ആയി ഉയർത്തി.
- ❖ ഗർഭാശയഗള ക്യാൻസർ കണ്ടെത്തുന്നതിനുള്ള 'സെർവി സ്കാൻ' രാജ്യത്ത് ആദ്യമായി ആർ.സി.സി വികസിപ്പിച്ചു.
- ❖ സെർവിക്കൽ ക്യാൻസറിന് എതിരായുള്ള എച്ച്.പി.വി. വാക്സിനേഷൻ പ്ലസ് വൺ, പ്ലസ് ടു തലത്തിലെ പെൺകുട്ടികൾക്ക് നൽകുന്നതിന് തീരുമാനമെടുത്തു.
- ❖ മലബാർ ക്യാൻസർ സെന്ററിൽ അതിനൂതന കാർ ടി സെൽ തെറാപ്പി ആരംഭിച്ചു. കൊച്ചിൻ ക്യാൻസർ സെന്ററിൽ ഇത് ഈ വർഷം പൂർണതോതിൽ പ്രവർത്തനസജ്ജമാകും.
- ❖ വിലകൂടിയ ക്യാൻസർ മരുന്നുകൾ സംസ്ഥാനത്തെ തെരഞ്ഞെടുത്ത കാരുണ്യ ഫാർമസികളിലൂടെ 'സീറോ പ്രോഫിറ്റായി' കമ്പനി വിലയ്ക്ക് രോഗികൾക്ക് ലഭ്യമാക്കുന്നതിനായി ആരംഭിച്ച കാരുണ്യ

സ്പർശം-സീറോ പ്രോഫിറ്റ് ആന്റി-ക്യാൻസർ ഡ്രഗ്സ് പദ്ധതി ബഹു:മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

- ❖ സംസ്ഥാനത്ത് ആദ്യമായി മജ്ജ മാറ്റിവെയ്ക്കൽ ചികിത്സയ്ക്ക് സഹായകരമാകുന്ന കേരള ബോൺമാരോ ഡോണർ രജിസ്ട്രി സജ്ജമാക്കുന്നതിനായി ആരോഗ്യവകുപ്പ് അനുമതി നൽകി ഉത്തരവായി. മലബാർ കാൻസർ സെന്റർ കെ-ഡിസ്കിന്റെ സഹകരണത്തോടെയാണ് പൈലറ്റ് പ്രോജക്ടായി ബോൺമാരോ ഡോണർ രജിസ്ട്രി തയ്യാറാക്കുന്നത്. രക്താർബുദം ബാധിച്ചവർക്ക് അനുയോജ്യമായ മൂലകോശം ലഭിക്കുന്നതിന് നിലവിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാനായി ഇവരുടെ ഡേറ്റാബേസ് തയ്യാറാക്കുകയാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ഇന്ത്യയിൽ നിലവിൽ സർക്കാരിതര മേഖലയിൽ 6 ബോൺമാരോ ഡോണർ രജിസ്ട്രികൾ മാത്രമാണുള്ളത്. മജ്ജ മാറ്റിവെയ്ക്കൽ ചികിത്സാ ചെലവ് ഗണ്യമായി കുറയ്ക്കുക, യോജിച്ച മൂലകോശത്തിന്റെ ലഭ്യത കൂട്ടുക എന്നീ ലക്ഷ്യങ്ങളോടെയാണ് രജിസ്ട്രി തയ്യാറാക്കുന്നത്.

## 4) നിർണയ ലാബ് നെറ്റ്‌വർക്ക് സംവിധാനം

- ❖ ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയിൽ ലാബുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള നിർണയ ലാബ് നെറ്റുവർക്കിംഗ് സംവിധാനം എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്.
- ❖ ക്യാൻസർ പരിശോധന, ക്ഷയരോഗ സ്ക്രീനിങ്, നവജാത ശിശു സ്ക്രീനിങ്, ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് (എ.എം.ആർ), സങ്കീർണമായ ലാബ് പരിശോധനകൾ മുതലായവ ഈ സംവിധാനത്തിലൂടെ പരിശോധിച്ചു വരുന്നു.
- ❖ സംസ്ഥാനത്തെ നിലവിലുള്ള ലബോറട്ടറി സംവിധാനങ്ങളുടെ വിശദമായ മാപ്പിംഗും ഗ്യാപ് അനാലിസിസും പൂർത്തിയാക്കി.
- ❖ എല്ലാ റിജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലും ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബുകളിലും ലാബ് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.
- ❖ എല്ലാ സർക്കാർ ലാബുകളിലും ഇന്റേണൽ ക്വാളിറ്റി കൺട്രോൾ, എക്സ്റ്റേർണൽ ക്വാളിറ്റി അഷ്വറൻസ് എന്നിവ ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- ❖ നിലവിൽ ലാബ് സംവിധാനം ഇല്ലാത്ത ആശുപത്രികളിൽ കൂടി ലാബ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു.
- ❖ നിർണയ ലാബ് നെറ്റുവർക്ക് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ഇ-ഹെൽത്തിന്റെ സഹായത്തോടെ നിർമിച്ച റിപ്പോർട്ടിങ് സോഫ്റ്റ്‌വെയർ സംവിധാനം മലപ്പുറം ജില്ലയിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചു.
- ❖ ആയുഷ് വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ കൂടി നിർണയ ലാബ് നെറ്റുവർക്ക് ആരംഭിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## 5) വയോജന-സാന്ത്വന പരിചരണം

- ❖ പാലിയേറ്റീവ് കെയർ പോളിസിയെ അടിസ്ഥാനപ്പെടുത്തി സാന്ത്വന പരിചരണത്തിനായുള്ള സമഗ്രമായ പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ തയ്യാറാക്കി. ആക്ഷൻ പ്ലാൻ അനുസരിച്ചു 'അരികെ' എന്ന പേരിൽ സമഗ്ര പാലിയേറ്റീവ് വയോജന പരിചരണ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. ഇതിന്റെ മേൽനോട്ടം വഹിക്കാൻ ഒരു ഉന്നതാധികാര സമിതിയും വർക്കിംഗ് ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്.
- ❖ പുതുക്കിയ പാലിയേറ്റിവ് കെയർ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബഹുജന പങ്കാളിത്തത്തോടെ വയോജന ആരോഗ്യ സംരക്ഷണവും, സാന്ത്വന പരിചരണവും ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.
- ❖ എല്ലാ ജില്ലകളിലേയും പാലിയേറ്റീവ് കെയർ ജീവനക്കാർക്ക് പുതുക്കിയ മാർഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകി. മോഡേൺ മെഡിസിൻ ഡോക്ടർമാർക്കും ഫീൽഡ് സ്റ്റാഫിനും ഓൺലൈൻ പരിശീലനങ്ങളും സംഘടിപ്പിച്ചു.
- ❖ പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിന് വേണ്ടി പരിശീലകർക്കായുള്ള സംസ്ഥാന

തല പരിശീലനം 30 ആയുർവേദ ഡോക്ടർമാർക്കും 46 ഹോമിയോ ഡോക്ടർമാർക്കും നൽകി. ഇതോടൊപ്പം വിവിധ ജില്ലകളിലായി 1000 ത്തിലധികം ആയുർവേദ ഡോക്ടർമാർക്കും 327 പാരാമെഡിക്കൽ സ്റ്റാഫിനും തുടർ പരിശീലനങ്ങൾ പൂർത്തിയാക്കി. ഇടുക്കി ജില്ലയിൽ പരിശീലകർക്കായുള്ള 10 ജില്ലാതല പരിശീലനങ്ങൾ നടത്തി.

❖ നിലവിൽ സംസ്ഥാനത്ത് 1,142 പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 2,41,755 രോഗികൾക്കും 344 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 38,417 രോഗികൾക്കും സാന്ത്വന പരിചരണം നൽകി വരുന്നു. ഭാരതീയ ചികിൽസാ വകുപ്പിന്റെ (ISM) ന്റെ കീഴിൽ 44 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും ഹോമിയോ വകുപ്പിന്റെ കീഴിൽ 18 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും പ്രവർത്തിക്കുന്നു.

❖ എട്ട് മെഡിക്കൽ കോളേജുകളിലും റീജണൽ ക്യാൻസർ സെന്ററിലും മലബാർ ക്യാൻസർ സെന്ററിലും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

❖ സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജറിയാട്രിക്സ് വിഭാഗം ആരംഭിച്ചു. ഇതിലൂടെ വയോജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്ക് പ്രത്യേക ചികിത്സയും പരിചരണവും ലഭിക്കും.

❖ സംസ്ഥാനത്തെ 21 പ്രധാന ആശുപത്രികളിൽ 10 കിടക്കകളോടുകൂടിയ ജെറിയാട്രിക് വാർഡുകൾ സജ്ജീകരിച്ചിട്ടുണ്ട്. ആന്റി സ്കിഡ് ടൈലുകൾ, റെയിലുകൾ, റാമ്പുകൾ, വയോജനസൗഹൃദ ശൗചാലയങ്ങൾ, ഫർണിച്ചറുകൾ എന്നീ സൗകര്യങ്ങളോടുകൂടിയ വാർഡുകളാണ് സജ്ജീകരിച്ചിരിക്കുന്നത്.

❖ 227 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ വയോജന ക്ലിനിക്കുകൾ സംഘടിപ്പിക്കുന്നതിനായി ഒരു സ്റ്റാഫ് നഴ്സിന്റെയും, ഒരു ഫിസിയോതെറാപ്പിസ്റ്റിന്റേയും സേവനം ഉറപ്പാക്കിയിട്ടുണ്ട്.

❖ വയോജനങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി തുടർസേവനങ്ങൾ ഉറപ്പാക്കുന്നതിനായി ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ വയോജന ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. മുതിർന്ന സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി സേവനങ്ങൾ ഉറപ്പാക്കാനായി വെൽ വുമൺ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്.

❖ വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ട സർവേയിൽ 01/10/2024 മുതൽ 31/10/2024 വരെ 11,85,408 (6.69%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 12,490 (1%) കിടപ്പുരോഗികളും 18,281 (1.5%) ഹോം ബൌണ്ട് വ്യക്തികളും അറുപത് വയസ്സിനു മുകളിൽ പ്രായമുള്ള 3,89,752 (33%) വ്യക്തികളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇവരുടെ പഞ്ചായത്ത്/വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിച്ച് പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള രോഗികൾക്ക് സേവനം ലഭ്യമാക്കി വരുന്നു. ഇതോടൊപ്പം രണ്ടാം ഘട്ട സർവേയുടെ ഭാഗമായി 24,703 (2.08%) പേർക്ക് വാർദ്ധക്യ സഹജമായ ആരോഗ്യപ്രശ്നങ്ങൾ കണ്ടെത്തി തുടർപരിശോധനകൾക്കായി നിർദ്ദേശിച്ചിട്ടുണ്ട്.

❖ കേരള സർക്കാരിന്റെ കീഴിലുള്ള സ്കോൾ കേരളയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ സഹകരണത്തോടെ നടത്തുന്ന ആറു മാസത്തെ ഹോം നഴ്സിംഗ് കോഴ്സ് (ഡിപ്ലോമ ഇൻ ഡൊമിസീലിയറി നേഴ്സിങ് കെയർ) ആരംഭിച്ചു. കോഴ്സിന്റെ ആദ്യ ബാച്ചിൽ 11 ജില്ലകളിലായി 232 പേർ പരിശീലനം നേടി.

❖ സാന്ത്വന പരിചരണ സംവിധാനങ്ങളെ ഏകോപിപ്പിക്കാനും കിടപ്പ് രോഗികൾക്ക് നൽകുന്ന സേവനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്താനുമുള്ള പാലിയേറ്റീവ് കെയർ ഗ്രിഡ് സോഫ്റ്റുവെയർ സംവിധാനം തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ ദേശീയ ആരോഗ്യ ദൌത്യം (NHM), കേരള സാങ്കേതിക സർവകലാശാല (KTU), ഡിജിറ്റൽ യൂണിവേഴ്സിറ്റി (DUK), സ്റ്റാർട്ട്അപ്പ് മിഷൻ, ഇന്ത്യൻ അസ്സോസിയേഷൻ ഓഫ് പാലിയേറ്റീവ് കെയർ (IAPC), പ്യൂപ്പിൾ ഫസ്റ്റ് എന്നിവരുടെ സഹകരണത്തോടെ നടന്നു വരുന്നു.

❖ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുന്നതിന്റെ ഭാഗമായി ക്വാളിറ്റി അസ്സസ്മെന്റ് ചെക്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഇതുമായി ബന്ധപ്പെട്ട സംസ്ഥാനതല പരിശീലനങ്ങൾ 2024 സെപ്റ്റംബർ മാസം ആരംഭിച്ചു.

- ❖ കുടുംബശ്രീയുമായി സഹകരിച്ചു കൊണ്ട് പാരാപ്ലീജിയ രോഗികൾക്കായുള്ള പുനരധിവാസ പ്ലാറ്റ്ഫോം തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതുമായി ബന്ധപ്പെട്ടുള്ള പരിശീലനങ്ങൾ എറണാകുളം, മലപ്പുറം ജില്ലകളിൽ ആരംഭിച്ചു.
- ❖ വിദ്യാർത്ഥികളെ സാന്ത്വന പരിചരണ പ്രവർത്തനങ്ങളിൽ മുന്നോട്ട് കൊണ്ടുവരുന്നതിന്റെ ഭാഗമായി ഇന്ത്യൻ അസോസിയേഷൻ ഓഫ് പാലിയേറ്റീവ് കെയർ(IAPC) കേരളയുമായി സഹകരിച്ച് നടപ്പിലാക്കുന്ന "സ്റ്റുഡന്റ് ഇനിഷ്യേറ്റീവ് ഇൻ പാലിയേറ്റീവ് കെയർ(SIP)" പദ്ധതിയുടെ സംസ്ഥാനതല ശില്പശാല നടത്തി. ശില്പശാലയിൽ വിവിധ ജില്ലകളിൽ നിന്നായി 150 ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു.

## 6) ഏകാരോഗ്യ സമീപനം (One Health Initiative)

- ❖ നവകേരളം കർമ്മ പദ്ധതി 2 - ആർദ്രം മിഷന്റെ ഭാഗമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവുമായി (ആർ.കെ.ഐ) സഹകരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് ഏകാരോഗ്യം. ജന്തുജന്യരോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും അവയുടെ വ്യാപനം സമയബന്ധിതമായി തടയുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനത്തിൽ നിലവിലുള്ള സംവിധാനങ്ങളെ ശക്തിപ്പെടുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.
- ❖ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ പമ്പാനദീതട ജില്ലകളായ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നിവിടങ്ങളിലാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. മൂന്നാം വർഷ പ്രവർത്തനങ്ങളുടെ പ്രൊപോസൽ റീബിൽഡ് കേരള ഇനിഷ്യേറ്റിവിന്റെ ഹൈലെവൽ എംപവേർഡ് കമ്മറ്റി അംഗീകരിക്കുകയും സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.
- ❖ ഏകാരോഗ്യം പദ്ധതി മികച്ച രീതിയിൽ നടപ്പിലാക്കുന്നതിനായി ആരോഗ്യ വകുപ്പിലെയും അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്കുള്ള പരിശീലനങ്ങൾ പൂർത്തിയായി. ഇതിനു മുന്നോടിയായി ഒരു ആസൂത്രണ ശില്പശാലയും ആരോഗ്യ വകുപ്പിലെയും അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്ക് ട്രെയിനിങ് നീഡ്സ് അസ്സസ്സ്മെന്റ് ശിൽപശാലയും സംഘടിപ്പിച്ചിരുന്നു. ഈ ശിൽപശാലകളിൽ ഉരുത്തിരിഞ്ഞു വന്ന ആശയങ്ങളുടെ അടിസ്ഥാനത്തിൽ പരിശീലന മോഡ്യൂൾ, കൈപ്പുസ്തകം എന്നിവ തയ്യാറാക്കിയാണ് പരിശീലനങ്ങൾ നടത്തിയത്.
- ❖ ഏകാരോഗ്യം പദ്ധതിയുടെ മൂന്നാം വർഷ ലക്ഷ്യം ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് പകർച്ചവ്യാധികൾ കണ്ടെത്തുന്നതിനായുള്ള നിരീക്ഷണവും പരിശോധനയും പതിവായി നടത്തുക എന്നതാണ്. ഈ ലക്ഷ്യം നേടിയെടുക്കുന്നതിനായി മനുഷ്യനെ ഗുരുതരമായി ബാധിക്കാവുന്ന രോഗങ്ങളുടെ വ്യാപനം കണ്ടെത്തുന്നതിനും സ്ഥിരീകരിക്കുന്നതിനും ആവശ്യമായ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും വിവിധ വകുപ്പുകൾ സംയോജിതമായി നടത്തേണ്ട പരിശോധനയ്ക്കുള്ള (Joint Outbreak Investigation) പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കി പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ ഫീൽഡുതല പരിശോധനകൾ നടത്തി. ജില്ലകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട പകർച്ചവ്യാധികളുടെ കണക്കുകൾ അടിസ്ഥാനമാക്കിയാണ് ഫീൽഡുതല പരിശോധനകൾ സംഘടിപ്പിച്ചത്. ഫീൽഡുതല പരിശോധനകൾ നിരീക്ഷിക്കുന്നതിനായി സംസ്ഥാനതല ടീമിനെയും നിയോഗിച്ചിരുന്നു. ഓരോ ജില്ലയിലും തിരഞ്ഞെടുത്ത പഞ്ചായത്ത്, രോഗം, ഫീൽഡുതല പരിശോധന നടത്തിയ തീയതി മുതലായവ താഴെ കൊടുത്തിരിക്കുന്നു.

| ജില്ല | ഫീൽഡുതല പരിശോധന നടത്തിയ പഞ്ചായത്ത് | ഫീൽഡുതല പരിശോധനക്ക് തിരഞ്ഞെടുത്ത രോഗം | ഫീൽഡുതല പരിശോധന നടത്തിയ തീയതി |
|---|---|---|---|
| കോട്ടയം | കുമരകം | എലിപ്പനി | 25.09.2024, 26.09.2024 |
| ആലപ്പുഴ | ചേർത്തല സൗത്ത് | പക്ഷിപ്പനി | 26.09.2024 |
| ഇടുക്കി | കുമളി | സ്ക്രബ് ടൈഫസ് (ചെള്ളുപനി) | 30.09.2024 |
| പത്തനംതിട്ട | പ്രമാടം | ജലജന്യ രോഗങ്ങൾ | 30.09.2024 |

- ❖ ഫീൽഡുതല പരിശോധനകൾക്കു മുന്നോടിയായി വകുപ്പ് തല ഏകോപന യോഗങ്ങൾ, പരിശോധനയിൽ പങ്കെടുത്ത ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് പ്രവർത്തന മാർഗ്ഗരേഖ അടിസ്ഥാനമാക്കിയുള്ള പരിശീലനങ്ങൾ മുതലായവയും ജില്ലകളിൽ സംഘടിപ്പിച്ചിരുന്നു.
- ❖ ആദ്യഘട്ടത്തിൽ വിജയകരമായി പൂർത്തിയാക്കാൻ സാധിച്ചതിനെ തുടർന്ന് രാജ്യത്ത് ആദ്യമായി കേരളത്തിൽ എല്ലാ ജില്ലകളിലും സംയോജിത പരിശോധനാ സംവിധാനം നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.
- ❖ ഫീൽഡുതല പരിശോധനകളുടെ കണ്ടെത്തലുകൾ ക്രോഡീകരിച്ച് അതിനനുസൃതമായ മാറ്റങ്ങൾ മാർഗ്ഗരേഖയിൽ വരുത്തി അന്തിമ രൂപത്തിലാക്കുന്നതിനാണ് ലക്ഷ്യം വച്ചു കൊണ്ട് 2024 ഒക്ടോബർ 29 ന് തിരുവനന്തപുരം ജനറൽ ഹോസ്പിറ്റൽ കോമ്പൗണ്ടിലുള്ള Apex Trauma and Emergency Learning Centre (ATELC) ൽ ഒരു സംസ്ഥാന-തല ശില്പശാല സംഘടിപ്പിച്ചു. ജോയിന്റ് ഔട്ട്ബ്രേക് ഇൻവെസ്റ്റിഗേഷന്റെ വിപുലീകരണത്തിനും ഏകാരോഗ്യം പരിപാടിയുടെ നാലാം വർഷ ലക്ഷ്യം നേടിയെടുക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള കമ്മ്യൂണിറ്റി ബേസ്ഡ് സർവെയ്‌ലൻസ് (സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണം) ടൂൾകിറ്റ് പ്രയോഗികമാക്കുന്നതിനും വേണ്ടിയുള്ള പ്ലാനുകളും ശില്പശാലയിൽ തയ്യാറാക്കി.
- ❖ ഏകാരോഗ്യം പദ്ധതി മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി അവശേഷിക്കുന്ന 10 ജില്ലകളിൽക്കൂടി ഏകാരോഗ്യം കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### 7) രോഗ നിവാരണ പ്രവർത്തനങ്ങൾ (Disease elimination)

- ❖ മന്ത്, മലേറിയ, ക്ഷയരോഗം, കാലാ അസാർ തുടങ്ങിയ രോഗങ്ങൾ നിവാരണം ചെയ്യുന്നതിന് വേണ്ടി ഫീൽഡ് തല പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ എല്ലാ ജില്ലകളിലും ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം നൽകിയിട്ടുണ്ട്.
- ❖ ജില്ലകളിലെ ബ്ലോക്ക് പബ്ലിക് ഹെൽത്ത് യൂണിറ്റുകളുടെയും എന്റമോളജി യൂണിറ്റുകളുടെയും രൂപീകരണം നിലവിലെ രോഗ നിവാരണ പ്രവർത്തനങ്ങളെ ശാക്തീകരിക്കാൻ സഹായകമാകും.
- ❖ എറണാകുളം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ മലേറിയ നിവാരണത്തിന്റെ ഭാഗമായുള്ള പ്രീവാലിഡേഷൻ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- ❖ എന്നാൽ 2023ൽ കോഴിക്കോട്, കൊല്ലം, പാലക്കാട്, മലപ്പുറം എന്നിവിടങ്ങളിലും 2024ൽ കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നിവിടങ്ങളിലും തദ്ദേശീയമായ മലേറിയ കേസുകൾ റിപ്പോർട്ട് ചെയ്തു. 2024ൽ സംസ്ഥാനത്താകെ ഇതുവരെ 276 മലേറിയ കേസുകളും 4 മരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. തദ്ദേശീയമല്ലാത്ത കേസുകൾ വർദ്ധിച്ചു വരുന്നതും മലേറിയ വാഹകരായ കൊതുകുകളുടെ എണ്ണം മിക്ക ജില്ലകളിലും വർദ്ധിച്ചു വരുന്നതും സംസ്ഥാനത്തെ മലേറിയ നിവാരണത്തിന് വെല്ലുവിളിയാവുന്നു.
- ❖ കേരളത്തിലെ 11 ജില്ലകളിൽ മന്ത് രോഗം തദ്ദേശീയമായി തന്നെ നിലനിൽക്കുന്നു. കാലാവസ്ഥാ വ്യതിയാനവും രോഗവാഹകരായുള്ള കൊതുകുകളുടെ സാന്നിധ്യവും ഈ രോഗങ്ങളുടെ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് വെല്ലുവിളി സൃഷ്ടിക്കുന്നുണ്ട്. എന്നിരുന്നാലും 2028 ഓടെ മന്ത് രോഗം സംസ്ഥാനത്ത് നിന്നും നിവാരണം ചെയ്യാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. അതിഥി തൊഴിലാളികൾക്കിടയിലും മന്ത് രോഗ നിവാരണത്തിന്റെ ഭാഗമായുള്ള സ്ക്രീനിങ് നടന്നു വരുന്നു.
- ❖ മന്ത് രോഗ നിവാരണ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആയുഷ് വകുപ്പ്, വിവിധ സ്വകാര്യ മേഖലാ സ്ഥാപനങ്ങൾ എന്നിവയുമായുള്ള സഹകരണം ഉറപ്പാക്കി വരുന്നു.
- ❖ കാലാ അസാർ സംസ്ഥാനത്തെ ഹെൽത്ത് ബ്ലോക്കുകളിൽ 10000 പേരിൽ ഒരാളിൽ താഴെ എന്ന രീതിയിൽ മാത്രമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. 2027 ഓടെ സംസ്ഥാനതലത്തിൽ പൂർണമായും നിവാരണം ചെയ്യാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കാലാ അസാറുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലെയും ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലന പരിപാടികളും വെക്ടർ സർവൈലൻസ്

പ്രവർത്തനങ്ങളും നടന്നു വരുന്നു. കാലാ അസാർ റിപ്പോർട്ട് ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ പ്രത്യേക മെഡിക്കൽ ക്യാമ്പുകളും അങ്കണവാടികൾ കേന്ദ്രീകരിച്ച് സർവേകളും നടത്തി വരുന്നു.

- ❖ 2022 ലെ റിപ്പോർട്ട് പ്രകാരം ക്ഷയരോഗം മൂലമുള്ള ഏറ്റവും കുറഞ്ഞ വാർഷിക മരണനിരക്കിൽ രാജ്യത്ത് അഞ്ചാം സ്ഥാനത്താണ് കേരളം.
- ❖ വാർഷിക ആരോഗ്യ പരിശോധനയുടെ ഭാഗമായി ശൈലി രണ്ടാം ഘട്ട സർവേയിൽ ക്ഷയരോഗ സാധ്യതയുള്ളവരെ കണ്ടെത്തി തുടർപരിശോധന ലഭ്യമാക്കുന്നുണ്ട്. ഇതോടൊപ്പം എല്ലാ ജില്ലകളിലും നാഷണൽ ട്യൂബർകുലോസിസ് എലിമിനേഷൻ പ്രോഗ്രാമിന്റെ (NTEP) ഭാഗമായുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.

## 8) സാംക്രമിക രോഗനിയന്ത്രണത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ (Infectious disease Infrastructure)

- ❖ നിലവിൽ സംസ്ഥാനത്തെ 82 സ്ഥലങ്ങളിൽ ഐസോലേഷൻ വാർഡ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.
- ❖ ഇതിൽ 50 സ്ഥലങ്ങളിൽ നിർമ്മാണം പൂർത്തിയാവുകയും അതിൽ 48 സ്ഥലങ്ങളിൽ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

| നിലവിലെ അവസ്ഥ | എണ്ണം |
|---|---|
| ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുത്തവ | 88 |
| നിർമ്മാണം ആരംഭിച്ചവ | 82 |
| നിർമ്മാണം പൂർത്തിയായവ | 50 |
| നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നടന്നവ | 48 |
| നിർമ്മാണം പുരോഗമിക്കുന്നവ | 32 |
| തടസ്സങ്ങളുള്ള സ്ഥലങ്ങൾ | 6 |

## 9) ഹെൽത്തി ലൈഫ് ക്യാമ്പയിൻ

- ❖ മലപ്പുറം ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സമഗ്ര ക്യാൻസർ ജീവിതശൈലീ രോഗ നിയന്ത്രണ പരിപാടിയായ "ആരോഗ്യഭേരി" നല്ല രീതിയിൽ നടന്നു വരുന്നു. മലപ്പുറം ജില്ലയെ സമ്പൂർണ്ണ ആരോഗ്യ സുരക്ഷിത ജില്ലയാക്കുക, സമ്പൂർണ്ണ ക്യാൻസർ നിയന്ത്രിത ജില്ലയാക്കുക, സമ്പൂർണ്ണ ജീവിതശൈലീ രോഗ നിർണയ/നിയന്ത്രിത ജില്ലയാക്കുക, ആധുനിക രോഗനിർണയത്തിലും ക്യാൻസർ-ജീവിതശൈലീ രോഗങ്ങൾ എന്നിവയുടെ ചികിത്സാ സംവിധാനങ്ങളിലും സ്വയം പര്യാപ്ത ജില്ലയാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.
- ❖ കോഴിക്കോട് ജില്ലയിൽ സമഗ്ര ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയായ "ജീവതാളം" ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിക്കുന്നു. ക്യാമ്പയിന്റെ ഭാഗമായി ആരോഗ്യകരമായ ഭക്ഷണരീതിയും ഭക്ഷണ സംസ്കാരവും പ്രോൽസാഹിപ്പിക്കുക, കൃഷി പ്രോൽസാഹിപ്പിക്കുക, വ്യായാമവും മറ്റ് ജീവിതശൈലീ മാറ്റങ്ങളും പ്രോൽസാഹിപ്പിക്കുക, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ എന്നീ പ്രവർത്തനങ്ങൾ നടന്നു.
- ❖ കോഴിക്കോട് ജില്ലയിൽ ഹരിതകേരള മിഷനും ആർദ്രം മിഷനും സംയുക്തമായി ഹരിതകർമ്മസേന അംഗങ്ങൾക്ക് വേണ്ടി സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പ് 2023 നവംബർ മാസത്തിൽ ആരംഭിച്ചു. 70 ഗ്രാമ പഞ്ചായത്തുകളിലും ആരോഗ്യ പരിശോധന നടന്നു വരുന്നു. 19 ഗ്രാമ പഞ്ചായത്തുകളിൽ പരിശോധന പൂർത്തിയാക്കി.
- ❖ ഇടുക്കി ജില്ലയിൽ "ആരോഗ്യജീവനം" ഹെൽത്തി ലൈഫ് ക്യാമ്പയിൻ ദേവിയാർ കോളനി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചു.
- ❖ വയനാട് ജില്ലയിൽ ആർദ്രം മിഷന്റെ നേതൃത്വത്തിൽ വിദ്യാകിരണം, ഹരിതകേരളം മിഷനുകളുടെ സഹകരണത്തോടെ ആർദ്ര വിദ്യാലയം – ഹെൽത്തി ലൈഫ് ക്യാമ്പയിൻ എന്ന പേരിൽ വിദ്യാലയങ്ങളിൽ ആരോഗ്യകരമായ ഭക്ഷണശീലം, ലഹരി വർജ്ജനം, ശുചിത്വം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുവാനുള്ള ക്യാമ്പയിൻ നടന്നു വരുന്നു.

❖ വയനാട് ജില്ലയിൽ ഹരിത കേരളം മിഷനും ആർദ്രം മിഷനും സംയുക്തമായി നടത്തുന്ന "ഹരിതം ആരോഗ്യം" ജില്ലാതല പരിപാടി ആരംഭിച്ചു. സംസ്ഥാനത്തെ മുഴുവൻ ഹരിത കർമ സേനാംഗങ്ങൾക്കും ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി നടക്കുന്നത്. കൊല്ലം ജില്ലയിലും ഹരിത കർമ സേനാംഗങ്ങൾക്കുള്ള ആരോഗ്യ പരിശോധന ക്യാമ്പ് ആരംഭിച്ചു. പത്തനംതിട്ട ജില്ലയിൽ ഇതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## 10) ഇന്റഗ്രേറ്റഡ് മെഡിസിനും ഗവേഷണവും (Integrated Medicine & Research)

❖ ആരോഗ്യ വകുപ്പിലെ ഗവേഷണ പദ്ധതികൾക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് SHSRC യിൽ എത്തിക്കൽ കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചു.

❖ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് (IAV), രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി (RGCB), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി (NIV), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജീനോമിക്സ് ആൻഡ് ഇന്റഗ്രേറ്റീവ് ബയോളജി (IGIB) തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ആരോഗ്യ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു.

❖ ആരോഗ്യ വകുപ്പിലെ ഡോക്ടർമാരിൽ നിന്ന് പൊതുജനാരോഗ്യത്തിൽ ബിരുദാനന്തര ബിരുദമുള്ളവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഇവരെ കൂടി ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിൽ ഗവേഷണങ്ങൾ നടത്താൻ താല്പര്യമുള്ളവർക്ക് പരിശീലനം നൽകി ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

❖ സംസ്ഥാനത്തെ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, അക്കാദമികവും മെഡിക്കൽ ഗവേഷണപരവുമായ പ്രവർത്തനങ്ങൾ നടത്തുക, നയരൂപീകരണത്തിന് സർക്കാരിനെ സഹായിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻ നിർത്തിക്കൊണ്ട് സംസ്ഥാനത്ത് സെന്റർ ഫോർ ഡിസീസ് കൺട്രോൾ - കേരള (CDC -K) എന്ന സ്ഥാപനം രൂപീകരിക്കുന്നതിന് അനുമതി നൽകുകയും, പ്രാരംഭ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തു.

❖ SHSRC യുടെ നേതൃത്വത്തിൽ ജീവിതശൈലീ രോഗങ്ങൾ, സാന്ത്വന പരിചരണം, മാനസികാരോഗ്യം, വയോജന ആരോഗ്യം, പകർച്ചവ്യാധി പ്രതിരോധം മുതലായ മേഖലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

❖ ആർദ്രം മിഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാർക്കും ജനപ്രതിനിധികൾക്കും വിവിധ തലത്തിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. MLSP (Mid-Level Service Providers) കളുടെ പരിശീലന പ്രവർത്തനങ്ങൾക്കുള്ള നോഡൽ ഏജൻസി ആയും SHSRC പ്രവർത്തിക്കുന്നു. ഇതിന്റെ ഭാഗമായി പരിശീലന സഹായികളും പരീക്ഷാ സാമഗ്രികളും തയ്യാറാക്കുകയും വിദഗ്ധ പരിശീലകരെ കണ്ടെത്തുകയും ചെയ്തു.

❖ കേരളത്തിൽ ഒന്നിലധികം തവണ നിപ രോഗ ബാധ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള പ്രത്യേക സാഹചര്യവും, നിപയും പക്ഷിപ്പനിയും ഉൾപ്പെടെ മഹാമാരികളാകാൻ സാധ്യതയുള്ള വൈറസുകളുടെ വ്യാപനവും കണക്കിലെടുത്ത്, ഇത്തരം മഹാമാരികളാകാൻ സാധ്യതയുള്ള വൈറസുകളെപ്പറ്റി ഏകാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ഗവേഷണ സ്ഥാപനങ്ങളുമായും സർക്കാർ വകുപ്പുകളുമായും യോജിച്ചുകൊണ്ട് പഠന ഗവേഷണ പ്രവർത്തനങ്ങൾ നടത്തുക, ഇത്തരം രോഗങ്ങൾക്കെതിരെ സാമൂഹിക പ്രതിരോധം വളർത്തുക തുടങ്ങിയവയ്ക്ക് നേതൃത്വം നൽകുന്നതിനായി കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് & റസിലിയൻസ് എന്ന സ്ഥാപനം കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രവർത്തനം ആരംഭിക്കുകയും നോഡൽ ഓഫീസറെ നിയമിക്കുകയും ചെയ്തു.

❖ SHSRC യുടെ നേതൃത്വത്തിൽ ആർദ്രം മിഷനുമായി ബന്ധപ്പെട്ടും മറ്റ് ഗവേഷണ വിഷയങ്ങളിലും വിവിധ തരം വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചു.

❖ ആയുർവേദത്തിലെ അറിവുകളെ നൂതന – ജൈവ- സാങ്കേതിക വിദ്യകളുടെ വെളിച്ചത്തിൽ വിശാലമായ പഠന ഗവേഷണ പ്രവർത്തനങ്ങളിലൂടെ കൂടുതൽ തെളിവധിഷ്ഠിതമാക്കി പൊതുജനാരോഗ്യ രംഗത്ത് ഏറ്റവും കാര്യക്ഷമമായി ഉപയോഗിക്കുക എന്ന ഉദ്ദേശ്യ

ലക്ഷ്യത്തോടുകൂടി, കിഫ്ബിയുടെ സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി, കണ്ണൂരിൽ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം (IRIA) സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയുമാണ്.

- ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ്, സ്കൂൾ ഓഫ് പബ്ലിക് ഹെൽത്ത്, ആരോഗ്യ സർവ്വകലാശാല, എസ്.എച്ച്.എസ്.ആർ.സി, എസ്.ബി.എം.ആർ തുടങ്ങിയ സ്ഥാപനങ്ങളുടെ മേധാവികളുമായി ആരോഗ്യമേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് യോഗം ചേരുകയും ഇത് സംബന്ധിച്ച് തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്.
- കോഡ് ഗ്രേ പ്രോട്ടോക്കോളുമായി ബന്ധപ്പെട്ട് 2024 ജൂലൈ 2 ന് പ്രാഥമിക യോഗം നടത്തുകയും കോഡ് ഗ്രേ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന-തല റിസോഴ്സ് ഗ്രൂപ്പിലെ അംഗങ്ങളെ തിരഞ്ഞെടുക്കുകയും ചെയ്തു. ഈ അംഗങ്ങളുടെ കരട് പട്ടിക തുടർ അവലോകനത്തിനായി തയ്യാറാക്കിയിട്ടുണ്ട്.
- നിലവിൽ SHSRC യുടെ ആഭിമുഖ്യത്തിൽ 34 ഓളം ഗവേഷണങ്ങൾ നടന്നു വരുന്നു. ഇതിൽ 7 എണ്ണത്തിന്റെ റിപ്പോർട്ട് പൂർത്തിയായി, 8 എണ്ണത്തിന്റെ ഡാറ്റാ അനാലിസിസ് പുരോഗമിക്കുന്നു, 10 എണ്ണത്തിന്റെ വിവരശേഖരണം പൂർത്തിയായി. മറ്റുള്ളവ വിവരശേഖരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇത് കൂടാതെ ഐ.സി.എം.ആർ-ന്റെ ധനസഹായത്തോടെ 5 ഗവേഷണങ്ങളും KSACS/NACO യുടെ ധനസഹായത്തോടെ 6 ഗവേഷണങ്ങളും നടന്നു വരുന്നു.

## കുടുംബാരോഗ്യ കേന്ദ്രം - പ്രവർത്തന പുരോഗതി

- ആർദ്രം മിഷൻ വിഭാവനം ചെയ്യുന്ന സേവനങ്ങൾ ഉറപ്പാക്കുന്നതിനായി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കുറഞ്ഞത് 3 മെഡിക്കൽ ഓഫീസർമാർ, 4 നഴ്സിംഗ് ഓഫീസർമാർ, 2 ഫാർമസിസ്റ്റുമാർ, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ നിലവിൽ 100 (14%) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമാണ് മിഷൻ വിഭാവനം ചെയ്യുന്ന രീതിയിലുള്ള എല്ലാ തസ്തികകളും നിലവിലുള്ളത്.
- സംസ്ഥാനത്ത് 481 (69%) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമാണ് 3 മെഡിക്കൽ ഓഫീസർമാരെങ്കിലും ഉള്ളത്. 132 (19%) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമാണ് നാല് നഴ്സിംഗ് ഓഫീസർമാരെങ്കിലും ഉള്ളത്. 499 (71%) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമാണ് 2 ഫാർമസിസ്റ്റുമാരെങ്കിലും ഉള്ളത്. 646 (92%) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമാണ് ഒരു ലാബ് ടെക്നീഷ്യനെങ്കിലും ഉള്ളത്.
- എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഒരു ഡോക്ടർ, ഒരു പാരാ മെഡിക്കൽ സ്റ്റാഫ് എന്നിവരെ നിയമിക്കാൻ ഉത്തരവുണ്ടെങ്കിലും സെപ്റ്റംബർ മാസത്തെ കണക്ക് പ്രകാരം 167 സ്ഥാപനങ്ങളിൽ ഒരു നിയമനം പോലും നടത്തിയിട്ടില്ല.
- കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ഒപി സേവനങ്ങൾ ലഭ്യമാക്കേണ്ടതാണെങ്കിലും 214 (31%) സ്ഥാപനങ്ങളിൽ ഉച്ചയ്ക്ക് ശേഷം ഒപി പ്രവർത്തിക്കുന്നില്ല. ഇതിൽ 39 സ്ഥാപനങ്ങളിൽ മൂന്ന് മെഡിക്കൽ ഓഫീസർമാരെങ്കിലുമുണ്ട്.
- കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സെപ്റ്റംബർ മാസം ചികിത്സ തേടിയ വ്യക്തികളിൽ 69% പേർക്ക് മാത്രമാണ് പ്രീചെക്ക് സേവനം ലഭിച്ചത്.
- 214 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിലവിൽ ശ്വാസ് ക്ലിനിക് സേവനം ലഭ്യമല്ല. ഇതിൽ 24 സ്ഥാപനങ്ങളിൽ നാല് നഴ്സിംഗ് ഓഫീസർമാരെങ്കിലും ഉണ്ട്.
- 199 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിലവിൽ ആശ്വാസം ക്ലിനിക് സേവനം ലഭ്യമല്ല. ഇതിൽ 23 സ്ഥാപനങ്ങളിൽ നാല് നഴ്സിംഗ് ഓഫീസർമാരെങ്കിലും ഉണ്ട്.
- 487 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിലവിൽ ഇ ഹെൽത്ത് സേവനങ്ങൾ ലഭ്യമാണ്.

# മോണിറ്ററിങ് & ഇവാല്യുവേഷൻ

- 2023 ജൂലൈ 26ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഹരിത കേരളം മിഷൻ, ലൈഫ് മിഷൻ എന്നിവയുടെ സംസ്ഥാനതല അവലോകന യോഗ നിർദേശപ്രകാരം രണ്ടു മാസത്തിലൊരിക്കൽ കളക്ടർമാർ നേരിട്ടു ജില്ലാതല ഉദ്യോഗസ്ഥരുടെ അവലോകന യോഗം വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചു.
- നവകേരളം കർമപദ്ധതിയിൽ ഉൾപ്പെട്ട വിവിധ മിഷനുകളുടെ പദ്ധതികൾ അതാത് മിഷൻ തലത്തിൽ നിലവിൽ അവലോകനം നടത്തുന്നുണ്ട്. ഹരിത കേരളം മിഷൻ നടപ്പിലാക്കുന്നതും ഭാഗഭാക്കാവുന്നതുമായ വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തൽ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും ഓരോ മാസവും നടത്തുന്നുണ്ട്.
- മറ്റു മിഷനുകളുടെ പദ്ധതികൾ അതാത് മിഷനുകൾ അവലോകനം നടത്തുന്നുണ്ട്. ഈ മിഷനുകളുടെ റിപ്പോർട്ടുകൾ പ്രതിമാസ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എല്ലാ മാസവും എല്ലാ ജില്ലകളിലും ഹരിതകേരളം, ആർദ്രം, ലൈഫ്, വിദ്യാകിരണം എന്നീ മിഷനുകളുടെ ജില്ലാ കോർഡിനേറ്റർമാർ വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

## ഒക്ടോബർ മാസത്തെ പ്രവർത്തനങ്ങൾ

- ഒക്ടോബർ മാസം തദ്ദേശ സ്ഥാപനതലത്തിലുള്ള മിഷൻ യോഗങ്ങൾ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നടത്തിയിട്ടുണ്ട്. ഒക്ടോബർ മാസം വരെ കൂടിയ മിഷൻ യോഗങ്ങൾ ഉൾപ്പെടെ ആകെ 1346 മിഷൻ യോഗങ്ങൾ തദ്ദേശ സ്ഥാപനങ്ങളിൽ നിലവിൽ കൂടിയിട്ടുണ്ട്.
- ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയതും ഭാഗഭാക്കായതുമായ 4378 യോഗങ്ങൾ ഒക്ടോബർ മാസം നടന്നിട്ടുണ്ട്. ഹരിത ഓഫീസിനായി 711 യോഗങ്ങളും, മാലിന്യസംസ്കരണ പ്രവർത്തങ്ങൾക്കായി 397 യോഗങ്ങളും, ഹരിത സ്ഥാപനങ്ങൾക്കായി 711 യോഗങ്ങളും, ഹരിത ടൂറിസത്തിനായി 86 യോഗങ്ങളും, ഹരിത വിദ്യാലയങ്ങൾക്കും കലാലയങ്ങൾക്കുമായി 839 യോഗങ്ങളും, ഹരിത അയൽകൂട്ടമായി ബന്ധപ്പെട്ട് 353 യോഗങ്ങളും, ജല ബജറ്റിനായി 28 യോഗങ്ങളും, നെറ്റ് സീറോ പ്രവർത്തനങ്ങൾക്കായി 27 യോഗങ്ങളും, കൃഷി മേഖലയുമായി ബന്ധപ്പെട്ട് 90 യോഗങ്ങളും, ഗ്രീൻ പ്രോട്ടോക്കോളിനായി 44 യോഗങ്ങളും, മാതൃകാ തദ്ദേശസ്ഥാപനങ്ങൾക്കായി 20 യോഗങ്ങളും കൂടിയതാണ് ഇതിൽ പ്രധാനം.
- ഹരിത കേരളം മിഷന്റെ പതിനഞ്ചിൽ അധികം പ്രവർത്തനങ്ങൾക്കായി 99 ജില്ലാ തല യോഗങ്ങളും 325 ബ്ലോക്ക് തല യോഗങ്ങളും കൂടിയിട്ടുണ്ട്. 2619 തദ്ദേശ സ്വയംഭരണ യോഗങ്ങളും 1335 സ്ഥാപനതല യോഗങ്ങളും ഈ പ്രവർത്തനങ്ങൾക്കായി ഒക്ടോബർ മാസത്തിൽ കൂടിയിട്ടുണ്ട്.
- വിവിധ യോഗങ്ങളിൽ 11127 ജനപ്രതിനിധികളും 17341 ഉദ്യോഗസ്ഥരും, 30547 സാങ്കേതിക പ്രവർത്തകരും ഉൾപ്പെടെ ആകെ 59015 പേർ ഒക്ടോബർ മാസത്തിൽ പങ്കെടുത്തിട്ടുണ്ട്.
- വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങൾക്കായി ഹരിത കേരളം മിഷൻ 6 ശിൽപ്പശാലകൾ നടത്തുകയും ആയതിൽ 428 പേർ പങ്കെടുക്കുകയും ചെയ്തു.
- ഹരിത കേരളം മിഷൻ 36 പരിശീലനങ്ങൾ ഒക്ടോബർ മാസത്തിൽ നടത്തിയിട്ടുണ്ട്. ഈ പരിശീലനങ്ങളിൽ 1691 പേർ ഭാഗമായിട്ടുണ്ട്.
- വിവിധ മിഷൻ പ്രവർത്തനങ്ങൾക്കായി ഒക്ടോബർ മാസത്തിൽ 28919 ഫീൽഡ് തല ഇടപെടലുകൾ ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയിട്ടുണ്ട്. 212392 പേരുടെ ജനപങ്കാളിത്തം നാടിന്റെ വികസന പ്രവർത്തങ്ങൾക്കായി ഒക്ടോബർ മാസത്തിൽ വിനിയോഗിക്കാൻ മിഷന് കഴിഞ്ഞിട്ടുണ്ട്.

| ഹരിത കേരളം മിഷൻ പദ്ധതികളുടെ പ്രതിമാസ പ്രവർത്തനങ്ങളുടെ ജില്ലാ സംഗ്രഹം -ഒക്ടോബർ | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| സ്കീം/പ്രവർത്തിയുടെ പേര് | ഈ മാസം നടന്ന യോഗം (എണ്ണം) | | | | | | യോഗങ്ങളിലെ പങ്കാളിത്തം | | | | ഈ മാസം നടന്ന ഉദ്ഘാടനങ്ങൾ | | ഈ മാസം നടന്ന ശിൽപ്പശാലകൾ | | ഈ മാസം മിഷൻ നൽകിയ പരിശീലനങ്ങൾ | | ഈ മാസം മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | ഈ മാസം നടന്ന സന്നദ്ധപ്രവർത്തനങ്ങളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജില്ലാ തലം | ബ്ലോക്ക് തലം | ഗ്രാമപഞ്ചായത്തുതലം | നഗരസഭാ / കോർപറേഷൻ തലം | സ്ഥാപന തലം | ആകെ | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | | |
| കളക്ടറുടെ ജില്ലാ യോഗം | 5 | 0 | 0 | 0 | 0 | 5 | 23 | 131 | 21 | 175 | 0 | 0 | 0 | 0 | 0 | 0 | 10 | 0 | 19 |
| ജില്ലാ മിഷൻ യോഗം (ജില്ലാ പഞ്ചായത്തു പ്രസി:) | 1 | 0 | 0 | 0 | 0 | 1 | 3 | 10 | 0 | 13 | 0 | 0 | 0 | 0 | 0 | 0 | 4 | 0 | 0 |
| തദ്ദേശ മിഷൻ യോഗം | 0 | 0 | 1 | 0 | 0 | 1 | 4 | 12 | 6 | 18 | 0 | 0 | 0 | 0 | 0 | 0 | 7 | 0 | 0 |
| മാലിന്യ സംസ്കരണം | 12 | 53 | 300 | 23 | 9 | 397 | 1167 | 2115 | 3911 | 6828 | 244 | 18393 | 2 | 135 | 4 | 150 | 1197 | 313 | 10580 |
| ഹരിത വിദ്യാലയം, ഹരിത കലാലയം | 7 | 31 | 254 | 55 | 492 | 839 | 1409 | 3388 | 5017 | 9770 | 62 | 5712 | 2 | 167 | 4 | 259 | 3342 | 185 | 6165 |
| ഹരിത ഓഫീസ് | 6 | 27 | 264 | 75 | 339 | 711 | 1091 | 2352 | 1595 | 4990 | 49 | 4961 | 0 | 0 | 2 | 94 | 6438 | 100 | 9300 |
| ഹരിത ടൂറിസം | 10 | 8 | 46 | 6 | 16 | 86 | 206 | 492 | 294 | 978 | 8 | 1665 | 0 | 0 | 0 | 0 | 602 | 37 | 3649 |
| മാപത്തോൺ | 0 | 3 | 7 | 0 | 0 | 10 | 19 | 17 | 25 | 61 | 0 | 0 | 0 | 0 | 0 | 0 | 39 | 0 | 34 |
| ജല ബജറ്റ് | 3 | 5 | 20 | 0 | 0 | 28 | 111 | 234 | 409 | 741 | 0 | 0 | 0 | 0 | 0 | 0 | 174 | 0 | 140 |
| നീരുറവു | 1 | 5 | 11 | 0 | 0 | 17 | 39 | 120 | 125 | 280 | 0 | 0 | 1 | 70 | 0 | 0 | 103 | 0 | 171 |
| നീരുറവ്/ജലബജറ്റ് സാങ്കേതിക സമിതി യോഗം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 9 | 0 | 5 |
| നെറ്റ് സീറോ കാർബൺ | 1 | 2 | 19 | 0 | 2 | 24 | 49 | 76 | 301 | 424 | 1 | 80 | 0 | 0 | 4 | 180 | 145 | 1 | 359 |
| നെറ്റ് സീറോ കാർബൺ - കോർഗ്രൂപ് യോഗം | 0 | 1 | 2 | 0 | 0 | 3 | 4 | 8 | 12 | 24 | 0 | 0 | 0 | 0 | 0 | 0 | 16 | 0 | 31 |
| ഹരിത സമൃദ്ധി വാർഡ് / തരിശു രഹിത ഗ്രാമം | 1 | 4 | 21 | 1 | 1 | 28 | 73 | 89 | 232 | 368 | 15 | 564 | 0 | 0 | 0 | 0 | 106 | 7 | 395 |
| പച്ചത്തുരുത്തു | 0 | 5 | 25 | 10 | 8 | 48 | 109 | 171 | 358 | 637 | 11 | 1291 | 0 | 0 | 0 | 0 | 200 | 5 | 486 |
| ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ | 0 | 4 | 26 | 7 | 7 | 44 | 131 | 133 | 485 | 722 | 1 | 100 | 0 | 0 | 4 | 221 | 217 | 4 | 3965 |
| തനതു പ്രവർത്തനം | 2 | 6 | 7 | 1 | 3 | 19 | 81 | 167 | 159 | 407 | 11 | 2600 | 0 | 0 | 2 | 54 | 161 | 37 | 1010 |
| പാറക്വാറി പ്രവർത്തനങ്ങൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 29 | 0 | 41 |
| ജലഗുണനിലവാര ലാബ് | 1 | 3 | 6 | 2 | 2 | 14 | 16 | 67 | 35 | 118 | 1 | 63 | 0 | 0 | 1 | 110 | 144 | 3 | 303 |
| നീലക്കുറിഞ്ഞി | 0 | 0 | 0 | 0 | 1 | 1 | 0 | 5 | 2 | 7 | 0 | 0 | 0 | 0 | 0 | 0 | 3 | 0 | 35 |
| മാതൃകാ തദ്ദേശസ്ഥാപനങ്ങൾ | 0 | 2 | 13 | 1 | 4 | 20 | 67 | 55 | 54 | 151 | 0 | 0 | 0 | 0 | 0 | 0 | 59 | 0 | 292 |
| തെങ്ങിന് തടം മണ്ണിന് ജലം | 0 | 3 | 11 | 0 | 0 | 14 | 41 | 47 | 333 | 400 | 3 | 0 | 0 | 0 | 0 | 0 | 67 | 0 | 109 |
| മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ | 42 | 112 | 586 | 77 | 312 | 1129 | 4291 | 5481 | 8911 | 18502 | 13393 | 506669 | 1 | 56 | 1 | 55 | 12936 | 9457 | 165852 |
| ഹരിത അയൽക്കൂട്ടം | 4 | 23 | 297 | 28 | 1 | 353 | 909 | 1317 | 6057 | 8194 | 4 | 243 | 0 | 0 | 14 | 568 | 1759 | 4 | 5986 |
| ഹരിത ടൗണുകൾ, പൊതുസ്ഥലങ്ങൾ | 3 | 28 | 372 | 45 | 138 | 586 | 1284 | 854 | 2205 | 4145 | 97 | 3827 | 0 | 0 | 0 | 0 | 1152 | 320 | 3465 |
| ആകെ | 99 | 325 | 2288 | 331 | 1335 | 4378 | 11127 | 17341 | 30547 | 57953 | 13900 | 546168 | 6 | 428 | 36 | 1691 | 28919 | 10473 | 212392 |